# കത്തോലിക്കാസഭ

The Monthly Newspaper in Malayalam from the Archdiocese of Trichur

സത്യം നിങ്ങളെ സ്വതന്ത്രരാക്കും

03 മാർച്ച് 2023
Established: 1977

പുസ്തകം 47 | ലക്കം 03
പേജ് 12 | വില: 4.25 | * T
www.catholicasabha.org
www.catholicasabha.org/e_paper
catholicasabha@gmail.com
fb.com/catholicasabhanews

RNI. No. 29451/1977
Registered - KL/TCR/274/2021-2023
Licence No. KL/CR/TCR/WPP-07/2021-23
Licensed to Post Without Prepayment
Date of Publication: 01.03.2023




പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വ്രതാരംഭ കൂട്ടായ്മക്ക് ബിഷപ് മാർ ടോണി നീലങ്കാവിൽ നേതൃത്വം നൽകുന്നു.

# പാലയൂർ മഹാതീർത്ഥാടനം മാർച്ച് 26ന്



തൃശൂർ: അതിരൂപതയുടെ 26-ാമത്പാലയൂർ മഹാതീർത്ഥാടനം മാർച്ച് 26ന് നടക്കും. കഴിഞ്ഞ വർഷത്തെപ്പോലെ ഇത്തവണയും രണ്ട് ഘട്ടങ്ങളിലായാണ് തീർത്ഥാടനം. ആദ്യഘട്ടം രാവിലെ 4 മണിക്ക് ലൂർദ്ദ് കത്തീഡ്രലിൽ ദിവ്യബലിയും തുടർന്ന് 5 മണിയോടെ മുഖ്യ പദയാത്രയും ആരംഭിക്കുന്നു. ഇത് 11 മണിയോടെ പാലയൂർ തീർത്ഥകേന്ദ്രത്തിൽ എത്തിച്ചേരുന്നു. മേഖലാ പദയാത്രകളും ഇതേ രീതിയിലാണ്. രണ്ടാം ഘട്ടം പാവറട്ടി തീർത്ഥകേന്ദ്രത്തിൽ നിന്ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 4 മണിയോടെ പാലയൂരിൽ എത്തിച്ചേരുന്നു. പാലയൂർ ഫൊറാനയിലെയും മറ്റു സമീപ ഫൊറാനകളിലെ ഇടവകകളിൽ നിന്നും പാലയൂരിലേക്ക് 4 മണിയോടെ നേരിട്ട് എത്താവുന്ന ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. തീർത്ഥകേന്ദ്രത്തിൽ രാവിലെ മുതൽ ഓരോ മണിക്കൂറിലും ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. രാവിലെ മുതൽ തീർത്ഥകേന്ദ്രത്തിലെത്തുന്ന തീർത്ഥാടകർക്ക് നേർച്ച കഞ്ഞി നൽകുന്നതാണ്. വെള്ളിയാഴ്ചകളിൽ ജാഗരണ തീർത്ഥാടന പദയാത്രകളും പ്രാർത്ഥനകളും ഉണ്ടാവും.തൃശൂർ വ്യാകുല മാതാവിൻ ബസലിക്കയിൽ നിന്നാരംഭിക്കുന്ന മുഖ്യജാഗരണ പദയാത്രയും അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നാരംഭിക്കുന്ന പദയാത്രകളും വെള്ളിയാഴ്ച രാത്രി 9 മുതൽ ശനിയാഴ്ച പുലർച്ച 4 വരെയുള്ള സമയങ്ങളിൽ തീർത്ഥകേന്ദ്രത്തിലെത്തി ചേരുന്നു. മഹാതീർത്ഥാടനത്തിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള പാലയൂർ കൺവെൻഷൻ മാർച്ച് 15 മുതൽ 19 വരെ നടത്തും. പോട്ട ധ്യാനകേന്ദ്രത്തിലെ ഫാ മാത്യു നായ്ക്കാംപറമ്പിൽ വി.സി., ഫാ.ജോർജ്ജ് പനക്കൽ വി.സി. എന്നിവരുടെ ടീമാണ് കൺവെൻഷൻ നയിക്കുന്നത്. വൈകുന്നേരം 5 മുതൽ 9 വരെയാണ് കൺവെൻഷൻ. മഹാതീർത്ഥാടനത്തിന്റെ വിജയത്തിനായി മോൺ. ജോസ് വല്ലൂരാൻ ചെയർമാനും ആർച്ച് പ്രീസ്റ്റ് റവ ഡോ.ഡേവിസ് കണ്ണമ്പുഴ വർക്കിംഗ് ചെയർമാനും ഫാ. വർഗീസ് എടക്കളത്തൂർ ജനറൽ കൺവീനറും ഫാ ജോസഫ് വൈക്കാടൻ അസി ജനറൽ കൺവീനറായും ബിജു മുട്ടത്ത് സെക്രട്ടറിയുമായുള്ള കമ്മിറ്റി അതിരൂപതാതലത്തിൽ പ്രവർത്തിച്ചുവരുന്നു.

## ആരാധനാലയങ്ങൾ ഭരിക്കാൻ

# രാഷ്ട്രീയക്കാർ വേണ്ട

**സ്വന്തം ലേഖകൻ**

തൃശൂർ: ആരാധനാലയങ്ങളുടെ നടത്തിപ്പിൽ രാഷ്ട്രീയക്കാരുടെ നുഴഞ്ഞുകയറ്റത്തിന് തടയിട്ട് ഹൈക്കോടതി. മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ട്രസ്റ്റികളായി സജീവരാഷ്ട്രീയ പ്രവർത്തകരെ ഭാരവാഹികളായി നിയമിക്കരുതെന്ന ഹൈക്കോടതിവിധി കേരളത്തിലെ ആരാധനാലയ കമ്മിറ്റികളിൽ രാഷ്ട്രീയക്കാർ നുഴഞ്ഞുകയറുന്നതിന് എതിരായ വിധിയായി മാറും. ധാർമികതയ്ക്ക് നിരക്കാത്ത കേസുകളിൽപ്പെട്ടവരും ട്രസ്റ്റികളായി നിയമിക്കപ്പെടരുതെന്നാണ് കോടതിയുടെ മുന്നറിയിപ്പ്. യോഗ്യരല്ലാത്തവർ, വിശ്വാസയോഗ്യരല്ലാത്തവർ, ക്രിമിനൽ കേസുകളുടെ പശ്ചാത്തലം മറച്ചുവയ്ക്കുന്നവർ എന്നിവരും ക്ഷേത്രങ്ങളിലെ കമ്മിറ്റികളിൽ കയറിക്കൂടരുതെന്നാണ് ഹൈക്കോടതിയുടെ വിലക്ക്.

ഒറ്റപ്പാലം പൂക്കോട് കാളികാവ് ക്ഷേത്രത്തിൽ സി.പി.എം. - ഡി.വൈ.എഫ്.ഐ. പ്രാദേശിക നേതാക്കളെ പാരമ്പര്യേതര ട്രസ്റ്റികളായി നിയമിച്ചതിനെതിരേയാണ് ഹൈക്കോടതിയിൽ കേസ് വന്നത്. കമ്യൂണിസ്റ്റ് പാർട്ടി മതവിശ്വാസത്തിനെതിരേ പ്രവർത്തിക്കുന്നില്ല എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അവരുടെ അടിസ്ഥാനപ്രമാണമായ വൈരുദ്ധ്യാത്മക ഭൗതികവാദം അതിനാൽത്തന്നെ ദൈവനിഷേധവും മതനിരാസവുമാണ്. ഇവർ മാത്രമല്ല, മറ്റ് നിരീശ്വരവാദികളും വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്നുണ്ട്. നിരീശ്വരവാദികൾ ആരാധനായലങ്ങളുടെ ഭരണത്തിൽ കയറിക്കൂടുന്നത് വിശ്വാസികളോടുള്ള വഞ്ചനയും കബളിപ്പിക്കലുമാണ്. മാത്രമല്ല, ധാർമികതയ്ക്കു നിരക്കാത്ത അരുംകൊലകളിൽപോലും വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പങ്ക് പരസ്യമാണ്. സ്വന്തം പാർട്ടിയുടെ പിന്തുണയോടെ അരങ്ങേറുന്ന ഇത്തരം കൃത്യങ്ങളെ സജീവപ്രവർത്തകർ എന്ന നിലയിൽ പലർക്കും പിന്തുണയ്ക്കേണ്ടിവരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ വിശ്വാസികളുടെ കേന്ദ്രമായ ആരാധനാലയ കമ്മിറ്റികളിൽ സജീവരാഷ്ട്രീയക്കാരെ തടയണമെന്ന ഹൈക്കോടതിയുടെ ഉത്തരവ് വളരെ പ്രസക്തിയുള്ളതാണ്.

ക്ഷേത്ര കമ്മിറ്റികളിലേക്കുള്ള അപേക്ഷകർ ഭക്തരും അനുഷ്ഠാനങ്ങൾ പാലിക്കുന്നവരും ക്ഷേത്രപുരോഗതിയിൽ തത്പരരും ആകണമെന്ന നേരത്തെയുള്ള നിബന്ധനയിൽ വെള്ളം ചേർക്കരുതെന്നാണ് ഹൈക്കോടതിയുടെ വിധിയിൽ പറയുന്നത്. ഏത് ആരാധനാലയങ്ങളുടെയും കമ്മിറ്റികളിലായാലും വിശ്വാസികൾ മാത്രമേ ഇത്തരം ഭരണസമിതികളിലെത്താവൂ എന്നാണ് കോടതിവിധി സൂചിപ്പിക്കുന്നത്.

മതവിഭാഗങ്ങളുടെ വോട്ടുബാങ്കുകളെ സ്വാധീനിക്കാനും മതസ്ഥാപനങ്ങളുടെ സ്വത്തുവകകൾ പാർട്ടി താൽപര്യങ്ങൾക്കനുസരിച്ച് വിനിയോഗിക്കാനുമാണ് മതസ്ഥാപനങ്ങളുടെ ഭരണത്തിൽ രാഷ്ട്രീയക്കാരുടെ നുഴഞ്ഞുകയറ്റങ്ങളെന്ന് വിശ്വാസികൾക്കിടയിൽ തിരിച്ചറിവു വന്നിട്ടുണ്ട്. രാഷ്ട്രീയക്കാരുടെ ഭരണം സഭാ സ്ഥാപനങ്ങളെ നശിപ്പിക്കുമെന്നതുകൊണ്ടാണ് 'ചർച്ച് ആക്ട്' പോലുള്ള നിയമനിർമാണങ്ങളെ കത്തോലിക്കാസഭ ശക്തമായി എതിർത്തുവന്നിരുന്നത്. സഭയുടെ നിലപാടിന് പിന്തുണ ലഭിക്കുന്നതാണ് ഹൈക്കോടതിയുടെ നിലപാട്.

ക്ഷേത്രങ്ങളുടെയും പള്ളികളുടെയും വിവിധ സമിതികളിൽ കയറിപ്പറ്റി മതസ്ഥാപനങ്ങളുടെ ഭരണം കൈക്കലാക്കാനുള്ള ശ്രമങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടികളുടെ രഹസ്യ അജണ്ടയാണെന്ന് കരുതപ്പെടുന്നു. സഹകരണ സംഘങ്ങൾ പിടിച്ചടക്കുന്ന പോലെയാണ് പള്ളി കമ്മിറ്റികളിലും ദേവസ്വം ബോർഡുകളിലും നുഴഞ്ഞുകയറാൻ ചില രാഷ്ട്രീയ കേന്ദ്രങ്ങൾ അജണ്ടയിടുന്നത്. ഈശ്വരവിശ്വാസമില്ലാത്തവർ പോലും ഈ വിധത്തിൽ കയറിപ്പറ്റാൻ ശ്രമിക്കുന്ന പ്രവണതയ്ക്ക് കേരളം സാക്ഷിയാണ്. ഇത്തരത്തിലുള്ള ആസൂത്രിതമായ നീക്കങ്ങളിൽ മുൻപന്തിയിൽ നിൽക്കന്നത് ഇടതുപക്ഷമാമെന്നാണ് വിശ്വാസികളുടെ ഇടയിലെ പൊതുധാരണ.

നിരീശ്വരവാദികളും ക്രൈസ്തവവിരുദ്ധ പുലർത്തുന്ന വർഗീയവാദികളും അവരെ പിന്തുണയ്ക്കുന്നവരും സഭാ ഭരണസമിതികളിൽ കടന്നകൂടുതന്നതിനോട് വിശ്വാസസമൂഹം അനുകൂലമല്ല.

(ശേഷം പേജ് 4)

## നോമ്പുകാലം യേശുവിലേക്ക് എത്താനുള്ള മാർഗം: ഫ്രാൻസിസ് പാപ്പാ



റോം: നോമ്പുകാലം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ എത്തിച്ചേരാൻ നമ്മെ ഒരുക്കുന്ന ഒരു മാർഗമാണെന്ന് ഫ്രാൻസിസ് മാർപാപ്പ തന്റെ നോമ്പുകാല സന്ദേശത്തിൽ പറഞ്ഞു. വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അനുഭവത്തിലേക്കാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. അത് കർത്താവിന്റെ ഉയിർപ്പിലേക്ക് എത്തിച്ചേരാനുള്ള മാർഗമാണ്.

ഈ നോമ്പുകാലത്ത് യേശുവിനോടൊത്ത് ദൈവാനുഭവത്തിന്റെ മലകയറുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നു. അതുവഴി നാം അവിടത്തെ ദൈവികശോഭ അനുഭവിച്ചറിയും. താബോർ മലയിൽവച്ച് യേശു രൂപാന്തരപ്പെട്ടപ്പോൾ 'ഇവനെ ശ്രവിക്കുവിൻ' (മത്താ: 17:5) എന്ന മേഘത്തിൽ നിന്നുള്ള സ്വരം യേശുവിനെ ശ്രവിക്കാനുള്ള ദൈവത്തിന്റെ ആഹ്വാനമാണ്. നാം അവിടത്തെ ശ്രവിക്കുന്ന കൃപയുടെ കാലമായി നോമ്പുകാലത്തെ മാറ്റണം. തന്റെ രൂപാന്തരണത്തിലൂടെ യേശു ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്തത് ഉയിർപ്പിന്റെ മഹിമയുടെ മുന്നാസ്വാദനമായിരുന്നു. നമ്മുടെ പ്രയാണത്തിന്റെ ലക്ഷ്യം അവിടുത്തെ മാത്രം അനുഗമിക്കുക എന്നതായിരിക്കണമെന്നും മാർപാപ്പ തന്റെ സന്ദേശത്തിൽ പറഞ്ഞു.

## ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ; സുപ്രീം കോടതി റിപ്പോർട്ട് തേടി

ന്യൂഡൽഹി: ക്രൈസ്തവർക്കും അവരുടെ സ്ഥാപനങ്ങൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ചും ഇതിൽ അന്വേഷണ ഏജൻസികൾ സ്വീകരിച്ച നടപടികളെക്കുറിച്ചും മൂന്നാഴ്ചക്കുള്ളിൽ മറുപടി നൽകാൻ ഏഴു സംസ്ഥാനങ്ങളോട് സുപ്രീം കോടതി നിർദ്ദേശിച്ചു. ഹർജി മാർച്ച് 13ന് പരിഗണിക്കാനായി മാറ്റി. ബീഹാർ, ഛത്തിസ്ഗഡ്, ജാർഖണ്ഡ്, ഒഡീഷ, കർണാടക, മധ്യപ്രദേശ്, യു.പി. എന്നീ സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരാണ് റിപ്പോർട്ട് നൽകേണ്ടത്.

ക്രൈസ്തവർക്കെതിരായ ആക്രമണങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ തെറ്റാണെന്നാണ് കേന്ദ്രസർക്കാർ സത്യവാങ്മൂലം നൽകിയത്. എന്നാൽ ഇത്തരം കേസുകളിലെ എഫ് ഐ ആർ രജിസ്ട്രേഷൻ, അന്വേഷണ പുരോഗതി, അറസ്റ്റ് വിവരം, കുറ്റപത്രം സമർപ്പിച്ച കേസുകൾ തുടങ്ങിയ വിവരങ്ങൾ ചീഫ് സെക്രട്ടറിമാർ നൽകണമെന്ന് കോടതി നിർദ്ദേശിച്ചു. പല സംസ്ഥാനങ്ങളിലും ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ നാളുകളായി തുടരുകയാണ്. നിർബന്ധിത മതപരിവർത്തനം ആരോപിച്ച് ആക്രമണങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളും ഉണ്ട്. ഛത്തിസ്ഗഡിലാണ് ഇപ്പോൾ രൂക്ഷമായ ആക്രമണങ്ങൾ നടക്കുന്നത്. അവിടങ്ങളിൽ ആയിരക്കണക്കിന് വിശ്വാസികൾ വീടുവിട്ട് ഓടിപ്പോയിരിക്കുകയാണ്.

ബംഗളൂരു ആർച്ച്ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോയും നാഷണൽ സാളിഡാരിറ്റി ഫോറം, ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ എന്നിവയുമാണ് ഹർജി നൽകിയത്. അതിക്രമങ്ങൾ നടക്കുന്ന സംസ്ഥാനങ്ങളിൽ പുറമേ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള എസ് ഐ ടി യുടെ അന്വേഷണം നടത്തണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## മാർപാപ്പയുടെ കുർബാനയിൽ പത്ത് ലക്ഷം പേർ

കിൻഷാസാ: ആഫ്രിക്കൻ രാജ്യമായ കോംഗോ സന്ദർശിച്ച ഫ്രാൻസിസ് മാർപാപ്പയുടെ കുർബാനയിൽ പങ്കെടുത്തത് 10 ലക്ഷം പേർ! തലസ്ഥാനമായ കിൻഷാസായിലെ എൻഡോളോ വിമാനത്താവളമാണ് ദിവ്യബലിക്ക് വേദിയായത്. പതിറ്റാണ്ടുകൾ നീണ്ട അക്രമങ്ങളുടെ ദുരിതം പേറുന്ന കോംഗോജനത തങ്ങളെ ദ്രോഹിച്ചവർക്ക് മാപ്പ് കൊടുക്കണമെന്ന് ദിവ്യബലി മധ്യേയുള്ള സന്ദേശത്തിൽ മാർപാപ്പ ആവശ്യപ്പെട്ടു. ആഫ്രിക്കയിലെ ധാതുക്കളും പ്രകൃതി സമ്പത്തുകളും വിദേശ ശക്തികൾ കൊള്ളയടിക്കുന്നതിനെ മാർപാപ്പ അപലപിച്ചു. ശക്തമായ ആക്രമണം നടക്കുന്ന കോംഗോയുടെ കിഴക്കൻ മേഖലയിലെ പോരാട്ടത്തിന്റെ ഇരകളുമായി മാർപാപ്പ കൂടിക്കാഴ്ച നടത്തി. കോംഗോയിലെ 10 കോടി ജനങ്ങളിൽ പകുതിയിലേറെയും കത്തോലിക്കരാണ്. റോമിലേക്ക് മടങ്ങും മുൻപ് മാർപാപ്പ ദക്ഷിണ സുഡാനിലും സന്ദർശനം നടത്തി.




ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരേ നടക്കുന്ന അക്രമങ്ങൾക്കെതിരേ ഡൽഹി ജന്തർമന്തറിൽ വിവിധ സഭകളുടെയും 79 ക്രിസ്ത്യൻ സംഘടനകളുടെയും നേതൃത്വത്തിൽ നടന്ന പ്രതിഷേധസമരം.

## നിക്കരാഗ്വയിൽ ക്രൈസ്തവ പീഡനം: ബിഷപ്പിനു 26 വർഷം തടവ്



ബിഷപ് റൊണാൾഡോ അൽവാരിസ്

മനാഗ്വ: ലാറ്റിനമേരിക്കൻ രാജ്യമായ നിക്കരാഗ്വയിൽ കത്തോലിക്കാസഭയ്ക്കെതിരെ കടുത്ത പീഡനം. പ്രസിഡന്റ് ഡാനിയൽ ഒർട്ടേഗയെ വിമർശിച്ച ബിഷപ് റൊണാൾഡോ അൽവാരിസിനെ 26 വർഷം തടവുശിക്ഷയ്ക്ക് വിധിച്ചു.

ഒർട്ടേഗയുടെ നടപടികളെ ബിഷപ് അൽവാരിസ് നിശിതമായി വിമർശിച്ചു വരികയായിരുന്നു. മറ്റഗൽപാ രൂപതയുടെ അധ്യക്ഷനായ ബിഷപ്പിനെതിരെ രാജ്യദ്രോഹം, ദേശീയ സുരക്ഷയെ അപകടത്തിലാക്കൽ തുടങ്ങിയ കുറ്റങ്ങളാണ് കോടതി ചുമത്തിയിരിക്കുന്നത്. രാജ്യംവിട്ടാൽ ശിക്ഷ ഒഴിവാക്കാമെന്ന് കോടതി പറഞ്ഞെങ്കിലും ബിഷപ് നിരസിക്കുകയാണ് ചെയ്തത്.

ഒർട്ടേഗയ്ക്കെതിരെ ശബ്ദമുയർത്തുന്നവരെ അടിച്ചമർത്തുന്നതിന്റെ ഭാഗമായാണ് ബിഷപ്പിനെ ശിക്ഷിച്ചത്. ബിഷപ്പിനൊപ്പം പ്രവർത്തിച്ചിരുന്ന നാലു വൈദികർ, രണ്ടു സെമിനാരി വിദ്യാർത്ഥികൾ, കത്തോലിക്കാ ടിവി ചാനൽ ക്യാമറാമാൻ എന്നിവരെ പത്തു വർഷം തടവിന് ശിക്ഷിച്ചിരുന്നു. വത്തിക്കാൻ സ്ഥാനപതിയെയും മദർതെരേസയുടെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി അംഗങ്ങളെയും കഴിഞ്ഞ വർഷം രാജ്യത്തുനിന്ന് പുറത്താക്കിയിരുന്നു. ബിഷപ്പിനെ ശിക്ഷിച്ചതിൽ ഫ്രാൻസിസ് മാർപാപ്പ അതിതായ ഖേദം പ്രകടിപ്പിച്ചു.

## ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൈമാറ്റം

# ലക്ഷ്യം വോട്ട് ബാങ്ക് രാഷ്ട്രീയം

**സ്വന്തം ലേഖകൻ**

തൃശൂർ: മുഖ്യമന്ത്രി ന്യൂനപക്ഷ ക്ഷേമവകുപ്പ് വിട്ടുകൊടുത്തത് മുസ്ലിം പ്രീണനം മൂലമാണെന്ന് ആരോപണം. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഈ വകുപ്പ് കൈകാര്യം ചെയ്ത കെ.ടി. ജലീലിനെതിരെ നിരവധി പരാതികൾ ഉയർന്നിരുന്നു. ക്രൈസ്തവർ ഒന്നടങ്കം ന്യൂനപക്ഷ വകുപ്പിന്റെ പക്ഷപാതപരമായ നടപടികളിൽ പ്രതിഷേധിച്ചിരുന്നു. ഇതേ തുടർന്നാണ് ഈ വകുപ്പ് ഏറ്റെടുത്തത്. മുസ്ലിം ലീഗിനെ ഇടതുമുന്നണിയിലേക്ക് കൊണ്ടുവരുന്നതിന് നീക്കം നടക്കുന്നുണ്ടെന്ന അഭ്യൂഹങ്ങൾക്കിടയിലാണ് ഈ മാറ്റമെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു. ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖ്യമന്ത്രി ഒഴിഞ്ഞ് ഇപ്പോൾ ഇടതു സഹയാത്രികനായ വി. അബ്ദുറഹ്മാന് നൽകിയിരിക്കുകയാണ്.

മുസ്ലിം മന്ത്രിമാരാണ് ഈ വകുപ്പ് സ്ഥിരമായി കൈവശം വച്ചിരുന്നത്. ഈ വകുപ്പിന്റെ പക്ഷപാതപരമായ നടപടികളിൽ ക്രൈസ്തവ സമുദായം പരസ്യമായി എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. പുതിയ ഘടകകക്ഷിയായ കേരള കോൺഗ്രസ് എമ്മിനെ പ്രീതിപ്പെടുത്താൻ കൂടിയായിരുന്നു വകുപ്പ് കൈമാറ്റത്തിന് മുഖ്യമന്ത്രി മുതിർന്നത്. എന്നാൽ, അന്നുമുതൽ വകുപ്പ് തങ്ങളുടെ പ്രതിനിധിക്ക് നൽകണമെന്ന് മുസ്ലിം സംഘടനകൾ സമ്മർദ്ദം ചെലുത്തി വരികയായിരുന്നു.

ന്യൂനപക്ഷ സ്കോളർഷിപ്പ് ജനസംഖ്യാടിസ്ഥാനത്തിൽ വിതരണം ചെയ്യണമെന്ന ഹൈക്കോടതി വിധിയിൽ മുസ്ലിം സംഘടനകൾ തൃപ്തരായിരുന്നില്ല. ക്രൈസ്തവ സമുദായത്തെ അവഗണിച്ച് സ്കോളർഷിപ്പുകൾ 80:20 അനുപാതത്തിലാണ് വിതരണം ചെയ്തിരുന്നത്. ഇതിനെ കെ.ടി. ജലീൽ ന്യായീകരിച്ചുവരികയായിരുന്നു.

വഖഫ് ബോർഡ് നിയമനങ്ങൾ പിഎസ്സിക്ക് വിടാനുള്ള തീരുമാനം മുസ്ലിം സംഘടനകളുടെ എതിർപ്പിനെ തുടർന്ന് ഇടതുമുന്ന

(ശേഷം പേജ് 11)

## സിനഡാലിറ്റി : ഏഷ്യൻ സമ്മേളനം സമാപിച്ചു



സീറോമലബാർ സഭാ പ്രതിനിധികൾ വത്തിക്കാൻ പ്രതിനിധികളോടൊപ്പം.

ബാങ്കോക്ക്: സാർവത്രിക സഭാ സിനഡിന്റെ ഏഷ്യൻ ഭൂഖണ്ഡത്തിനുവേണ്ടിയുള്ള ജനറൽ അസംബ്ലി ഫെബ്രു. 24മുതൽ 26 വരെ ബാങ്കോക്കിൽ നടന്നു. ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും വത്തിക്കാനിൽനിന്നും സിനഡ് സെക്രട്ടറി കർദിനാൾ മാരിയോ ഗ്രെക്ക്, സിനഡ് അണ്ടർ സെക്രട്ടറി സിസ്റ്റർ നത്താലി ബെക്വാർട്ട് എന്നിവരും പങ്കെടുത്തു. സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സിബിസിഐ പ്രസിഡന്റും തൃശൂർ ആർച്ച് ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്, ദൈവശാസ്ത്ര കമ്മീഷൻ സെക്രട്ടറി റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ, സഭാ വക്താവ് ഡോ. കൊച്ചുറാണി ജോസഫ് എന്നിവർ അസംബ്ലിയിൽ സംബന്ധിച്ചു. ശ്രവിക്കുന്ന സഭയാകാനുള്ള പരിശ്രമമാണ് സിനഡെന്ന് സിനഡ് സെക്രട്ടറി കർദിനാൾ മാരിയോ ഗ്രെക്ക് പ്രസ്താവിച്ചു.


CATHOLICA SABHA PILGRIMAGE
CATHOLIC CENTRE ,EAST FORT, THRISSUR -5,
PH: 94 96 98 10 03, 98 46 32 23 26
Catholicasabhapilgrimage@gmail.com

വിശുദ്ധ നാട് തീർത്ഥാടനം
മെയ് 12 – 22
15 – 25, 21 – 31
സെപ്റ്റംബർ 16 – 26
Rs.1,42,000/-*
സന്ദർശിക്കുന്ന രാജ്യങ്ങൾ
ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്

റോം – യൂറോപ്പ് തീർത്ഥാടനം
സെപ്റ്റം 19 – ഒക്ടോ 6
Rs. 2,90,000/-
സന്ദർശിക്കുന്ന രാജ്യങ്ങൾ
വത്തിക്കാൻ, ഇറ്റലി, സ്വിറ്റ്സർലൻഡ് ജർമ്മനി, നെതർലാൻഡ്, ബെൽജിയം, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ

*ROE: Calculated on the basis of 1 USD = INR 83 Rate of Exchange will be Considered per the prevailing rate on the final payment day

# അതിരൂപത കുടുംബകൂട്ടായ്മ വാർഷിക കർമ്മ പദ്ധതി പ്രകാശനം



*അതിരൂപത കുടുംബ കൂട്ടായ്മ വാർഷിക കർമ്മ പദ്ധതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പതിനാറ് ഫൊറോന കൺവീനർമാർക്ക് നൽകി കൊണ്ട് പ്രകാശന കർമ്മം നിർവ്വഹിച്ചപ്പോൾ*

തൃശൂർ: അതിരൂപത കുടുംബ കൂട്ടായ്മയുടെ ജനറൽബോഡി യോഗവും 2023 വർഷത്തിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളുടെ വാർഷിക പദ്ധതി പ്രകാശനവും ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു. ഗ്ലോബൽ മാതൃവേദി ഡയറക്ടർ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട ഫാ. ഡെന്നി താണിക്കലിനെയും, ജൂബിലി ഭവന നിർമാണത്തിന് നേതൃത്വം നൽകിയ എഞ്ചിനീയർ ജോൺസൻ തൈക്കാടിനെയും ആദരിച്ചു.

2022 - 2025 കാലയളവിലെ ഭാരവാഹികളുടെ പേരും ഫോൺ നമ്പറും അടങ്ങിയ അതിരൂപത ഡയറക്ടറി മാർ നീലങ്കാവിൽ, പോൾ പാറയ്ക്കലിനു നൽകി പ്രകാശനം ചെയ്തു. 2022–2025 പ്രവർത്തന വർഷത്തിലേക്കുള്ള ഫണ്ട് സ്വരൂപണത്തിനുള്ള സമ്മാനകൂപ്പണിന്റെ വിതരണോദ്ഘാടനം മോൺ. ജോസ് കോനിക്കര ട്രഷറർ ജെയ്സൻ മാണിക്ക് നൽകികൊണ്ട് നിർവ്വഹിച്ചു. ഡയറക്ടർ റവ.ഡോ. ഡെന്നി താണിക്കൽ, ജനറൽ കൺവീനർ ഷിന്റോ മാത്യു, ജനറൽ സെക്രട്ടറി പ്രൊഫ. ജോർജ്ജ് അലക്സ്, അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ എന്നിവർ പ്രസംഗിച്ചു. ജോ. കൺവീനർ സുബി ജസ്റ്റിൻ, ജോ. സെക്രട്ടറി ഷീജ ജോൺസൻ തുടങ്ങിയവർ നേതൃത്വം നൽകി.

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

### ബധിര-മൂക ദമ്പതികൾക്കുള്ള പോസ്റ്റ് കാന കോഴ്സ്

തൃശൂർ: അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ബധിര-മൂക ദമ്പതികൾക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് മാർച്ച് 12ന് 9.30 മുതൽ 3.00 വരെ നടക്കുന്നു. കുടുംബജീവിതത്തിലെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്.

### നവദമ്പതിസംഗമം

അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2022 നവംബർ, ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനം ഏപ്രിൽ 2ന് 9.30 മുതൽ 1.00 വരെ നടക്കുന്നു. ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ.

## അതിരൂപത കുടുംബകൂട്ടായ്മ

### ചർച്ചാപഠനപരിശീലന ക്യാമ്പ് മാർച്ച് 11 ശനി, 2.30 pm

ഏപ്രിൽ മാസത്തെ കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മാർച്ച് 11ന് ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.00 വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്.

### ഫൊറോന കൺവെൻഷനുകൾ

16 ഫൊറോനകളിലെ കുടുംബ കൂട്ടായ്മ കൺവെൻഷനുകൾ ഫെബ്രുവരി 26, മാർച്ച് 5, 12, 19, ഏപ്രിൽ 2 തീയതികളിലായി ഫൊറോന കുടുംബ കൂട്ടായ്മ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ച് നടക്കുന്നു. പ്രസ്തുത കൺവെൻഷനിൽ അതാത് ഫൊറോനകളിലെ ഇടവകകളിലെ എല്ലാ കുടുംബ കൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്.

## അതിരൂപത മാതൃവേദി

### വാത്സല്യം

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാതല സംഗമം മാർച്ച് 8ന് രാവിലെ 9.30 മുതൽ 1.00 വരെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടക്കും. ഓരോ യൂണിറ്റിൽ നിന്ന് 10 പേർ പങ്കെടുക്കേണ്ടതാണ്.

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

### തിരുമണിക്കൂർ ആരാധന

അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നുചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന തിരുമണിക്കൂർ ആരാധനയും വിശുദ്ധ കുർബാനയും മാർച്ച് 6ന് വൈകിട്ട് 6.00 മുതൽ 7.30 വരെ. എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

### ലോൺ മേള

തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ സഹകരണത്തോടെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലോൺ മേള സംഘടിപ്പിക്കുന്നു. തൃശൂർ സെന്റ് തോമസ് കോളേജിൽ മാർച്ച് 16 വ്യാഴാഴ്ച ഉച്ചതിരിഞ്ഞു 2.30 മുതൽ നടക്കുന്ന ലോൺ മേളയിൽ സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, ബിസിനസ് വിപുലീകരണ വായ്പ എന്നിവയ്ക്ക് പുറമേ കെഎസ്എംഡിഎഫ്സിയുടെ മറ്റു വായ്പ പദ്ധതികൾക്കുള്ള അപേക്ഷകളും സ്വീകരിക്കുന്നതാണ്. ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികവും വികസനപരവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരള പൊതുഭരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിന് കീഴിലുള്ള കമ്പനി ആക്ട്, 1956 പ്രകാരം രജിസ്റ്റർ ചെയ്ത കേരള സർക്കാർ കമ്പനിയാണ് കേരള സ്റ്റേറ്റ് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (KSMDFC) ലിമിറ്റഡ്.

### ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു

രാജ്യത്തെ പ്രഖ്യാപിത ന്യൂനപക്ഷങ്ങളായ മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈനർ, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന വിവിധ സ്കോളർഷിപ്പുകൾക്ക് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് അപേക്ഷകൾ ക്ഷണിച്ചു. ബിപിഎൽ വിഭാഗക്കാർക്ക് പ്രഥമ പരിഗണന ലഭിക്കും. ബിപിഎൽ വിഭാഗക്കാരുടെ അഭാവത്തിൽ എപിഎൽ വിഭാഗക്കാരിൽ എട്ട് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും.

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക
തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

## 'ഏകം' ദമ്പതീധ്യാനം

തൃശൂർ: 'ഏകം' ദമ്പതീ ധ്യാനം മാർച്ച് 17, 18, 19 തീയതികളിൽ ചിയ്യാരം ഗലീലി ധ്യാനകേന്ദ്രത്തിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9995238683, 9446622170, 9072011773.


ഫാദർ ജോസഫ് ലൂക്കോസ് ഒ.സി.ഡി. യുടെ ആത്മീയ നേതൃത്വത്തിൽ
'ഹോളി ട്രിനിറ്റി ' ഫെലോഷിപ്പ് ഒരുക്കുന്ന
പരിശുദ്ധാത്മാഭിഷേക വിടുതൽ ധ്യാനം
എല്ലാ മാസവും മൂന്നാം വെള്ളിയാഴ്ച 3 മണി മുതൽ ഞായറാഴ്ച രാത്രി 9.30 വരെ പഴയന്നൂർ കല്ലംകുളം സെന്റ് നോർബെർട്ട് ധ്യാന കേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു. മാർച്ച് 17 മുതൽ 19 വരെ
ഫീസ് 500/-
പഴയന്നൂർ, തൃശൂർ
ബുക്കിംഗ് : 9605145856, 8547473586, 9400623514



ആന്തരിക സൗഖ്യധ്യാനം
മാർച്ച് 10 – 12, ഏപ്രിൽ 14 – 16
നയിക്കുന്നത് : ഫാ.ടോമി പുളിന്താനം MSFS
ആത്മജ്യോതി ധ്യാനകേന്ദ്രം
പട്ടിക്കാട് പി.ഒ., തൃശൂർ
9447290177, 9037549722, 04872282134


### ഉപകാരസ്മരണ



ബീന പീറ്റർ പെരിങ്ങോട്ടുകര


Holy Queen College of Pharmaceutical Sciences & Research
Puthuruthy, Thrissur – 680623
അർഹരായ വിദ്യാർത്ഥികൾക്ക് ഇടവക വികാരിയച്ചന്റെ ലെറ്റർ മുഖേനെ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.
ADMISSION
D- Pharm
(Diploma in Pharmacy) 22-23 Batch
B- Pharm
(Approved by Pharmacy Council of India New Delhi, DME- Govt of Kerala)
Contact no: 8882060651 | 7356919634 | 9074919634



Green Holidays
THRISSUR
Ph: 94 97 17 94 04, 80 75 01 89 84
വേളാങ്കണ്ണി തീർത്ഥയാത്ര
Non A/c : 1400/-, 1500/-, A/c: 1500/-, 1700/-, Volvo: 2400/-
എല്ലാ വെള്ളി, ശനി ദിവസങ്ങളിൽ വൈകീട്ട് 7 മണിക്ക് പുറപ്പെടുന്നു. കേരള ഭക്ഷണം, താമസം ഉൾപ്പെടെ
മാർച്ച് 11–13 മറയൂർ, കാന്തല്ലൂർ, മൂന്നാർ (2 ദിവസം)
ഏപ്രിൽ 14–17 കൊടൈക്കനാൽ, വേളാങ്കണ്ണി (3 ദിവസം)
ഏപ്രിൽ 14–16 കൊടൈക്കനാൽ (2 ദിവസം)
ഏപ്രിൽ 21–23 വയനാട് (2 ദിവസം)
മുണ്ടൂർ, കൊട്ടേക്കാട്, കുറ്റൂർ, വിയ്യൂർ, എന്നിവടങ്ങളിൽ വാഹന സൗകര്യം ഉണ്ടായിരിക്കും



SANJO TOURS & TRAVELS
PONNUKKARA, THRISSUR PH: 99 47 69 27 93
(ഫാമിലി ട്രിപ്)
വേളാങ്കണ്ണി തീർത്ഥയാത്ര
എല്ലാ വെള്ളിയാഴ്ചകളിലും, ശനിയാഴ്ചകളിലും വൈകീട്ട് 7 മണിക്ക് പുറപ്പെടുന്നു. താമസം, ഭക്ഷണം ഉൾപ്പെടെ
വേളാങ്കണ്ണി ബസിലിക്കയുടെ അംഗീകൃത തീർത്ഥയാത്ര
NON A/C - 1300 - 1500, A/C 1700 - 1800, VOLVO 2400
മാർച്ച് 11–13 മറയൂർ, കാന്തല്ലൂർ, മൂന്നാർ (2 ദിവസം)
ഏപ്രിൽ 14–17 കൊടൈക്കനാൽ, വേളാങ്കണ്ണി (3 ദിവസം)
ഏപ്രിൽ 14–16 കൊടൈക്കനാൽ (2 ദിവസം)
ഏപ്രിൽ 21–23 വയനാട് (2 ദിവസം)
ഏപ്രിൽ 16–18 കന്യാകുമാരി, കാറ്റാടിമല, നാഗർ കോവിൽ
മെയ് 12–15 മൈസൂർ, ശ്രീരംഗപട്ടണം (3 ദിവസം)
God Bless You
| പുത്തൂർ, പൊന്നൂക്കര, കല്ലൂർ, ആമ്പല്ലൂർ, ഒല്ലൂർ, കുരിയച്ചിറ, തൃശൂർ, മണ്ണുത്തി, പട്ടിക്കാട് | മുണ്ടൂർ, കൊട്ടേക്കാട്, കുറ്റൂർ എന്നിവടങ്ങളിൽ വാഹന സൗകര്യം ഉണ്ടായിരിക്കും
Baiju Kodiyan
9947692793, 9349867949
ഏപ്രിൽ 2–6 കാശ്മീർ (₹19000/- + Flight Ticket )
എല്ലാ വിധ ടൂറിസ്റ്റ് ബസുകൾക്കും സമീപിക്കുക



എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും (ഫിലിപ്പിയർ 4 – 13)
തിരുഹൃദയം ടൂർസ് & ട്രാവൽസ്
എല്ലാ വെള്ളിയാഴ്ച്ചയും, ശനിയാഴ്ച്ചയും
വേളാങ്കണ്ണിയാത്ര
മുണ്ടൂർ, പേരാമംഗലം, വരടിയം, കൊട്ടേക്കാട്, പാമ്പൂർ, കുറ്റൂർ, വിയ്യൂർ, വടക്കേ സ്റ്റാന്റ്, ശക്തൻ സ്റ്റാന്റ്, പാലക്കാട് കോയമ്പത്തൂർ വഴി വേളാങ്കണ്ണി.
5 നേരം കേരള ഭക്ഷണം
3 SHARE ഫാമിലി റൂം (തിരുഹൃദയം മാതാ പാലസ്)
Non A/c : Rs. 1600, A/c Rs. 1800, Volvo Scania Rs. 2200
ഏപ്രിൽ 9 : ഗോവ ട്രെയിൻ യാത്ര (3 Days ) Rs. 5500
ഏപ്രിൽ 15 : ഹൈദരബാദ്(Flight) Rs. 22000
EVERY DAY VELANKANNI TRAIN PACKAGE - Rs. 2000
വേളാങ്കണ്ണിയിലേക്ക് വരുന്ന തീർത്ഥാടകർക്ക് പാത്രം, ഗ്യാസ്, എന്നിവയടക്കമുള്ള കിച്ചൻ, ഡൈനിങ്ങ് ഹാൾ (4 Bed Room, 3 Bed Room, 2 Bed Room) സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. തിരുഹൃദയം മാതാ പാലസ് വേളാങ്കണ്ണി (Wifi Free)
എല്ലാ വള്ളിയാഴ്ചയും വേളാങ്കണ്ണി (Stay Trip, Volvo) Rs. 2700
താമസം, കേരള ഭക്ഷണം, ടിക്കറ്റ് ഉൾപ്പെടെ
ടിക്കറ്റ് ബുക്കുചെയ്യുമ്പോൾ തന്നെ സീറ്റ് നമ്പർ ലഭിക്കുന്നതാണ്.
വേളാങ്കണ്ണി ഫുൾ പാക്കേജ്: Non A/c : Rs. 62000/- A/c : Rs.70000/-, Volvo Rs. 90000/-
എല്ലാവിധ ടൂറിസ്റ്റ് വാഹനങ്ങൾക്കും സമീപിക്കുക....
സ്കൂൾ, കോളേജുകൾ, പള്ളികൾ, കുടുംബശ്രീ യൂണിറ്റുകൾ, കുറികമ്പനികൾ എന്നിവയക്ക് പ്രത്യേക പാക്കേജുകൾ
കവലക്കാട്ട് ബിൽഡിംഗ്, മണ്ണുത്തി, തൃശൂർ | Baiju Panakkal
94 97 31 65 45, 99 61 83 04 56
കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല ( സങ്കീ.23:1 )



പെരിഞ്ചേരീസ്
ടൂർസ് & ട്രാവൽസ്
വേളാങ്കണ്ണി തീർത്ഥയാത്ര
വെള്ളി, ശനി ദിവസങ്ങളിൽ വൈകീട്ട് പുറപ്പെടുന്നു. വേളാങ്കണ്ണി ബസലിക്കയുടെ അംഗീകാരത്തിൽ നടത്തപ്പെടുന്നതും പള്ളിയുടെ അസ്സീസി ബ്ലോക്കിൽ താമസവും പള്ളിയുടെ ഹോളിൽ ഭക്ഷണ സൗകര്യവും ഒരുക്കുന്ന തീർത്ഥയാത്ര. (4 പേർക്ക് ഡബിൾ റൂം 4 നേരം ഭക്ഷണം)
സീറ്റൊന്നിന് Non A/c - 1500 | A/c 3+2 - 1700, 2+2 - 1800 | Volvo multi axle - 2300 | Volvo-2000
ഒല്ലൂർ ഓഫീസിൽ നിന്നും നേരിട്ട് ബുക്ക് ചെയ്യുന്നവർക്ക് 4 ടിക്കറ്റിന് 1 ടിക്കറ്റ് ഫ്രീ
15 ദിവസം മുമ്പ് ബുക്ക് ചെയ്യുന്നവർക്ക് Rs. 150/- Discount (പരിമിത കാലത്തേക്ക് മാത്രം)
സീറ്റ് നമ്പർ വേണ്ടവർക്ക് 100/ രൂപ റിസർവേഷൻ ചാർജ് ഈടാക്കുന്നതാണ്
ഏപ്രിൽ 14,15,16,17 ദിവസങ്ങളിൽ വേളാങ്കണ്ണി, കൊടൈക്കനാൽ യാത്രകൾ ഉണ്ടായിരിക്കും
Opp. ഹോളി ഫാമിലി ഹോസ്പിറ്റൽ United Weigh Bridge, ഒല്ലൂർ
PH: 7025945050, 9387112126, 9400947111, 9400948111
V.R.L. TRAVELS
Corporation Buildings , Ollur
വേളാങ്കണ്ണി തീർത്ഥയാത്ര
Non A/C 1500/-, A/C 1700/-, 2+2 A/C 1800/-, Volvo 2000/-, Multi Axle 2300/-
Contact No: 8891089122, 8891109122



MBA ADMISSION OPEN
HOSPITAL MANAGEMENT


പഠനത്തിനായി എന്തിന് മിനർവ അക്കാദമി തിരഞ്ഞെടുക്കണം?
മിനർവയിൽ പഠിക്കുമ്പോൾ തന്നെ ക്യാമ്പസ് ഇന്റർവ്യൂവിലൂടെ ജോലി കരസ്ഥമാക്കിയ മിന്നും താരങ്ങൾ
മിനർവ അക്കാദമി, തൃശ്ശൂർ 8086770066
കോഴ്സുകളെ കുറിച്ച് അറിയാൻ
കഴിഞ്ഞ ലക്കം ( ഫെബ്രുവരി ) കാത്തോലിക്കാ സഭ പത്രം നോക്കുക

# കാത്തലിക് യൂണിയൻ - കെസിവൈഎം സുവർണ ജൂബിലി ആഘോഷം മാർച്ച് 12ന്



കെ.സി.വൈ.എം. കാത്തലിക് യൂണിയൻ അമ്പതാം വാർഷികാഘോഷങ്ങളുടെ സ്വാഗതസംഘം ഓഫീസ് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്യുന്നു.

തൃശൂർ: 1972ലെ കോളജ് സമരത്തിന്റെ പശ്ചാത്തലത്തിൽ, 1973ൽ തൃശൂർ രൂപതയിൽ രൂപീകൃതമായ കാത്തലിക് യൂണിയൻ -കെസിവൈഎം സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. മാർച്ച് 12 ന് തൃശൂർ സെന്റ് തോമസ് കോളേജിലെ ബിസി വർഗീസ് മാസ്റ്റർ നഗറിൽ വച്ച് സുവർണ ജൂബിലി ആഘോഷങ്ങൾ നടക്കും.

പത്തുമണിക്ക് പ്രസ്ഥാനത്തിന്റെ ഡയറക്ടർമാരും മുൻ ഡയറക്ടർമാരും ചേർന്ന് അർപ്പിക്കുന്ന ജൂബിലി കുർബ്ബാന. തുടർന്ന് സെമിനാർ, ചർച്ച, അത്മായ നേതൃസമ്മേളനം, മുൻകാല നേതാക്കളെയും ആനിമേറ്റർമാരേയും ആദരിക്കൽ, പൊതുസമ്മേളനം, കലാസന്ധ്യ എന്നിവയാണ് ജൂബിലി ആഘോഷപരിപാടികൾ. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും.

സാമൂഹ്യ രാഷ്ട്രീയ മേഖലകളിലെ പ്രമുഖരും കാത്തലിക് യൂണിയൻ രൂപീകരണത്തിന് നേതൃത്വപരമായ സംഭാവനകൾ നൽകിയ ഷെവ. എൻ.എ.ഔസേഫ് മാസ്റ്റർ, എം.പി.അയ്പ്പുണ്ണി മാസ്റ്റർ എന്നിവരുടെ മക്കളായ മാർ ടോണി നീലങ്കാവിൽ , മാർ ഫ്രാങ്കോ മുളയ്ക്കൽ എന്നിവരും നേതൃസംഗമത്തിൽ സംബന്ധിക്കും. പ്രസ്ഥാനത്തിൽ അംഗങ്ങളായിരുന്ന അഭിഷിക്തരേയും സമർപ്പിതരേയും രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരേയും സമ്മേളനത്തിൽ ആദരിക്കും. ആഘോഷ പരിപാടികൾക്ക് മുന്നോടിയായി മാർച്ച് 11-ന് മാർ ജോസഫ് കുണ്ടുകുളം, മോൺ.തോമസ് തലച്ചിറ, ഷെവ.എൻ.എ.ഔസേഫ് എന്നിവരുടെ സ്മൃതികുടീരത്തിൽ നിന്നു ആരംഭിക്കുന്ന നഗരം ചുറ്റിയുള്ള വിളംബര ജാഥയും സംഘടിപ്പിച്ചിട്ടുണ്ട്. സുവർണജൂബിലി ആഘോഷങ്ങളുടെ സ്വാഗതസംഘം ഓഫീസ് പാസ്റ്ററൽ സെന്ററിൽ വികാരി ജനറാൾ മോൺ.ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. ഫാ. വർഗീസ് കൂത്തൂർ, ഫാ. ജിയോ ചെരടായി, ജോഷി വടക്കൻ, സാജൻ മുണ്ടൂർ, എൻ.പി. ജാക്സൺ എന്നിവർ പ്രസംഗിച്ചു. ജനറൽ കൺവീനർ തൊമ്മി പിടിയത്ത് സ്വാഗതവും, അഖിൽ ജോസ് നന്ദിയും പറഞ്ഞു.

1973 മാർച്ച് 16ന് അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ അനുഗ്രഹാശിസുകളോടെ ആരംഭിച്ച കാത്തലിക് യൂണിയൻ ഓഫ് തൃശൂരിന്റെ യുവജന വിഭാഗമാണ് കെസിവൈഎം. കാത്തലിക് യൂണിയൻ ഇപ്പോൾ കത്തോലിക്കാ കോൺഗ്രസ് തൃശൂർ എന്ന പേരിലാണ് അറിയപ്പെടുന്നത്.

## ഹാറോയെ 2023



അതിരൂപത ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ 'ഹാറോയെ 2023' ബിഷപ് ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുന്നു.

തൃശൂർ: ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ മുൻകാല ജീസസ് യൂത്തിനെ കോർത്തിണക്കിക്കൊണ്ട് 'ഹാറോയെ 2023' സംഘടിപ്പിച്ചു. സെന്റ് തോമസ് കോളേജ് അങ്കണത്തിൽ ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘടനം ചെയ്തു. ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, കോലഴി ഇടവക വികാരി ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി, ജീസസ് യൂത്ത് കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, ജനറൽ കോർഡിനേറ്റർ കുരിയാക്കോസ് പുലികൊട്ടിൽ എന്നിവർ നേതൃത്വം നൽകി.



പാലയൂർ മഹാതീർത്ഥാടനത്തിനോടനുബന്ധിച്ചുള്ള ആഘോഷ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുന്നു.

# പാലയൂരിൽ വ്രതാരംഭ കൂട്ടായ്മ

## പ്രാർത്ഥനാ കൂട്ടായ്മകൾക്കും ജാഗരണ പദയാത്രകൾക്കും തുടക്കം

പാലയൂർ: ആധുനിക കാലഘട്ടത്തിൽ നമ്മുടെ ജീവിതത്തിൽ ഒരു ആത്മപരിശോധനയായി നോമ്പുകാലഘട്ടം മാറണമെന്നും ജീവിതവിശുദ്ധി വരുത്താൻ ഈ സമയം പ്രയോജനപ്പെടുത്തണമെന്നും അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അഭിപ്രായപ്പെട്ടു. പാലയൂർ മാർ തോമാ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ അതിരൂപതാതല വ്രതാരംഭ കൂട്ടായ്മയ്ക്ക് മുഖ്യകാർമികത്വം വഹിച്ച് സന്ദേശം നൽകുകയായിരുന്നു ബിഷപ്.

മാർ തോമാശ്ലീഹ അത്ഭുതം പ്രവർത്തിച്ച തീർത്ഥക്കുളക്കരയിലെ കപ്പേളയിൽ നടന്ന വ്രതാരംഭ കൂട്ടായ്മ ഭക്തിസാന്ദ്രമായി. തിരുക്കർമങ്ങൾക്ക് ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, ഫാ. മിഥുൻ വടക്കേത്തല, ഫാ. അനു ചാലിൽ, ഫാ. നിർമൽ അക്കരപട്ടിയേക്കൽ, ഫാ. ജിന്റോ പുത്തൂർ, ഫാ.സിന്റോ പൊന്തേക്കൻ എന്നിവർ സഹകാർമികത്വം വഹിച്ചു. പാലയൂർ മഹാതീർത്ഥാടനത്തിന്റെ മുന്നോടിയായാണ് അതിരൂപതയുടെ നേതൃത്വത്തിൽ വ്രതാരംഭ കൂട്ടായ്മ സംഘടിപ്പിച്ചത്. വൈകീട്ട് നടന്ന തിരുക്കർമങ്ങളിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. പള്ളിയിലേക്ക് നടത്തിയ പ്രദക്ഷിണത്തിന് പേപ്പൽ കുടകൾ അകമ്പടിയായി. സഹവികാരി ഫാ. ആന്റോ രായപ്പൻ, ജനറൽ കൺവീനർ തോമസ് വാകയിൽ, തീർത്ഥകേന്ദ്രം സെക്രട്ടറി ബിജു മുട്ടത്ത്, കൺവീനർമാരായ ജോയ് ചിറമ്മൽ, ഫ്രാൻസിസ് മുട്ടത്ത്, സി.ഡി.ലോറൻസ്, ട്രസ്റ്റിമാരായ ജോസഫ് വടക്കൂട്ട്, മാത്യു ലീജിയൻ, സിന്റോ തോമസ്, ജിന്റോ ചെമ്മണ്ണൂർ, പി.ആർ.എ. ജെഫിൻ ജോണി തുടങ്ങിയവർ നേതൃത്വം നൽകി.

പാലയൂർ തീർത്ഥാടനത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാകൂട്ടായ്മകൾക്കും തുടക്കമായി. മാർച്ച് 14 ചൊവ്വാഴ്ച വരെയാണ് പ്രാർത്ഥനാകൂട്ടായ്മ. ചൊവ്വ, ശനി ദിവങ്ങളിൽ രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3 വരെയാണ് പ്രാർത്ഥന. വിശുദ്ധ കുർബാനയും വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ഉണ്ടാകും.

രൂപതയിലെ എല്ലാ ഇടവകകളും പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കും. അതിനായി ഇടവകകൾക്ക് ദിവസങ്ങൾ നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

# ഭക്തിസാന്ദ്രമായി വിഭൂതി ആചരണം

തൃശൂർ:വലിയനോമ്പിനു തുടക്കമായി അതിരൂപതയിലെ എല്ലാ പള്ളികളിലും വിഭൂതി ആചരിച്ചു.

ലൂർദ്ദ് മെത്രാപ്പോലീത്തിൻ കത്തീഡ്രലിൽ വിഭൂതി തിരുനാൾ തിരുക്കർമങ്ങൾക്ക് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമികനായി. കത്തീഡ്രൽ വികാരി ഫാ. ഡേവിസ് പുലിക്കോട്ടിൽ, സഹവികാരിമാരായ ഫാ. സെബി വെളിയൻ, ഫാ. ജിയോ വേലൂക്കാരൻ, മെത്രാപ്പോലീത്തായുടെ സെക്രട്ടറി ഫാ. അലക്സ് മാപ്രാണി എന്നിവർ സഹകാർമികരായിരുന്നു.

ചടങ്ങുകൾക്ക് മാനേജിങ്ങ് ട്രസ്റ്റി ബാബു കവലക്കാട്ട്, കൈക്കാരന്മാർ, സംഘടനാ-കുടുംബക്കൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.



തൃശൂർ ലൂർദ് കത്തീഡ്രലിൽ വിഭൂതി തിരുനാളാചരണത്തിന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് കാർമികത്വം വഹിച്ചപ്പോൾ



അതിരൂപത സീനിയർ സിഎൽസി പ്രവർത്തന വർഷം ഉദ്ഘാടനം അതിരൂപത, സംസ്ഥാന പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി നിർവഹിക്കുന്നു.

# സീനിയർ സിഎൽസി പ്രവർത്തനവർഷ ഉദ്ഘാടനം

തൃശൂർ: അതിരൂപത സീനിയർ സിഎൽസി പ്രവർത്തന വർഷം അതിരൂപത സംസ്ഥാന പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി ഉദ്ഘാടനം ചെയ്തു. നാഷണൽ സൗത്ത് സോൺ പ്രസിഡന്റ് വിനേഷ് കോളങ്ങാടന് പദ്ധതി രൂപരേഖ നൽകി ഉദ്ഘാടനം ചെയ്തു. കാരുണ്യ പ്രവർത്തനങ്ങളടക്കം 15 പ്രവർത്തനങ്ങളാണ് 2023 ൽ നടപ്പിലാക്കുന്നത്. പ്രസിഡന്റ് ഏ.ഡി. ഷാജു അധ്യക്ഷത വഹിച്ചു. മുൻ പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്തിന് യാത്രയയപ്പ് നൽകി. ലൂർദ്ദ്ഫൊറോന വികാരി ഫാ. ഡേവീസ് പുലിക്കോട്ടിൽ, ജേക്കബ് പുതുശേരി, ഫ്രാൻസീസ് ജേക്കബ്ബ്, കെ.ഐ. ജോസ്, മോളി പീറ്റർ, ബാബു അതിയുന്തൻ എന്നിവർ പ്രസംഗിച്ചു.

### അതിരൂപത അജപാലന പദ്ധതി - മാർച്ച്

# യുവജന അജപാലനം ഒരുക്കവും സംവിധാനങ്ങളും

ഓരോ ഇടവകയിലും മാർച്ച് മാസത്തിൽ ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ

**പ്രവർത്തനം 1 :** യുവജന ക്രിസ്തീയ രൂപീകരണത്തിന് മാസത്തിൽ ഒരിക്കൽ പ്രത്യേക വി. കുർബാനയും ആരാധനയും ധ്യാന ചിന്തകളും യുവജനസൗഹൃദവേദികളും മറ്റു പരിശീലനങ്ങളും സംവാദങ്ങളും ഒരുക്കുക.

**നിർവ്വഹണചുമതല :** വികാരിയും യുവജന സംഘടനകളും.

**അവലോകന സൂചകം :** ആത്മീയ കൗദാശിക ജീവിതത്തെ ശക്തിപ്പെടുത്തുക

**പ്രവർത്തനം 2 :** യുവജന ടീം - യുവജന വർഷാചരണത്തിനായി ഇടവകതല ടീം - രൂപീകരിക്കുക. ആ ടീമിനെ അതിരൂപത നിർദ്ദേശിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുപ്പിക്കുക.

**നിർവ്വഹണചുമതല** : ബഹു. വികാരിയും യുവജനസംഗമവും.

**അവലോകന സൂചകം** : യുവജന വർഷാചരണത്തിലെ വിജയകരമായ പങ്കാളിത്തം

***അറിയിപ്പ് :*** *യുവജനവർഷത്തോട് അനുബന്ധിച്ച് ഇനിയും കൺവീനറെ തിരഞ്ഞെടുക്കാത്ത ഇടവകകൾ എത്രയും വേഗം കൺവീനറെ തിരഞ്ഞെടുത്ത് പാക്റ്റ് ഓഫീസ് നമ്പറിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ: 8281739448)*

# അമ്മാടം യുവജന വർഷം ഉദ്ഘാടനം

അമ്മാടം: തൃശൂർ അതിരൂപതയിൽ പ്രഖ്യാപിച്ച യുവജനവർഷ ആചരണത്തിന്റെ ഇടവകതല ഉദ്ഘാടനം അമ്മാടം ഇടവകയിൽ നടത്തി.

മേരിമാതാ മേജർ സെമിനാരിയിലെ പ്രൊഫസർമാരായ റവ.ഡോ. സെബാസ്റ്റ്യൻ... റവ.ഡോ. സൈജോ തൈക്കാട്ടിൽ, റവ.ഡോ. പോൾ പുളിക്കൻ, റവ.ഡോ. വിൻസെന്റ് ആലപ്പാട്ട്, വികാരി ഫാ. ജോൺ കിടങ്ങൻ, യുവജന പ്രതിനിധികൾ എന്നിവർ ചേർന്ന് സമൂഹ ബലിയുടെ ആരംഭത്തിൽ തിരിതെളിയിച്ചു.

വിവിധ യുവജന ഭക്ത സംഘടനകളിൽ നിന്ന് 60 പേർ കാഴ്ച സമർപ്പണം നടത്തി.



അമ്മാടം ഇടവകയിൽ നടന്ന യുവജനവർഷ ഉദ്ഘാടന ചടങ്ങിൽ നിന്ന്.

## ബൈബിൾ പഠന ക്ലാസുകൾ

തൃശൂർ: അതിരൂപത ബൈബിൾ പ്രേഷിതത്വത്തിന്റെ നേതൃത്വത്തിൽ ഡി.ബി.സി.എൽ.സി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹകരണത്തോടെ ഒരു വർഷം (40 ഞായറാഴ്ച്ചകൾ) നീണ്ടുനിൽക്കുന്ന ബൈബിൾ പഠന ക്ലാസുകളുടെ ഉദ്ഘാടനം ഡി.ബി.സി.എൽ.സി.യിൽ നടന്നു. മാർച്ച് 31 വരെ രജിസ്ട്രേഷൻ തുടരും. വിശുദ്ധ ഗ്രന്ഥത്തിൽ പാണ്ഡിത്യമുള്ള വൈദികരും അല്മായരും ക്ലാസുകൾ നയിക്കുന്നു.കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഈ വർഷത്തെ പഠന ഭാഗങ്ങൾ: പഞ്ചഗ്രന്ഥി, ചരിത്ര പുസ്തകങ്ങൾ. ക്ലാസുകൾ: എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.30 വരെ. റജിസ്ട്രേഷൻ ഫീസ് 1500 രൂപ. വിശദ വിവരങ്ങൾക്ക്- 9188131341

# പുത്തൂർ ബൈബിൾ കൺവെൻഷൻ മാർച്ച് 15 മുതൽ

പുത്തൂർ: സെന്റ് തോമസ് ഫൊറോന പള്ളിയിൽ കൃപാഗ്നി ബൈബിൾ കൺവെൻഷൻ മാർച്ച് 15 മുതൽ 19 വരെ നടക്കും. എരുമേലി കിങ്ങ് ജീസസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 4.30-ന് വൈകീട്ട് 4.30 മുതൽ 9.30 വരെ നടക്കുന്ന കൺവെൻഷന് ഫാ. അബ്രാഹാം കുടിയാകുഴി, ബ്രദർ സാബു ആറുതൊട്ടിയിൽ എന്നിവർ നേതൃത്വം നൽകും. ജപമാല, വിശുദ്ധ കുർബ്ബാന, വചന ശുശ്രൂഷ, ആരാധന, രോഗശാന്തി ശുശ്രൂഷ എന്നിവ നടക്കും. കൺവൻഷനുശേഷം തിരിച്ചുപോകാൻ വാഹന സൗകര്യം ഒരുക്കിയിട്ടുണ്ട്. കൺവൻഷന്റെ വിജയത്തിനായി ഫൊറോന വികാരി ഫാ. ചാക്കോ ചെറുവത്തൂർ, വൈസ് ചെയർമാൻ ഫാ. ഹാഡ്ലി നീലങ്കാവിൽ, ജനറൽ കൺവീനർ സജി ചിറ്റിലപ്പിള്ളി, ജോ.കൺവീനർമാരായ ഷീജൻ ഓലിക്കൽ, പ്രിൻസൻ ഐനിക്കൽ, കൈക്കാരൻമാരായ ഷൈജു കാറളത്തുക്കാരൻ, ജോൺസൻ വിതയത്തിൽ, ബെന്നി കാരക്കട, ഷിബു തണ്ട്യേയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തിച്ച് വരുന്നു.

# ജൂബിലിയിൽ ദേശീയ സെമിനാർ



ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ നടത്തിയ ദേശീയ സെമിനാർ പ്രൊഫ. ഡോ. സഞ്ജീവ് ബോയ് ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രിയുടെ എമർജൻസി വിഭാഗം നടത്തിയ ദേശീയ സെമിനാർ 'ഇ.എം.സോണോ 2023 ആന്റ് എക്സാംതലോൺ 2023' പ്രൊഫ. ഡോ. സഞ്ജീവ് ബോയ് ഉദ്ഘാടനം ചെയ്തു. എമർജൻസി സോണോഗ്രാഫി എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഇ.എം. സോണോ എന്ന രണ്ട് ദിവസത്തെ ശിൽപശാലയും ഇതോടുകൂടി നടന്നു. ന്യൂഡൽഹി എയിംസിലെയും പോണ്ടിച്ചേരി ജിപ്മറിലേയും മണിപ്പാൽ കെ.എം.സി.യിലേയും വിദഗ്ധ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി എന്നിവർ സന്നിഹിതരായിരുന്നു.

### ദേശീയ ലൈബ്രറി ശില്പശാല

തൃശൂർ: ജൂബിലി മിഷൻ നഴ്സിങ് കോളജിൽ ഏകദിന ദേശീയ ലൈബ്രറി ശില്പശാല നടത്തി. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോ. എ. ടി. ഫ്രാൻസിസ്, ഡോ. വിമൽ കുമാർ, ഡോ. അസാരിയ ജബൽകുമാർ, ജൂബിലി നേഴ്സിങ്ങ് കോളേജ് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ, പ്രിൻസിപ്പൾ ഡോ. ഏയ്ഞ്ജല ജ്ഞാനദുരൈ, സാൻജോ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു. ലൈബ്രേറിയന്മാരായ നിർമല, ടിന്റു ജോസ് എന്നിവർ സന്നിഹിതരായിരുന്നു.



പറപ്പൂർ ദൈവാലയത്തിലെ മാതൃവേദിയുടെ സുവർണ ജൂബിലി ആഘോഷത്തിനൊരുക്കമായി വികാരി ഫാ. ആന്റണി ആലുക്ക പതാക ഉയർത്തുന്നു.

# പറപ്പൂർ മാതൃവേദി സുവർണജൂബിലി

പറപ്പൂർ: സെന്റ് ജോൺസ് ഫൊറോന ദൈവാലയത്തിലെ മാതൃവേദി സംഘടനയുടെ സുവർണ ജൂബിലി ആഘോഷിച്ചു. വികാരി ഫാ. ആന്റണി ആലുക്ക പതാക ഉയർത്തി. അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോന ആനിമേറ്റർ ഫാ. ജോൺ അയ്യങ്കാനയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത മാതൃവേദി പ്രസിഡന്റ് എൽസി വിൻസെന്റ്, ഫൊറോന മാതൃവേദി പ്രസിഡന്റ് ലില്ലി ജെയിംസ്, കൈക്കാരൻ ഗ്ലെന്നി പുത്തൂർ എന്നിവർ പ്രസംഗിച്ചു. അസി.വികാരി ഫാ. ലിബിൻ, പ്രസിഡന്റ് ജീനാ ജോസഫ് എന്നിവർ നേതൃത്വം നൽകി.

# പാവറട്ടി ഇടവകയിൽ പകൽ വീട്

പാവറട്ടി: സെന്റ് ജോസഫ് തീർഥകേന്ദ്രം സാൻജോസ് കാരുണ്യനിധി പദ്ധതിയുടെ ഭാഗമായി ഒ.കെ. ജോസഫ് വൈദ്യർ സ്മാരക പകൽവീട് തുറന്നു. ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു.

വികാരി ഫാ. ജോൺസൺ ഐനിക്കൽ അധ്യക്ഷനായി. മേരി ജോസഫ് ഒലക്കേങ്കിൽ, ഫാ. സിന്റോ പൊന്തേക്കൻ, ഫാ. ക്രിസ്റ്റോ പെരുമാട്ടിൽ, ഫാ. ഷിന്റോ മാറോക്കി, ഫാ. ആന്റണി വേലത്തിപ്പറമ്പിൽ, ഫാ. ലിജോ പോൾ കാരുണ്യനിധി ഭാരവഹികളായ ജെയിംസ് ആന്റണി, ഒ.ജെ ഷാജൻ, വി.ജി. തോംസൺ, വി.സി. ജെയിംസ്, ട്രസ്റ്റിമാരായ ജേക്കബ് കുണ്ടുകുളം, വി.പി. പാപ്പച്ചൻ, ഇ.ടി. വിൻസെന്റ്, കെ.കെ. തോംസൺ, പി.ആർ.ഒ. റാഫി നീലങ്കാവിൽ, പ്രതിനിധിയോഗം സെകട്ടറി ജോബി ഡേവിഡ് എന്നിവർ പങ്കെടുത്തു.



പാവറട്ടി ഇടവകയിലെ പകൽവീട് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്യുന്നു

### സ്വീകരണം നൽകി

പാവറട്ടി: സെന്റ് ജോസഫ് തീർത്ഥകേന്ദ്രം സന്ദർശിക്കാനെത്തിയ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് അധ്യക്ഷൻ പ്രഫ. പി.കെ. മൈക്കിൾ തരകനെ തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോൺസൺ ഐനിക്കൽ, ട്രസ്റ്റിമാരായ വി.പി. പാപ്പച്ചൻ, ജേക്കബ് കുണ്ടുകുളം, പിആർഒ റാഫി നീലങ്കാവിൽ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. പള്ളിയിലെ പുരാതന രേഖകൾ പരിശോധിച്ച് കാലനിർണയം നടത്താൻ കൗൺസിലിന്റെ സഹായം അദ്ദേഹം വാഗ്ദാനം ചെയ്തു.

# കെസിബിസി അധ്യാപക അവാർഡ് ജോഷി വടക്കന്



കൊച്ചി: കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ വിദ്യാഭ്യാസ കമ്മീഷന്റെ 2022-23 അധ്യയന വർഷത്തിലെ അധ്യാപക അവാർഡിന് ജോഷി വടക്കൻ അർഹനായി. തൃശൂർ ജില്ലയിലെ മരിയാപുരം മിഷൻ ഹോം എൽ.പി. സ്കൂൾ പ്രധാനാധ്യാപകനാണ്. സംസ്ഥാനത്തെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര സഭാവിഭാഗങ്ങളിലെ 32 രൂപതകളിൽ നിന്നുള്ള നാമനിർദ്ദേശങ്ങൾ പരിഗണിച്ചാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്.

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, തൃശൂർ അതിരൂപത ടീച്ചേഴ്സ് ഗിൽഡ് പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ കെ.പി.എസ്.ടി.എ. വിചാർ സെൽ സംസ്ഥാന ചെയർമാൻ, കേരള കത്തോലിക്ക സഭയുടെ പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിൽ ട്രഷറർ, കത്തോലിക്ക കോൺഗ്രസ് തൃശൂർ അതിരൂപത പ്രസിഡന്റ്, കത്തോലിക്കാസഭ പത്രം എഡിറ്റോറിയൽ അംഗം എന്നീ ചുമതലകൾ വഹിക്കന്ന അദ്ദേഹം തൃശൂർ അതിരൂപതയിലെ പറപ്പൂർ ഇടവകാംഗവും അന്നകര സ്വദേശിയുമാണ്.




## ഫാ. സെബാസ്റ്റ്യൻ മുരിങ്ങാത്തേരി

# ആ രക്തസാക്ഷിത്വത്തിന് കാൽനൂറ്റാണ്ട്

**ഫാ. വിൻസന്റ് പള്ളിപാടൻ &**
**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**



മിഷനറിയാകാനുള്ള ഉൽക്കടമായ ആഗ്രഹം കുണ്ടന്നൂർ മുരിങ്ങാത്തേരി ലൂയീസ് മേരി ദമ്പതികളുടെ മകൻ സെബാസ്റ്റ്യനെ കൊണ്ടുചെന്നെത്തിച്ചത് റോമിലെ ഔവർ ലേഡി ഓഫ് ഡിവൈൻ ലവ് സന്യാസസമൂഹത്തിൽ. പ്രേഷിത തീക്ഷ്ണത നിറഞ്ഞ അദ്ദേഹത്തിന് ദൈവം കരുതിവച്ച നിയോഗം മൂന്നുവർഷത്തെ വൈദിക ജീവിതത്തിനുള്ളിൽ രക്തസാക്ഷിത്വവും! തെക്കെ അമേരിക്കൻ രാജ്യമായ കൊളംബിയയിലായിരുന്നു ആ ബലി പൂർത്തീകരണം.

വൈദിക പരിശീലനം റോമിൽ പൂർത്തിയാക്കി 1995 മെയ് 14-ാം തിയ്യതിയാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയിൽ നിന്നും സെബാസ്റ്റ്യൻ തിരുപ്പട്ടം സ്വീകരിച്ചത്. തുടർന്ന് ജൂൺ 6ന് കുണ്ടന്നൂർ പള്ളിയിൽ ദിവ്യബലിയർപ്പിച്ചു.

റോമിലേക്ക് തിരിച്ചുപോയ അച്ചൻ ദൂര പ്രദേശങ്ങളിലാണ് ദൗത്യം ഏറ്റെടുത്തിരുന്നത്. തെക്കേ ഇറ്റലിയിലെ ആൾത്താമുറ (ALTAMURA) പ്രദേശത്തെ മാതാവിന്റെ തീർത്ഥാടന കേന്ദ്രത്തിലായിരുന്നു ആദ്യത്തെ അജപാലന ദൗത്യം. അവിടെ പ്രവർത്തിക്കുമ്പോഴാണ് കൊളംബിയയിലെ ഒരു കുഗ്രാമത്തിൽ മിഷനറിയായി പോകാൻ മറ്റാരുമില്ലാതെ വന്നത്. മുരിങ്ങത്തേരി അച്ചൻ വളരെ സന്തോഷത്തോടെ ആ നിയോഗം ഏറ്റെടുത്തു. കൊളംബിയയിൽ ഹീക്ക (Hika) പ്രവിശ്യയിൽ കാമ്പോഅലേഗ്രേ (Campoalegre) എന്ന ഗ്രാമത്തിലെ കാന്തലോറ മാതാവിന്റെ (Nuetsra Senora della Candelora) ഇടവകയായിരുന്നു അച്ചന്റെ പ്രേഷിതരംഗം.

മയക്കുമരുന്നുകളുടെ ഉല്പാദനവും വിപണനവും ഏറ്റവും കൂടുതൽ ഉള്ള രാജ്യമായിരുന്നു കൊളംബിയ. അതിനെതിരായി ജനങ്ങളെ ബോധൽക്കരിക്കാൻ അച്ചൻ പരിശ്രമിച്ചു. ഇടവക പള്ളിയിൽ നിന്നും കിലോമീറ്ററുകളോളം ദൂരെയായി വലിയ കുന്നുംപുറങ്ങളിൽ മയക്കുമരുന്നു കൃഷിയും വ്യാപാരവും നടത്തിയിരുന്ന ദരിദ്രരായ കുടുംബങ്ങൾ ഉണ്ടായിരുന്നു. വൈദികർ എത്തിച്ചേരാത്ത ഇടങ്ങളായിരുന്നു അവ. രാവിലെ കുർബ്ബാന കഴിഞ്ഞാൽ അന്നുകിട്ടിയ പണവും വിശുദ്ധ കുർബ്ബാനയുമായി സെബാസ്റ്റ്യൻ അച്ചൻ ആ നിർദ്ധന കുടുംബങ്ങളിൽച്ചെന്ന് മയക്കുമരുന്ന് കൃഷിയുടെയും കച്ചവടത്തിന്റെയും ഭീകരതയെക്കുറിച്ച് അവരെ ബോധവാൻമാരാക്കി. ബുദ്ധിമുട്ടുകൾ മൂലമാണ് ഇത് ചെയ്യുന്നത് എന്ന് പറഞ്ഞവർക്ക് അച്ചന്റെ കയ്യിലുള്ള പണത്തിൽ നിന്ന് സാധിക്കുന്ന വിധത്തിൽ കൊടുത്ത് ആശ്വസിപ്പിക്കുകയും ഈ പ്രവൃത്തി തുടരരുതെന്ന് ഉപദേശിക്കുകയും ചെയ്യുമായിരുന്നു.

അച്ചന്റെ മയക്കുമരുന്നുവിരുദ്ധ പ്രവർത്തനം മനസ്സിലാക്കിയ മയക്കുമരുന്നു ലോബി അച്ചനെ കണ്ട് ഈ പ്രവൃത്തിയിൽ നിന്നു പിൻമാറാൻ ആവശ്യപ്പെട്ടു. എന്നാൽ അച്ചൻ അവരോട് സൗമ്യപൂർവ്വം ഇതിന്റെ ദൂഷ്യഫലങ്ങൾ വിശദീകരിച്ചു. അത് അവരിൽ കൂടുതൽ വൈരാഗ്യമാണ് ഉണ്ടാക്കിയത്. അച്ചൻ ഈ പ്രവൃത്തി തുടർന്നാൽ അതിനെ നേരിടുമെന്നും അവർ ഭീഷണിപ്പെടുത്തി. 'നിങ്ങൾ നിങ്ങളുടെ ഇഷ്ടപ്രകാരം ചെയ്തുകൊള്ളുവിൻ. ഞാൻ ചെയ്യുന്നത് ശരിയാണെന്ന് എനിക്ക് ബോധ്യമുണ്ട്. ഇതിൽ വരുന്ന എന്ത് കഷ്ടപ്പാടുകളും സഹിക്കാൻ ഞാൻ തയ്യാറാണ്" എന്നായിരുന്നു അച്ചന്റെ മറുപടി.

എന്നും ചെയ്യാറുള്ളതുപോലെ, 1998 മാർച്ച് 4ാം തിയ്യതി വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം അച്ചൻ ബൈക്കിൽ യാത്ര തുടങ്ങി. പമ്പിൽ ചെന്ന് ഇന്ധനം നിറച്ച് മടങ്ങാൻ തുടങ്ങിയപ്പോൾ ഒരു ലോറി വന്ന് അച്ചന്റെ ബൈക്കിൽ ഇടിച്ചു. ആശുപത്രിയിലെത്തിച്ച അച്ചനെ, നില ഗുരുതരമായതിനാൽ, ഉടനെ വെന്റിലേറ്ററിലാക്കി. മാർച്ച് 11-ാം തിയ്യതി മരണം സ്ഥിരീകരിച്ചു. ആ ദാരുണമരണത്തിനുപിന്നിൽ മയക്കുമരുന്നുമാഫിയയുടെ ശക്തമായ കരങ്ങളുണ്ടായിരുന്നെന്ന് സംശയമുയർന്നു.

സെബാസ്റ്റ്യനച്ചന്റെ ഭൗതികശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് ബഹു. വിൻസെന്റ് പള്ളിപ്പാട്ട് അച്ചന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങൾ വിജയിച്ചു. സെബാസ്റ്റ്യനച്ചന്റെ പിതാവ് ജീവിച്ചിരിക്കുന്നതിനാൽ, സ്വന്തം ഇടവകയായ കുണ്ടന്നൂർ പള്ളി സെമിത്തേരിയിൽ അച്ചന് അന്ത്യവിശ്രമം നൽകുന്നതിന് റോമിലെ സഭാധികാരികൾ അനുവദിച്ചു.

സെമിനാരിപ്രവേശനം മുതൽ ജീവിതാവസാനം വരെ കല്ലും മുള്ളും നിറഞ്ഞ വഴികളിലൂടെ, തന്നെത്തന്നെ ത്യജിച്ച് തന്റെ കുരിശുമെടുത്ത് (മർക്കോ. 8:34) ഈശോയുടെ പിന്നാലെ ധീരതയോടെ യാത്രചെയ്ത സെബാസ്റ്റ്യനച്ചൻ കുണ്ടന്നൂരിൽത്തന്നെ തിരിച്ചെത്തി. കൊളംബിയയിൽ നിന്ന് റോം വഴി ഭൗതികശരീരം വീട്ടിലെത്തിച്ച ശേഷം മാർച്ച് 31-ാം തീയതി ആർച്ച് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.

വിളിച്ചവന്റെ ജീവിതം പോലെ ഹ്രസ്വമായിരുന്നു സെബാസ്റ്റ്യനച്ചന്റെ ജീവിതവും. എങ്കിലും ചെന്നിടങ്ങളിലെല്ലാം ജനങ്ങൾക്ക് വലിയ ആത്മീയ പ്രചോദനമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സ്മരണ ജനങ്ങൾ ഹൃദയങ്ങളിൽ വഹിക്കുന്നു. അച്ചന്റെ മരണശേഷം ആൾത്താമുറയിലെ ഒരു കുടുംബം തങ്ങളുടെ മകന് അച്ചന്റെ ഓർമയ്ക്കായി സെബാസ്റ്റ്യൻ എന്നുപേരുനൽകി. കൊളംബിയയിൽ അച്ചൻ സേവനം ചെയ്ത ഇടവകയിൽ അച്ചൻ വിമോചനത്തിന്റെ വെളിച്ചം കൊളുത്തിയ ഭവനങ്ങളുടെ മൺഭിത്തികളിൽ അച്ചന്റെ ചിത്രം വെച്ചിരിക്കുന്നത് ഇന്നും കാണാം.

# കണക്കുകൾ കഥ പറയുമ്പോൾ

**ചൂണ്ടുവിരൽ...**
**പാവുണ്ണി കാരമുക്ക്**

മലയാള നാട്ടിൽ ഇന്നു സദാ മുഴങ്ങികൊണ്ടിരിക്കുന്ന ആവേശദായകമായ ഒരു പദമുണ്ട്. പുരോഗമനം അഥവാ പുരോഗതി. അതിനെ ഒരു വാദത്തിനുവേണ്ടി അംഗീകരിച്ചാൽ തന്നെ പുരോഗതിയിലുണ്ടാകുന്ന അധോഗതി ആരും ചർച്ച ചെയ്യുന്നില്ല, അതൊരു സത്യമായ കാര്യമാണ്.

"ദോഷം പറയരുതല്ലോ... നാം പുരോഗമിക്കുകയാണ്" ഇത്തരത്തിലാണ് നമ്മുടെ മുന്നേറ്റമെങ്കിൽ അധികം താമസിയാതെ മറ്റു സംസ്ഥാനങ്ങളെ പിന്തള്ളികൊണ്ടു നമ്മുടെ നാട് നമ്പർ വണ്ണാകും! ആനന്ദലബ്ദിക്കു ഇനിയെന്തു വേണം? അന്തരംഗം ആനന്ദ പൂരിതമാകുന്നുണ്ടോ? ഉണ്ടെങ്കിൽ പൂരിതപുളകങ്ങളണിയാൻ വരട്ടെ! ചില യാഥാർത്ഥ്യങ്ങളും അതിന്റെ കണക്കുകളും കേട്ടതിനുശേഷം നമുക്ക് കോൾമയിർ കൊള്ളാം. പുരോഗമനഘോഷം മുഴക്കി സംതൃപ്തിയടയുന്നവർകൂടി ഇതുമനസിലാക്കണം. കൃത്യമായ കണക്കുകൾ ഒരിക്കലും കള്ളം പറയില്ലല്ലോ ! അതുകൊണ്ടു ഈ പുരോഗതിയുടെ കണക്കുകളിലേക്ക് ഞാനൊന്നു വിരൽ ചൂണ്ടാം.

ആദ്യം മൂന്ന് സെൻട്രൽ ജയിലുകളുടെ സ്ഥിതി പരിശോധിക്കാം. തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിൽ 727 കുറ്റവാളികളെ പ്രവേശിപ്പിക്കാനാണ് ഇടമുള്ളത്. എന്നാൽ 1198 പേർ കുറ്റവാളികളായി അവിടെയുണ്ട്. തൃശൂരിലെ വിയ്യൂരിൽ 560 പേരെയാണ് ഉൾകൊള്ളാനാവുക. ഇപ്പോൾ 864 പേർ. കണ്ണൂരിൽ 856 പേരെയാണെങ്കിൽ 1013 പേർ അവിടെയുണ്ട്. ഇനി സാധാ ജയിലുകളുടെ കാര്യം. ആറ്റിങ്ങൽ -30-83, കൊട്ടാരക്കര - 92-188, കൊല്ലം-150 -275, ആലപ്പുഴ- 85-162, കോട്ടയം - 67- 131, എറണാകുളം - 180-863, പാലക്കാട് -272-313, കോഴിക്കോട് - 197 -314, ഇതാണ് കുറ്റവാളികളുടെ അവസ്ഥ. എല്ലായിടത്തും പരമാവധിശേഷിയുടെ 30 ശതമാനം മുതൽ 100 ശതമാനം വരെയാണ് വർദ്ധനവ്. എന്നാൽ ഇവരെ നിയന്ത്രിക്കേണ്ട ജയിൽ ജീവനക്കാരോ വളരെകുറവും. 12 പേർക്ക് ഒരു ഉദ്യോഗസ്ഥൻ പോലുമില്ലെന്നു സാരം. അതുകൊണ്ടുതന്നെ ജയിലിനകത്തും കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. കൂനിന്മേൽ കുരുവെന്നോണം ഇരുന്നൂറോളം ഉദ്യോഗസ്ഥർ ഭയം തുടങ്ങിയ കാരണങ്ങളാൽ രാജിവെച്ചുപോയി. ഇപ്പോൾ ജയിലുകളിൽ ഉള്ളവരിൽ പതിമൂന്ന് ശതമാനം പേർ പോക്സോ കേസ് പ്രതികളാണ്! ലഹരി, മയക്കുമരുന്ന് കേസുകൾ പതിനൊന്നു ശതമാനം വരും. ബാക്കിയുള്ളവരൊക്കെ കൊലപാതകം, മോഷണം, സ്ത്രീപീഡനം തുടങ്ങിയ മറ്റു കേസുകളിലെ പ്രതികളാണ്.

പഴയകാലത്തിന്റെയും കുറ്റകൃത്യങ്ങളുടെ കണക്കെടുത്താൽ ഒരു കാര്യം ബോധ്യമാകും. പുരോഗമനകാലത്ത് കുറ്റകൃത്യങ്ങളുടെ കണക്കെടുത്താൽ അസാധാരണമായ വർദ്ധനവാണ് കാണുന്നത്. ജനസംഖ്യാ വർദ്ധനവും അതിന് ഒരു കാരണമായി പറയുമെങ്കിലും ചില കഴിഞ്ഞകാല യാഥാർത്ഥ്യങ്ങളെ നമുക്ക് നിഷേധിക്കാനുമാവില്ല. പഴയകാലത്ത് മനുഷ്യരിൽ നിലനിന്നിരുന്ന പരസ്നേഹം പാടെ മാഞ്ഞു പോകാൻ തുടങ്ങിയിരിക്കുന്നു. "ഞാൻ ഞാൻ മാത്രം"........ "സ്വന്തം കാര്യം സിന്ദാബാദ്"

എന്നീ ഭാവങ്ങളിൽ മനുഷ്യർ നിമഗ്നരായി കഴിഞ്ഞു. ഓരോ മനസും സ്വാർത്ഥതയുടെ ദുർഗന്ധം വമിക്കുന്ന ആയുധപ്പുരകളായി. കേവലം നിസാരമായ കാര്യങ്ങൾക്ക് പോലും കഠാരകൊണ്ടും വാളകൊണ്ടും കണക്ക് തീർക്കുന്ന കാലമായി. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരിൽ മൃഗവാസന ഉണരുവാൻ അധികസമയമൊന്നും ആവശ്യമില്ല. പണ്ടൊക്കെ ദാരിദ്ര്യമായിരുന്നിട്ടുകൂടി പലതും പങ്കുവെച്ച് സ്നേഹിച്ചകാലം. ഒരു ചക്കമുറിച്ചാൽ അതിന്റെ ചില തുണ്ടങ്ങൾ അയൽപക്കത്തു കൊടുക്കാതെ ഭക്ഷിക്കാൻ സംതൃപ്തി തോന്നാത്ത കാലം. ഒരു വിരുന്നുകാരൻ മുന്നറിയിപ്പില്ലാതെ വന്നാൽ അടുത്തവീട്ടിലെ അടുക്കളയെ ആശ്രയിച്ചിരുന്ന കാലം. ആ സ്നേഹപ്രകടനങ്ങളൊക്കെ ജലരേഖപോലെ മാഞ്ഞുപോയിരിക്കുന്നു. ഇന്ന് മനസ്സിലും പറമ്പിലും മതിലുകെട്ടി മനുഷ്യർ അവരവലിലേക്ക് ചുരുങ്ങി പോയി. നന്മകൾ നശിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു! കാലം മാറിയപ്പോൾ കാഴ്ചകൾ വളരുന്നു.

പക്ഷേ കാരുണ്യത്തിന്റെ പരസ്നേഹത്തിന്റെ ക്ഷമാശീലത്തിന്റെ കരളുകൾ വല്ലാതെ ചുരുങ്ങിപ്പോയിരിക്കുന്നു. തനിക്കുമുകളിൽ തമ്പുരാനുണ്ടെന്ന തിരിച്ചറിവുപോലും തൻപോരിമയുടെ വേനലിൽ വറ്റി വരണ്ടു പോയിരിക്കുന്നു. പുരോഗമനത്തിന്റെ പാതയിൽ എവിടെയോ വെച്ചു വിലപ്പെട്ടതൊക്കെ മനുഷ്യന് നഷ്ടപ്പെടുകയാണ്.

മൃഗവാസനകൾ പരക്കുമ്പോൾ മനുഷ്യർ മാലാഖമാർ ആവില്ലല്ലോ. അടിസ്ഥാനമുറച്ചാലല്ലേ...... ആരുഢമുറയ്ക്കുക!

## ആരാധനാലയങ്ങൾ ഭരിക്കാൻ രാഷ്ട്രീയക്കാർ വേണ്ട

*(ഒന്നാം പേജ് തുടർച്ച)*

ആരാധനാലയങ്ങളും അവയുടെ ഭരണസമിതികളും വിശ്വാസികൾക്കുള്ളതാണ്. ദൈവവിശ്വാസമില്ലാത്തവർ അവയുടെ ഭരണത്തിൽവന്നാൽ, വിശ്വാസ കാര്യങ്ങളെ അവർക്ക് എങ്ങനെ പരിപോഷിപ്പിക്കാനാകും എന്നാണ് വിശ്വാസികൾ ചോദിക്കുന്നത്. അവിടെ വിവിധ രാഷ്ട്രീയക്കാർ നുഴഞ്ഞുകയറുന്നത് വിശ്വാസം പരിപോഷിപ്പിക്കാനല്ല എന്ന് എല്ലാവർക്കുമറിയാം. രാഷ്ട്രീയതാത്പര്യം വച്ചാണ് ഇക്കൂട്ടർ പ്രവർത്തിക്കുന്നത്. അവരുടെ കിടമത്സരങ്ങൾ പലപ്പോഴും സംഘർഷങ്ങൾക്കാണ് വഴിവച്ചിട്ടുള്ളത്. രാഷ്ട്രീയ നിറമില്ലാതെ, വിശ്വാസകാര്യങ്ങളുടെ അവികലമായ നടത്തിപ്പും പരിപോഷണവുമാണ് വിശ്വാസസമൂഹം ആഗ്രഹിക്കുന്നത്.

നിരീശ്വരവാദികളും സജീവ രാഷ്ട്രീയ പ്രവർത്തകരും ആരാധനാലയങ്ങളുടെ കമ്മിറ്റികളിലും ബോർഡുകളിലും കയറിപ്പറ്റുന്നത് തടയണമെന്ന ഹൈക്കോടതിവിധി രാഷ്ട്രീയ ഗൂഢാലോചനയ്ക്ക് തിരിച്ചടിയാകും. എങ്കിലും രാഷ്ട്രീയ സഹയാത്രികരെ മുന്നിലിരുത്തി പിൻസീറ്റ് ഡ്രൈവിംഗ് നടത്താൻ രാഷ്ട്രീയ കേന്ദ്രങ്ങൾ ശ്രമിക്കാതിരിക്കില്ല എന്നതിനാൽ വിശ്വാസിസമൂഹം ജാഗരൂകരാണ്.

ചർച്ച്ബിൽ കൊണ്ടുവരാനുള്ള നീക്കത്തെ ക്രൈസ്തവ സഭകൾ ശക്തിയായി എതിർക്കാൻ ഒരുകാരണം അത് രാഷ്ട്രീയവത്കരണത്തിനു വേണ്ടിയാകുമെന്നു ചൂണ്ടിക്കാട്ടിയാണ്. മതവിശ്വാസത്തെയും അവയുടെ ചട്ടക്കൂടിനെയും പരോക്ഷമായി നിർജീവമാക്കിയാൽ, പാർട്ടി വളർത്താനാവുമെന്ന് ചില രാഷ്ട്രീയക്കാർ ഉന്നംവയ്ക്കുന്നുണ്ട്. അതിന്റെയെല്ലാം നേട്ടത്തിനായാണ് രാഷ്ട്രീയക്കാർ വിശ്വാസികളുടെ കേന്ദ്രങ്ങളിൽ നുഴഞ്ഞുകയറുന്നത്. ഇതിനെതിരേ ജാഗ്രതപാലിക്കാനും ഇത്തരം നുഴഞ്ഞുകയറ്റം തടയാനും ഹൈക്കോടതിവിധി മുന്നറിയിപ്പ് നൽകിയിരിക്കുന്നത് സ്വാഗതാർഹമാണെന്നാണ് വിലയിരുത്തൽ.


25th Death Anniversary



Fr. SEBASTIAN MURINGATHERY
SONS OF OUR LADY OF DIVINE LOVE, ROME
Birth :15.05.1959
Ordination:14.05.1995
Died :11.03.1998

പാവന സ്മരണയ്ക്ക്



റവ. സി. കൊച്ചുത്രേസ്യ — വാഴപ്പിള്ളി SNDS — 27.11.1946 - 07.03.2022
ജോസഫ് വി. സി. — 30.05.1950 - 28.05.2019
റവ. സി. കൊച്ചന്നം — വാഴപ്പിള്ളി SNDS — 05.11.1937 - 07.08.2019
വാഴപ്പിള്ളി കുടുംബാംഗങ്ങൾ
സെന്റ് തോമസ് ഫൊറോനപ്പള്ളി, മറ്റം

പരസ്യങ്ങൾക്ക്
04872322326
9846322326

സാന്തോം 4U
വേളാങ്കണ്ണി തീർത്ഥയാത്ര
വെള്ളി , ശനി രാത്രി 7 മണിക്ക് പുറപ്പെടുന്നു. ഞായർ, തിങ്കൾ രാവിലെ തിരിച്ചെത്തുന്നു.
Non A/c 1600/-, A/c 1800/-, Volvo 2000/-, Volvo Multi Axle 2400/-
കൂനംമൂച്ചി പള്ളിയങ്കണത്തിൽ നിന്ന് പുറപ്പെടുന്നു ചൂണ്ടൽ, കേച്ചേരി, മുണ്ടൂർ, അയ്യന്തോൾ, ഒളരി, ചേറ്റുപുഴ, അരണാട്ടുക്കര വഴി വേളാങ്കണ്ണി യാത്ര
മാർച്ച് 10, മാർച്ച് 31 വേളാങ്കണ്ണി യാത്ര (3Days, Train) Rs. 2000
ഏപ്രിൽ 10 ഹൈദരാബാദ് (Train & Flight) Rs. 16000
ഏപ്രിൽ 15 മൈസൂർ, കൊടുക് (4Days) Rs. 6000
ഏപ്രിൽ 20 ഊട്ടി (3Days) Rs. 3500
ഏപ്രിൽ 30 കാശ്മീർ (Train & Flight) Rs. 30000
ഏപ്രിൽ 29 വേളാങ്കണ്ണി , പൂണ്ടി (3Days, A/C Bus) Rs. 2500
ഏപ്രിൽ27, മെയ് 25 ഗോവ (4Days, Train) Rs. 6500
മെയ് 15 ഡൽഹി, ആഗ്ര, ജയ്പൂർ (5Days, Train & Flight)
വിശുദ്ധനാട് തീർത്ഥാടനം മെയ് 21–31
വി. ദേവസഹായം പിള്ള യാത്ര പാക്കേജ് 75000-85000-100000
വേളാങ്കണ്ണി യാത്ര പാക്കേജ് Rs. 65000 -Rs. 75000 - Rs. 90000
വി. ദേവസഹായം യാത്ര പാക്കേജ് (3Days) Rs. 100000-110000- 130000
സാബു തട്ടിൽ വട്ടക്കണ്ണാടി : 9895077594; 9400245781
ഷാജു ചിറയത്ത് : 9387155747 ബോബി ചിറയത്ത് : 7558061571
സജി ജോസ് : 7907527477
E-mail: sabutjacob@gmail.com
പള്ളികൾക്ക് വേണ്ടി പ്രത്യേക ടൂർ പാക്കേജുകൾ ചെയ്തു കൊടുക്കുന്നു.
LALOOR CENTRE SHOPING COMPLEX, P.O. ELTHURUTH
santhom aranattukara

H&C BOOKS
വ്യത്യസ്ത വിഷയങ്ങളിൽ 17 ക്വിസ് പുസ്തകങ്ങൾ

| | |
|---|---|
| പൊതുവിജ്ഞാന ക്വിസ് | - 150/- |
| സാഹിത്യ ക്വിസ് | - 130/- |
| പരിസ്ഥിതി ക്വിസ് | - 80/- |
| പാഠപുസ്തക ക്വിസ് | - 250/- |
| പുരാണ ക്വിസ് | - 90/- |
| സ്വാതന്ത്ര്യസമര ക്വിസ് | - 90/- |
| ഗാന്ധി ക്വിസ് | - 50/- |
| ചരിത്ര ക്വിസ് | - 50/- |
| ടൂറിസം ക്വിസ് | - 90/- |
| കേരള ക്വിസ് | - 80/- |
| മലയാള കവിതാക്വിസ് | - 80/- |
| സ്കൂൾ ദിനാചരണ ക്വിസ് | - 70/- |
| ഗണിത ക്വിസ് | - 40/- |
| ബൈബിൾ ക്വിസ് | - 60/- |
| 1729 ഗണിത ക്വിസ് | - 150 |
| Photo quiz in mathematics | - 40/- |
| 1555 Science quiz | - 40/- |
| 1729 Maths quiz | - 180/- |

Google pay: 8943633335
Thiruvananthapuram Bhadra Center, Vanchiyoor, Kollam Jerome Nagar, Vadayattukotta, Pathanamthitta, Thiruvalla, Kottayam, Pala,Thodupuzha, Ernakulam SC Rd, Near TDM Hall, Kadavanthra, Kakkanad, Palarivatom, Edappally, Edappally WS, Thrippunithura, Thrissur High Rd, High Rd New, South Bazar, Round North, Ikkanda Warrior Rd, Kunnamkulam New Bus Stand Rd, Wadakkanchery Rd, Palakkad, Kozhikode, Kannur, Kanhangad, Bengaluru



Mr. T.P THOMAS (07.08.1976)
Mrs. THANDAMA THOMAS (17.03.1983)
THYKKATTIL ATTOKARAN HOUSE THRIOOR
GREATLY LOVED, DEEPLY MISSED
My Father & Mother
(son) LOWRANCE T ATTOKARAN FAMILY
St. Thomas Church Thrioor





മാർത്തോമാ ശ്ലീഹായുടെ സാന്നിദ്ധ്യം നിറഞ്ഞ ഇരിങ്ങാലക്കുട രൂപതയിലെ കനകമല മാർത്തോമ കുരിശുമുടി തീർത്ഥാടന കേന്ദ്രത്തിൽ നോമ്പുകാല തീർത്ഥാടനം ഫെബ്രുവരി 19 ഞായറാഴ്ച ആരംഭിച്ചു. നോമ്പുകാല കുരിശുമുടി തിരുകർമ്മങ്ങളിലും ഏപ്രിൽ രണ്ടിന് നടത്തപ്പെടുന്ന മഹാതീർത്ഥാടനത്തിലും പങ്കെടുത്ത് മാർ തോമാശ്ലീഹായുടെ മധ്യസ്ഥതയിലൂടെ കർത്താവിന്റെ അനുഗ്രഹം പ്രാപിക്കുവാനും പീഡാനുഭവങ്ങൾ ധ്യാനിക്കുവാനും ജാതിമതഭേദമെന്യേ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.
വികാരി & റെക്ടർ: ഫാ. ഷിബു നെല്ലിശ്ശേരി
സഹ വികാരിമാർ: ഫാ. ജെയിംസ് ഷെൽബി ആലപ്പാട്ട് CMI, ഫാ. ജിറ്റോ കുന്നത്ത് SDB
ജനറൽ കൺവീനർ: ബൈജു അറക്കൽ
കൈക്കാരന്മാർ: ആന്റണി കൊട്ടേക്കാട്ടുകാരൻ, ബിനോയ് മഞ്ഞളി, സിജോ കള്ളിയത്തുപറമ്പിൽ, ലിജോ ചാതേലി
കന്ദ്രസമിതി പ്രസിഡന്റ്: ജോയ് കുയിലാടൻ
പി.ആർ. ഒ: ഷോജൻ ഡി വിതയത്തിൽ
പബ്ലിസിറ്റി കൺവീനർ: ബിജു ചുള്ളി
സെക്രട്ടറി: ജീജ ജോയ് കള്ളിയത്ത് പറമ്പിൽ
കുരിശുമുടിയിലെ കുർബാനകൾ : രാവിലെ 6ന്, വൈകുന്നേരം 7ന്
വെള്ളിയാഴ്ചകളിൽ രാവിലെ 6ന്, 11ന്, വൈകുന്നേരം 7ന്

വേളാങ്കണ്ണിയാത്ര
എല്ലാ വെള്ളിയാഴ്ചയും വേളാങ്കണ്ണി യാത്ര Non A/c, A/c Volvo
ചാലക്കുടി ഇരിഞ്ഞാലക്കുട തൃശൂരിൽ നിന്നും പുറപ്പെടുന്നു

| | | |
|---|---|---|
| മാർച്ച് 11 | ഊട്ടി യാത്ര | Rs.3500/- |
| മാർച്ച് 10- മാർച്ച് 31 | വേളാങ്കണ്ണി ട്രെയിൻ യാത്ര | Rs.2000/- |
| ഏപ്രിൽ 10 | ഹൈദരാബാദ് ഒരു ഭാഗം ട്രെയിൻ ഒരു ഭാഗം flight | Rs.16000/- |
| ഏപ്രിൽ 15 | മൈസൂർ കൊടുക് | Rs.5500/- |
| ഏപ്രിൽ 27 | ഗോവ ട്രെയിൻ യാത്ര | Rs.6300/- |
| ഏപ്രിൽ 30 | കാശ്മീർ യാത്ര | |
| ഏപ്രിൽ 30 | തിരുവനന്തപുര കന്യാകുമാരി കോവളം യാത്ര | Rs.3500 /- |
| മെയ് 15 | ഡൽഹി ആഗ്ര, ജയ്പൂർ യാത്ര | Rs.32000/- |

എല്ലാ വിധ ടൂർ പാക്കേജുകൾക്കും സമാപിക്കുക
Jesus Holiday
പി.ഡിജോർജ്ജ് Thrissur, Mannuthy
9447512868, 8714433408, 9188139510

SHINING STAR TOURISTS
Mob: 9846242435
E-mail : sst.tcr@gmail.com

| | |
|---|---|
| ഏപ്രിൽ 2–6 | കാശ്മീർ |
| ഏപ്രിൽ 14 – 17 | വേളാങ്കണ്ണി, കൊടൈക്കനാൽ |
| ഏപ്രിൽ 17 – 23 | ഡൽഹി, ആഗ്ര, ജയ്പൂർ |
| ഏപ്രിൽ 25–27 | മൂന്നാർ, മറയൂർ |
| മെയ് 12–15 | മൈസൂർ, ശ്രീരംഗപട്ടണം |
| ജൂലൈ 28– ആഗസ്റ്റ് 1 | ഗോവ (ട്രെയിൻ) |

എല്ലാ വെള്ളിയാഴ്ചയും
വേളാങ്കണ്ണി തീർത്ഥയാത്ര



*പാലയൂർ മഹാതീർത്ഥാടനത്തിനോടനുബന്ധിച്ചുള്ള ആഘോഷ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുന്നു.*

# നിർധനർക്ക് 50 വീടുകളുമായി 'സാന്ത്വനഭവനം'

## പദ്ധതി മാർ തൂങ്കുഴിയുടെ ജൂബിലിയോടനുബന്ധിച്ച് ● പദ്ധതിയിൽ പങ്കാളികളാകാൻ 'ദിവസം ഒരു രൂപ' ചലഞ്ച്

തൃശൂർ : ആർച്ച്ബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴിയുടെ മെത്രാഭിഷേക സുവർണ ജൂബിലിയോടനുബന്ധിച്ച് തൃശൂർ അതിരൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ 'സാന്ത്വനം' 50 ഭവനങ്ങൾ നിർമ്മിച്ചു നൽകും. പദ്ധതിയുടെ ഉദ്ഘാടനം ബിഷപ് മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. രണ്ട് വീട് പണിയുന്നതിനുള്ള സ്പോൺസർഷിപ് തുക കുരിയച്ചിറ ഇടവകയിൽനിന്നും സ്വീകരിച്ചുകൊണ്ടാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. ഡിബിസിഎൽസി യിൽ നടന്ന ചടങ്ങിൽ വികാരി ഫാ. തോമസ് വടക്കൂട്ട് ചെക്ക് സാന്ത്വനത്തിന് കൈമാറി.

ഒരു ദിവസം ഒരു രൂപ മാറ്റിവെച്ച് (വർഷം 365രൂപ) 'സാന്ത്വനം ഭവനം' പദ്ധതിയിൽ ആർക്കും പങ്കാളികളാകാമെന്ന് ഡയറക്ടർ ഫാ. ജോയ് മൂക്കൻ അറിയിച്ചു.

സംഭാവനകൾ നേരിട്ടോ താഴെ പറയുന്ന അക്കൗണ്ട് നമ്പറിലേക്കോ കൈമാറാം. സംഭാവനകൾക്ക് സെക്ഷൻ 80G പ്രകാരമുള്ള ആദായനികുതി ഒഴിവ് ലഭിക്കും.
A/C No: 0299053000015191, IFSC: SIBL0000299
സൗത്ത് ഇന്ത്യൻ ബാങ്ക്, മിഷൻ ക്വാട്ടേഴ്സ് ബ്രാഞ്ച്, തൃശൂർ.
കൂടുതൽ വിവരങ്ങൾക്ക് 04872335557





*'സാന്ത്വനഭവനം' പദ്ധതി ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുന്നു. (മുകളിൽ). പദ്ധതിയിലേക്കുള്ള ആദ്യത്തെ സ്പോൺസർഷിപ്പ് തുക കുരിയച്ചിറ ഇടവക വികാരി ഫാ. തോമസ് വടക്കൂട്ട് മാർ നീലങ്കാവിലിന് കൈമാറുന്നു. (താഴെ)*





# അളഗപ്പനഗർ 'കാമ്പസിൽ പച്ചക്കറി തോട്ടം'

അളഗപ്പനഗർ: ത്യാഗരാജർ പോളിടെക്നിക് കോളേജിൽ കേരള കൃഷിവകുപ്പും, കോളേജിൽ പ്രവർത്തിക്കുന്ന ഭൂമിത്ര സേനയും, എൻഎസ്എസും സംയുക്തമായി നടപ്പിലാക്കുന്ന 'കാമ്പസിൽ പച്ചക്കറി തോട്ടം' എന്ന പദ്ധതിയുടെ ഉദ്ഘാടനം അളഗപ്പനഗർ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസൺ തയ്യാലക്കൽ നിർവഹിച്ചു. കൃഷി ഓഫീസർ റോഷ്നി കൃഷിയെക്കുറിച്ച് സെമിനാർ നയിച്ചു. പ്രിൻസിപ്പാൾ ടോണി പോൾ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അംഗം ഭാഗ്യവതി പഞ്ചായത്ത് വാർഡ് മെമ്പർമാരായ സനൽ മഞ്ഞളി, ജിജോ, ഡിനിൽ, പ്രിൻസ്, എ.എഫ് ജോസ്, ജോഷി ആൻഡേഴ്സൺ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ജനപ്രതിനിധികളും വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് പച്ചക്കറി തൈകൾ നട്ടു.



*അളഗപ്പനഗർ ത്യാഗരാജർ പോളിടെക്നിക് കോളേജിലെ 'ക്യാമ്പസിൽ പച്ചക്കറി തോട്ടം' എന്ന പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസൺ തയ്യാലക്കൽ നിർവഹിച്ചപ്പോൾ*

# വിശ്വാസ പരിശീലന ദിനാഘോഷവുമായി ഇടവകകൾ



*മുക്കാട്ടുകര ഇടവക വിശ്വാസ പരിശീലന വാർഷികാഘോഷം ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്യുന്നു*

### മുക്കാട്ടുകര

ഇടവകയിൽ നടന്ന വിശ്വാസ പരിശീലന വാർഷികാഘോഷം ജൂബിലി മിഷൻ മെഡിക്കൽ കോളജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. പോൾ തേയ്ക്കാനത്ത് അധ്യക്ഷനായിരുന്നു. പ്രിൻസിപ്പാൾ മേബിൾ, സെക്രട്ടറി ജെസ്വിൻ സാജു, അസി. വികാരി ഫാ. ആനു ചാലിൽ, മദർ സുപ്പീരിയർ സിസ്റ്റർ ജെസി ആന്റോ, പിടിഎ പ്രസിഡന്റ് റെജി ഇരിമ്പൻ, ആന്റോ എന്നിവർ പ്രസംഗിച്ചു.

വിശ്വാസ പരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ ഷിജു, ടോണി, എ.ഐ. വർഗീസ്, മിനി എന്നിവരെ അഭിനന്ദിച്ചു. അതിരൂപത തലത്തിൽ സമ്മാനാർഹരായ അധ്യാപകർ, വിദ്യാർത്ഥികൾ, മുൻ വർഷങ്ങളിൽ വിശ്വാസ പരിശീലന പരീക്ഷകളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ, മുഴുവൻ ഹാജരുള്ള വിദ്യാർത്ഥികൾ എന്നിവരെ സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

പിടിഎ കമ്മിറ്റി അംഗങ്ങൾ നടത്തിയ ഫുഡ് ഫെസ്റ്റും വിദ്യാർത്ഥികൾ അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികളും ഉണ്ടായിരുന്നു.

### എരുമപ്പെട്ടി

തിരുഹൃദയ ഫൊറോന ദൈവാലയത്തിൽ നടന്ന മതബോധന ദിനാഘോഷവും അവാർഡ് ദാനവും മതബോധന സോഷ്യൽ മിനിസ്ട്രി കൺവീനർ ഡോ. ടോണി ജോസഫ് ഉദ്ഘാടനം ചെയ്തു.

ഫൊറോന വികാരി ഫാ. ജോഷി ആളൂർ അധ്യക്ഷത വഹിച്ചു. വിവിധ മേഖലകളിൽ പ്രഗത്ഭ്യം തെളിയിച്ച ഇടവകാംഗങ്ങളായ ജോബിൻ ഐസക്, എം.കെ. ആൽഫ്രഡ്, ജിയ അന്ന ജിനേഷ് , ലെഫ്റ്റനന്റ് ജരാർദ് മജല്ല എം. തോമസ്, കെ.ബി. ബിനില എന്നിവരെയും, വിശ്വാസ പരിശീലനത്തിൽ 15 വർഷം പൂർത്തിയാക്കിയ കെ.വി. ഫ്രങ്ക്സിനെയും അനുമോദിച്ചു.

സഹവികാരി ഫാ. ലിവിൻ ചൂണ്ടൽ, മതബോധന യൂണിറ്റ് പ്രിൻസിപ്പൽ എ.എ. സെബാസ്റ്റ്യൻ, സെക്രട്ടറി എം.എൽ. ആന്റോ, പി.ടി.എ. പ്രസിഡന്റ് എം.വി. തോമസ്, കൈക്കാരൻ ബിജു വർഗീസ്, കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ കെ.ടി. സിന്റോ, സംഘടന ഏകോപന സമിതി കൺവീനർ കെ.ഒ. ജോണി, പ്രോഗ്രാം കൺവീനർ പി.എഫ്. സെബി എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞ അധ്യയന വർഷത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവരെ അനുമോദിച്ചു.



*എരുമപ്പെട്ടി ഫൊറോന ദൈവാലയത്തിലെ മതബോധന ദിനാഘോഷം ഡോ. ടോണി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു*



### നടത്തറ

തിരുഹൃദയ പള്ളിയുടെ വിശ്വാസ പരിശീലന വിദ്യാർത്ഥികൾ 2022-23 അധ്യയന വർഷത്തിൽ പങ്കെടുത്ത വിവിധ പരിപാടികളെയും ക്ലാസ് പ്രവർത്തനങ്ങളെയും കോർത്തിണക്കിക്കൊണ്ട് 'എക്സ്പോ ടാലന്റ്-23' എന്ന എക്സിബിഷൻ നടത്തി.

വികാരി ഫാ. ജോജു പുറത്തൂർ ഉദ്ഘാടനം ചെയ്തു. സഹവികാരി ഫാ. കനേഡിയൻ ഫ്രാൻസിസ് തണ്ടാശേരി, പ്രിൻസിപ്പാൾ സജി പോൾസൻ എന്നിവർ നേതൃത്വം നൽകി.

*നടത്തറ ഇടവകയിൽ വിശ്വാസ പരിശീലന ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ എക്സിബിഷൻ വികാരി ഫാ. ജോജു പുറത്തൂർ ഉദ്ഘാടനം ചെയ്യുന്നു*



*മരത്താക്കര മേരി ഇമ്മാക്കുലേറ്റ് ദൈവാലയത്തിൽ പുതുക്കിപ്പണയുന്ന സെമിത്തേരിയുടെ ശിലാസ്ഥാപനം വികാരി ഫാ. സെബി പുത്തൂർ നിർവഹിക്കുന്നു. അസി. വികാരി ഫാ. പോൾ മുട്ടത്ത് സമീപം.*

# മച്ചാട് അൾത്താര ബാലസംഘം സംഗമം

മച്ചാട്: സെന്റ് ആന്റണീസ് ദൈവാലയത്തിലെ അൾത്താര ബാലസംഘം സംഗമം സെന്റ് മേരീസ് മൈനർ സെമിനാരി റെക്ടർ ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി ഉദ്ഘാടനം ചെയ്തു.

വികാരി ഫാ. സെബി ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു. മദർ സിസ്റ്റർ റെജി, ആനിമേറ്റർ സിസ്റ്റർ റീന, ബ്രദർ ജിസ്മോൻ പുത്തൂര്, ട്രസ്റ്റി ജോജോ തേയ്ക്കാനത്ത്, വിശ്വാസപരിശീലന പ്രധാനധ്യാപിക വത്സ ടോം, കേന്ദ്രസമിതി കൺവീനർ തോമസ് പുത്തൂർ, ഏകോപന സമിതി പ്രസിഡന്റ് ആന്റണി ചെറുവത്തൂർ, ബ്രദർ ജിസ്മോൻ പുത്തൂർ, അൾത്താര സംഘം പ്രസിഡന്റ് ഹെൽവിൻ ജോജു, സെക്രട്ടറി മെബിൻ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.



*മച്ചാട് ഇടവകയിലെ അൾത്താര ബാലസംഘം സംഗമം ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു*



*മുണ്ടൂർ ഇടവകയിൽ അരങ്ങേറിയ 'അഗ്നിവലയം' എന്ന നാടകത്തിലെ അഭിനേതാക്കൾ വികാരി ഫാ. ഡേവിസ് പനംകുളത്തോടൊപ്പം*

# മുണ്ടൂരിൽ വീണ്ടും നാടകത്തിന് കേളികൊട്ട്

മുണ്ടൂർ: കർമ്മലമാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് സി. എൽ ജോസിന്റെ "അഗ്നിവലയം" എന്ന നാടകം അവതരിപ്പിച്ചു. ഇടവകയിലെ കാർമൽ തിയറ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ ഈ നാടകത്തിലെ മിക്ക കഥാപാത്രങ്ങളെയും അവതരിപ്പിച്ചത് ഇടവകയിലെ കലാകാരന്മാരായിരുന്നു.

ടോണി പേരാമംഗലം സംവിധാനം നിർവഹിച്ചു. കവഞ്ഞൂർ ജയൻ സാങ്കേതിക സഹായവും ചാക്കോച്ചൻ കിടങ്ങൻ സഹസംവിധാനവും നിർവഹിച്ചു. അന്തരിച്ച കലാകാരൻ സൈമണിന്റെ ഓർമ്മയ്ക്കായാണ് നാടകം അവതരിപ്പിച്ചത്.

കാർമൽ തിയറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ നേരത്തെ നിരവധി നാടകങ്ങൾ അരങ്ങിലെത്തിയിരുന്നു.

റവ. ഫാ. ഡേവിസ് പനംകുളം രക്ഷാധികാരിയും, ഫാ. സെബിൻ എം. എസ്. ടി. ഉപരക്ഷാധികാരിയായും മുണ്ടൂർ സണ്ണി, സി.ടി. ഡേവിസ്, എ. ജെ. ജെയ്ക്കബ്, എം. എം. പോളി, സി.എ. ജോൺസൺ, സന്തോഷ് ദേവസി, ചാക്കോച്ചൻ കിടങ്ങൻ എന്നിവർ ഭാരവാഹികളായും കാർമ്മൽ തിയ്യറ്റേഴ്സ് പ്രവർത്തിക്കുന്നത്.



പറപ്പൂർ ഇടവകയിലെ പാണേങ്ങാടൻ ജോസ്-ജീന ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞ് ജോൺ മാത്യു മാമോദീസ സ്വീകരണത്തിനു ശേഷം ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിനും മറ്റു വൈദികർക്കും കുടുംബാംഗങ്ങൾക്കുമൊപ്പം



വെണ്ടോർ ഇടവക സെന്റ് ജൂഡ് കുടുംബ കൂട്ടായ്മയിലെ ആലപ്പാട്ട് ഔസേപ്പ് മകൻ ജോഷി-സിമ്മി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദിസ അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചപ്പോൾ



*തിരൂർ സെന്റ് തോമസ് ഇടവകയിൽ ആരംഭിച്ച പാരിഷ് ഫെസിലിറ്റേഷൻ സെന്റർ അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്യുന്നു.*

# ചിറ്റാട്ടുകര കുടുംബ കൂട്ടായ്മ വാർഷികം

ചിറ്റാട്ടുകര: ഇടവകയിലെ ലിറ്റിൽ ഫ്ളവർ കുടുംബ കൂട്ടായ്മ വാർഷികവും യൂണിറ്റംഗമായ നവവൈദികൻ ഫാ. ഡേവിസ് പുലിക്കോട്ടിലിന് സ്വീകരണവും കെ. എസ്. സെബാസ്റ്റ്യന്റെ ഭവനത്തിൽ നടത്തി. എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിയോ ഫോക്സ് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. വിൽസൺ പിടിയത്ത് അധ്യക്ഷത വഹിച്ചു. നവവൈദികനെ മെമെന്റോ നൽകി ആദരിച്ചു. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്ര സമിതി ജനറൽ കൺവീനർ ഡോ. ജോർജ്ജ് അലക്സ് മുഖ്യപ്രഭാഷണം നടത്തി.

യൂണിറ്റ് പ്രസിഡന്റ് സണ്ണി കെ. ഫ്രാൻസിസ്, സെക്രട്ടറി സീന ഫ്രാൻസിസ്, അസി.വികാരി ഫാ. സ്റ്റീഫൻ അറയ്ക്കൽ, സിസ്റ്റർ സുപ്പീരിയർ ശാന്തിതെരേസ, കുടുംബ കൂട്ടായ്മ കേന്ദ്ര സമിതി പ്രസിഡന്റ് കെ.എഫ്. മത്തായി, ട്രസ്റ്റി എ.സി. ജെയിംസ്, സിസ്റ്റർ നിസി ക്ലെയർ, വൈസ് പ്രസിഡന്റ് കെ.എഫ്. ജെയിംസ് എന്നിവർ പ്രസംഗിച്ചു. കുടുംബ കൂട്ടായ്മയിൽ പ്രായം കൂടിയ ത്രേസ്യയെയും നവവൈദികന്റെ മാതാപിതാക്കളെയും വിവിധ മേഖലകളിൽ മികവു പുലർത്തിയവരെയും ആദരിച്ചു.



*കുറുമാൽ ഇടവക തിരുബാലസഖ്യം ദിനരാചരണത്തോടനുബന്ധിച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുവാനായി സമാഹരിച്ച കളിപ്പാട്ടങ്ങളുമായി*

# കുറുമാൽ തിരുബാലസഖ്യം

കുറുമാൽ: സെന്റ് ജോർജ് ദൈവാലയം തിരുബാലസഖ്യം ദിനാചരണത്തോടനുബന്ധിച്ച് നിർധന വിദ്യാർത്ഥികൾക്ക് നൽകുന്നതിന് കളിപ്പാട്ടങ്ങൾ സമാഹരിച്ചു. വികാരി ഫാ. നിക്സൺ കൊളാട്ടുകൂടി ഉദ്ഘാടനം നിർവഹിച്ച തിരുബാലസഖ്യ ദിനത്തിൽ ഫാ. ജോയ്സൺ ഇടശേരി പതാക ഉയർത്തി. പ്രിൻസിപ്പൽ ലിന്റോ വടക്കൻ, സിസ്റ്റർ അജയ് എംഎസ്ജെ , ആനിമേറ്റർ ജിൻസി വിനിൽ, അധ്യാപകരായ ജിസ്മിൽ ജുബിൻ, പ്രനിത ജോബി, ലീഡർമാരായ അമൽപോൾ, എം.ബി. അന്ന എന്നിവർ നേതൃത്വം നൽകി.

# മറ്റം കെ.സി.വൈ.എം രക്തദാന ക്യാമ്പ്

മറ്റം: കെസിവൈഎം യൂണിറ്റിന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തി. ഫൊറോന വികാരി റവ.ഡോ. ഷാജു ഊക്കൻ ഉദ്ഘാടനം ചെയ്തു. എഴുപതോളം തവണ രക്തം നൽകി വേറിട്ട മാതൃക നൽകിയ മറ്റം സെന്റ് ഫ്രാൻസീസ് ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകനും, എൻ.സി.സി ഓഫീസറുമായ മേജർ പി.ജെ. സ്റ്റൈജുവിനെ ആദരിച്ചു. അസി.വികാരി ഫാ. സജിൽ കണ്ണനായ്ക്കൽ തൃശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർ ലക്ഷ്മി, കെസിവൈഎം പ്രസിഡന്റ് ഏബൽ ആന്റണി, കൺവീനർ അലക്സ് ജോസ് കെ എന്നിവർ നേതൃത്വം നൽകി.





*മറ്റം കെ.സി.വൈ.എമ്മിന്റെ രക്തദാന ക്യാമ്പിൽ ഏറ്റവും കൂടുതൽ തവണ രക്തദാനം നടത്തിയ പി.ജെ.സ്റ്റൈജുവിനെ ആദരിച്ചപ്പോൾ*

# ബൈബിൾ കത്തിച്ച സംഭവം: കത്തോലിക്കാ കോൺഗ്രസ് പ്രതിഷേധിച്ചു

തൃശൂർ: ക്രൈസ്തവ സമൂഹം, തങ്ങളുടെ ജീവിതത്തിന്റെ വഴിയും വിളക്കുമായി കരുതുന്ന വിശുദ്ധ ബൈബിൾ കത്തിക്കുകയും, സോഷ്യൽ മീഡിയയിലൂടെ ആഘോഷിക്കുകയും ചെയ്ത സംഭവത്തിൽ കത്തോലിക്കാ കോൺഗ്രസ് ബസലിക്ക ഫോറോന സമിതി പ്രധിഷേധം രേഖപ്പെടുത്തി.ഡോളേഴ്സ് ബസലിക്ക റെക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷത വഹിച്ചു. ഷാനു ജോർജ്, ജെയിംസ് മുട്ടിക്കൽ, കെ.എം. ജോൺ, ബാബു മാത്യു, സി.ആർ. പോൾ, സണ്ണി ചിറക്കെകാരൻ, ജോൺസൻ പാലിയേക്കര, കെ.എം. ജോഷി, ഫിലോമിന വർഗീസ്, എം.ജി. ടോണി, കെ.ടി. ആന്റണി, സി.പി. ജോൺസൻ എന്നിവർ പ്രസംഗിച്ചു.

## പ്രതിഭകൾ /പുരസ്കാരങ്ങൾ



കണ്ണൂരിൽ നടന്ന സംസ്ഥാന മാസ്റ്റേഴ്സ് എയർ റൈഫിൾ ഷൂട്ടിങ്ങ് 10 മീറ്റർ ( 50 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള കാറ്റഗറി ) ഒന്നാം സമ്മാനം നേടിയ നെൽസൺ ജെ പാലക്കൽ. അരണാട്ടുകര ഇടവകാംഗമാണ്.



പ്രതിഭാ ഹിന്ദി സ്കോളർഷിപ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം റാങ്ക് നേടിയ ആൻവിൻ റിജു. റിജു-ജീന ദമ്പതികളുടെ മകനാണ്. എടക്കളത്തൂർ ഇടവകാംഗമാണ്



കോയമ്പത്തൂർ അവിനാശിലിംഗം യൂണിവേഴ്സിറ്റിയിൽ നിന്നു എം.എസ്സി സുവോളജിയിൽ ഒന്നാം റാങ്ക് നേടിയ കെ.ബി. ബിനില. എരുമപ്പെട്ടി ഇടവക കുര്യാളശേരിൽ ബേബി-സോഫിയ ദമ്പതികളുടെ മകളാണ്.



ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫുഡ് & ന്യൂട്രീഷനിൽ പി.എച്ച്ഡി നേടിയ റീന കെ. ചിറ്റിലപ്പിള്ളി. തൃശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ചീഫ് ഡയറ്റീഷനാണ്. പറപ്പൂർ ചിറ്റിലപ്പിള്ളി കാക്കപ്പൻ-മേരികുട്ടി ദമ്പതികളുടെ മകളാണ്. ഭർത്താവ് ചേറ്റുപുഴ വളപ്പില ജിജോ ജോൺ.

# കനകമല തീർത്ഥാടനം ആരംഭിച്ചു

ഇരിങ്ങാലക്കുട: കനകമല മാർ തോമ കുരിശുമുടി നോമ്പുകാല തീർത്ഥാടനം ആരംഭിച്ചു. പാലയൂർ തീർത്ഥകേന്ദ്രത്തിൽ നിന്നു പകർന്നു നൽകിയ ദീപശിഖ, നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ കൊടകര ഫൊറോന പള്ളിയിലെ സ്വീകരണത്തിന് ശേഷം കനകമല തീർത്ഥാടന കേന്ദ്രത്തിൽ എത്തിച്ചേർന്നു. തുടർന്ന് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ദീപം ഏറ്റുവാങ്ങി കുരിശുമുടിയിൽ സ്ഥാപിച്ചതോടെ 84 മത് കുരിശുമുടി തീർത്ഥാടനത്തിന് തുടക്കമായി. തീർത്ഥാടനം ഏപ്രിൽ 16 പുതുഞായറാഴ്ച മാർ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന തിരുനാൾ വരെ. ഫൊറോന വികാരി ഫാ ഡേവീസ് കല്ലിങ്കൽ, തീർത്ഥകേന്ദ്രം റെക്ടർ ഫാ. ഷിബു നെല്ലിശേരി, സഹ വികാരിമാരായ ഫാ. ജിറ്റോ കുന്നത്ത്, ഫാ ജെയിംസ് ആലപ്പാട്ട്, തീർത്ഥാടനം കൺവീനർ ബൈജു അറക്കൽ, ദീപശിഖാ പ്രയാണം കൺവീനർ ബിനോയ് മഞ്ഞളി, കൈക്കാരൻമാരായ ആന്റണി കൊട്ടേക്കാട്ടുകാരൻ, സിജോ കള്ളിയത്ത് പറമ്പിൽ, ലിജോ ചാതേലി, കേന്ദ്ര സമിതി പ്രസിഡന്റ് ജോയ് കുയിലാടൻ, പി.ആർ.ഒ. ഷോജൻ ഡി. വിതയത്തിൽ, പബ്ലിസിറ്റി കൺവീനർ ബിജു ചുള്ളി എന്നിവർ പങ്കെടുത്തു.

# സ്കൂൾ വാർഷികവും യാത്രയയപ്പും

കോടന്നൂർ: കോടന്നൂർ യു.പി. സ്കളിന്റെ 113-ാം വാർഷികം ആഘോഷിച്ചു. അധ്യാപിക സി.ഡി ലീനയ്ക്ക് യാത്രയയപ്പും നൽകി. ബേഡ്സ് പാർക്ക് ഓഡിറ്റോറിയത്തിൽ നടന്ന ആഘോഷപരിപാടി മുൻമന്ത്രി വി. എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. പാറളം പഞ്ചായത്ത് പ്രസിഡന്റ് സുബിത സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോയി അടമ്പുകുളം ഫോട്ടോ അനാച്ഛാദനം നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ. ആന്റണി ആലൂക്ക മുഖ്യപ്രഭാഷണം നടത്തി. മുൻ മാനേജർ ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ, ഡി.ഡി.ഇ മതനമോഹനൻ ട്രസ്റ്റി ജോയി ചിറ്റിലപ്പിള്ളി, പി.എ.ജേക്കബ്, ഹെഡ്മിസ്ട്രസ് സ്മിത സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.



*കോടന്നൂർ യു.പി. സ്കൂളിന്റെ 1വാർഷികാഘോഷം മുൻമന്ത്രി വി. എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു*

കത്തോലിക്കാസഭ
2023 മാർച്ച് ■ കുംഭം - മീനം 1198

# അനുരഞ്ജിതരായ്ത്തീർന്നീടാം ഒരുമയൊടീബലിയർപ്പിക്കാം

കാൽവരിയിലെ കുരിശിലെ യേശുവിന്റെ പരമയാഗം ഓർത്ത് അവിടുത്തെ കുരിശിന്റെ വഴി പരിത്യാഗങ്ങളോടെ പിഞ്ചെന്ന് അവിടുത്തെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രക്ഷാകരഫലങ്ങൾ സ്വീകരിക്കാൻ ഒരുക്കുന്ന നോമ്പുകാലത്തിലൂടെ സഭ കടന്നുപോകുന്നു. നമ്മളർപ്പിക്കുന്ന ബലികൾക്ക് ദൈവസന്നിധിയിലുള്ള സ്വീകാര്യത വർദ്ധിപ്പിക്കുന്നതും ദൈവത്തിന് പ്രീതികരമായ ബലികളായി മാറാനും നോമ്പുകാലം പ്രയോജനപ്പെടണം.

തന്റെ ബലിസമർപ്പണം യേശു പൂർത്തിയാക്കുന്നത് ക്ഷമയുടെ സമ്പൂർണപാഠം നൽകിക്കൊണ്ടാണ്. കുരിശിൽ കിടന്ന് അവിടുന്നു പ്രാർത്ഥിച്ചു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23: 34). ആ ബലി അർപ്പിക്കുന്നതിന് യേശു പോകുന്നത് ദൈവതിരുമനസ്സിനോടുള്ള സമ്പൂർണ വിധേയത്വത്തോടെയാണ്. "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ"(മത്താ 22: 42). ദൈവത്തിനുള്ള ബലിയർപ്പണത്തിൽ ശിഷ്യർ പാലിക്കേണ്ട അടിസ്ഥാനഭാവങ്ങൾ ഈശോ വ്യക്തമാക്കുന്നതാണ് ഈ രംഗങ്ങൾ.

കായേന്റെയും ആബേലിന്റെയും ബലികളെ വിവരിക്കുമ്പോൾ വിശുദ്ധഗ്രന്ഥം പറയുന്നു: "ആബേലി ലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചു. എന്നാൽ കായേനിലും അവന്റെ കാഴ്ച വസ്തുക്കളിലും അവിടുന്നു പ്രസാദിച്ചില്ല" (ഉൽപ 4:4-5). ദൈവത്തിനു ബലിയർപ്പിക്കുന്നവർ സ്വന്തം താല്പര്യവും നേട്ടവും നോക്കിയല്ല, ദൈവത്തിന് സ്വീകാര്യവും പ്രീതികരവുമായ വിധത്തിലാണ് ബലിയർപ്പിക്കേണ്ടതെന്ന് വിശുദ്ധഗ്രന്ഥം വ്യക്തമായി പഠിപ്പിക്കുന്നു. മാത്രമല്ല, ബലിയർപ്പണം സാർത്ഥകമായി വിധേയമാകുമ്പോൾ അത് ഉപരി പാപങ്ങൾക്കും കാരണമാകാം. ദൈവം സംപ്രീതനാകാത്തതിൽ കോപിഷ്ഠനായ കായേനോട് അവിടുന്ന് പറഞ്ഞു: "ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ല തുചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു; നീ അതിനെ കീഴ്പ്പെടുത്തണം" (ഉൽപ 4:7).

സീറോ മലബാർസഭയുടെ ബലിയർപ്പണം ആരംഭിക്കുന്നതുതന്നെ ഈശോയുടെ നാമത്തിൽ ഒന്നുചേർന്ന് ഒരുമയോടെയും അനുരഞ്ജിതരായിതീർന്നും ഈശോയുടെ സ്നേഹത്തോടെ ബലിയർപ്പിക്കാമെന്നുള്ള അർത്ഥനയോടെയാണ്. ബലി ദൈവത്തിന് സ്വീകാര്യമാകണമെങ്കിൽ ഈശോയുടെ തിരുനാമത്തിൽ ഒന്നുചേർന്ന് അർപ്പിക്കണം. അവിടുത്തെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്താണ് അവിന്ന് സന്നിഹിതനാകുക. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18:20). അവിടുത്തെ നാമത്തിൽ പ്രാർത്ഥിച്ചാലേ അനുഗ്രഹങ്ങൾ ലഭിക്കൂ. "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ 14:13–14).

ശിഷ്യർക്ക് ഐക്യമുണ്ടെങ്കിലേ അവിടുത്തെ നാമത്തിൽ ഒരുമിച്ചുകൂടാനാകൂ. അതിനാലാണ് അവരുടെ ഒരുമയ്ക്കുവേണ്ടി ഈശോ പ്രാർത്ഥിച്ചത്. "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ!" (യോഹ 17:11) അനുരഞ്ജനം നടക്കുന്നില്ലെങ്കിൽ ഒരുമയുണ്ടാകില്ല. സ്നേഹിക്കാനും ക്ഷമിക്കാനും അനുരഞ്ജിതരാകാനും ഐക്യപ്പെടാനുംവേണ്ടിയാണ് യേശുവിന്റെ നാമം ഉപയോഗിക്കേണ്ടത്. അത് ബിന്നിപ്പിന്റെ അടയാളമല്ല.

അനുരഞ്ജനപ്പെട്ടും ഐക്യത്തോടെയും ഗുരുവിന്റെ സ്നേഹം പ്രാവർത്തികമാക്കി ബലിയർപ്പിക്കണമെന്ന് വി. കുർബാനയിലെ ആരംഭത്തിൽത്തന്നെ അനുസ്മരിപ്പിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക." (മത്താ 5:23–24) എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം കർത്താവ് കല്പിച്ചിട്ടുണ്ട്.

"ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്." (യോഹ 4:24) എന്നു കൂടി ഈശോ വ്യക്തമാക്കുന്നു. ദൈവം ബലിയോ ആരാധനയോ സ്വീകരിക്കുന്നത് ബലിയർപ്പണരീതികളിൽ അർപ്പകരോ ആരാധകരോ വ്യക്തിപരമായി പുലർത്തുന്ന ഇഷ്ടങ്ങളോ സംതൃപ്തിയോ ദൈവാലയത്തിന്റെ പ്രൗഢിയോ, ബലിവസ്തുക്കളുടെ മേന്മയോ അടിസ്ഥാനമാക്കിയല്ല എന്ന് വ്യക്തം. അവയല്ലോ ബലിയർപ്പണത്തിനു സഹായകമാണെങ്കിലും, ദൈവത്തിന്റെ പ്രീതി മേലുദ്ധരിച്ച തിരുവചനങ്ങളിൽ നിന്ന് വ്യക്തമാണ്. ബലിയർപ്പണത്തിൽ പങ്കെടുക്കുന്നവരുടെ ദൈവസ്നേഹവും പരസ്നേഹവും ഒരുമയും അനുരഞ്ജനവുമാണ് ദൈവത്തെ പ്രീതിപ്പെടുത്തുന്നന്നതും ബലി അവിടുത്തേക്ക് സ്വീകാര്യമാക്കുന്നതും. രമ്യതപ്പെടാതെ അർപ്പിക്കുന്ന ബലിയെയെന്നും കർത്താവിന് സ്വീകാര്യമല്ല. സ്നേഹത്തിനോ അനുരഞ്ജനത്തിനോ കുറവുവന്നിട്ടുണ്ടെങ്കിൽ അത് നികത്തുന്നതിനുള്ള സുവർണാവസരമാണ് നോമ്പുകാലം.

ആകാശ വിഹായസിൽ പക്ഷികളെപ്പോലെ പാറിനടക്കാൻ നാം പഠിച്ചുകഴിഞ്ഞു. മത്സ്യത്തെപ്പോലെ കടലിന്റെ ആഴങ്ങളിൽ കുതിക്കാനും നാം പഠിച്ചിട്ടുണ്ട്. ഈ ഭൂമിയിൽ മനുഷ്യരെപ്പോലെ ജീവിക്കാൻ മാത്രമാണ് ഇനി പഠിക്കാൻ ബാക്കിയായിട്ടുള്ളതെന്ന് പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരൻ ജോർജ് ബെർണാഡ്ഷാ പറഞ്ഞിട്ടുണ്ട്. ജീവിതത്തിൽ നാം ഒട്ടേറെ കാര്യങ്ങൾ നേടിയെടുത്തു. അവിസ്മരണീയമായ കണ്ടുപിടിത്തങ്ങൾ ചരിത്രമായി. ലോകത്തെവിടെയുമുള്ള മനുഷ്യരുമായി കണ്ടു സംസാരിക്കാൻ തക്കരീതിയിൽ ലോകം വിരൽത്തുമ്പിലെത്തിയെന്ന് നമുക്കു കഴിഞ്ഞിരിക്കുന്നു. ബർണാഡ്ഷായുടെ വാക്കുകൾ കടമെടുക്കുകയാണെങ്കിൽ ഒരേയൊരു കാര്യത്തിൽ മാത്രം നാം ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. അത് മനുഷ്യരെപ്പോലെ ഈ ഭൂമിയിൽ ജീവിക്കുക എന്നതാണ്. എല്ലാവരിലും ക്രിസ്തുവിനെ തിരിച്ചറിയാനും ശത്രുതയുടെ വേലികെട്ടുകൾ ഇല്ലാതാക്കാനും നമ്മെ പഠിപ്പിച്ച ദൈവവമാണ് യേശു. ഈ ക്രൈസ്തവികതയാണ് യഥാർത്ഥ മനുഷ്യത്വം. ക്രൈസ്തവ വിശ്വാസത്തിന്റെ സാരക്ഷകരായി അണിനിരക്കുമ്പോഴും, അനുരഞ്ജനത്തിനു പകരം ഭിന്നതകൾ പരിപോഷിപ്പിച്ച് തിരുവചനങ്ങളും യേശുവിന്റെ ജീവിതവും നൽകുന്ന ആത്മീയവും മാനുഷികവുമായ പാഠങ്ങൾ വിസ്മരിക്കുന്നില്ലേ എന്ന് പുനർവിചിന്തനം അനിവാര്യമായിരിക്കുന്നു.


പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനായാനുള്ള അവസരമാണല്ലോ നോമ്പുകാലം. പൈശാചികമായതിൽനിന്നെല്ലാം പിന്തിരിയുമ്പോഴാണ് ദൈവികമായ പുതിയ മനുഷ്യൻ രൂപപ്പെടുകയുള്ളൂ. തന്റെ പരസ്യജീവിതത്തിന്റെ തുടക്കത്തിൽ ദൈവവിരുദ്ധമായ ഓഫറുകളുമായി എത്തിയ സാത്താനോട് യേശു പറയുന്നത്, സാത്താനേ നീ ദൂരെപ്പോകുക എന്നാണ്. ദൈവത്തിലേക്കുള്ള യാത്രയിൽ പൈശാചികതയ്ക്ക് സ്ഥാനമില്ലെന്ന് യേശു കാണച്ചുതരുന്നു.

പാപത്തിന്റെ ഇരുണ്ടഭൂമികയിൽ തളച്ചിടാൻ പ്രലോഭകനായി പിശാച് എന്നും നമുക്കു ചുറ്റിലുമുണ്ട്. അവൻ പല രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. യേശുപഠിപ്പിച്ച സ്നേഹത്തിന്റെയും ക്ഷമയുടെയും സ്ഥാനത്ത് വിദ്വേഷവും പകയും കോപവും ദൈവത്തിന്റെ പേരിൽ പാലും വളർത്താൻ പിശാച് സമർത്ഥനാണ്. സഭയിലെ അന്തച്ഛിദ്രങ്ങൾ കാണുമ്പോൾ, ദൈവത്തിനുവേണ്ടി പോരാടുന്നതായി തെറ്റിദ്ധരിപ്പിച്ച് ക്രിസ്തുശിഷ്യരെ തന്റെ കീഴിൽ അണിനിരത്താൻ കൗശലക്കാരനായ പിശാചിന് സാധിക്കുന്നുണ്ടെന്ന് കാണുന്നു. പിശാചിനെ വിജയിപ്പിക്കാൻ ക്രിസ്തുശിഷ്യർ നിന്നുകൊടുക്കണോ? ഇവിടെ യഥാർത്ഥ ക്രൈസ്തവരായി മാറാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ നാം നഷ്ടപ്പെടുത്തുന്നത് മഹത്തായ ജീവിതമാണ്. പരസ്പര മാത്സര്യത്തിന്റെയോ അധികാര വടംവലിയുടെയോ മക്കളാകാനുള്ളതല്ല ക്രൈസ്തവജീവിതം. ശിഷ്യരുടെയിടയിൽ അങ്ങനെയാകരുത് എന്നാണ് അവിടുന്ന് ആവശ്യപ്പെട്ടത് (മർക്കോ 10:43).

ദൈവത്തിലേക്കുള്ള ഒരു തിരിച്ചുവരവിന് 50 നോമ്പ് നമ്മെ മാടിവിളിക്കുന്നു - അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും നിറകുടങ്ങളായി ക്രിസ്തുവിൽ നവജീവിതം കെട്ടിപ്പടുത്ത് പുതിയ മനുഷ്യരാകാൻ. എഫേസോസുകാർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു: "അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു. കൽപനകളുടെയും ചട്ടങ്ങളുടെയും ആധിപത്യം അവൻ തന്റെ ശരീരത്തിലൂടെ ഇല്ലാതാക്കി. ഇരുകൂട്ടരുടെയും സ്ഥാനത്ത് ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ടു സമാധാനം സംസ്ഥാപിക്കാനും കുരിശുവഴി ഒരേശരീരത്തിൽ ഇരുകൂട്ടരെയും ദൈവത്തോട് അനുരഞ്ജിപ്പിക്കാനും അങ്ങനെ, തന്നിലൂടെ ശത്രുത അവസാനിപ്പിക്കാനുമാണ് അവൻ ഇങ്ങനെ ചെയ്തത്" (എഫേ 2:14–16).

നമുക്ക് യേശുവിന്റെ കുരിശിലേക്ക് കണ്ണുകൾ തിരിക്കാം. ഭിന്നിപ്പിന്റെയും ശത്രുതയുടെയും ഇരുളിൽ ക്രിസ്തുവിനെ കണ്ടെത്താനാകില്ല. സ്നേഹവും ക്ഷമയും വിനയവും അനുരഞ്ജനവും തീർക്കുന്ന ഇടുങ്ങിയ വാതിലിലൂടെ അവനിലേക്ക് ഈ നോമ്പുകാലത്ത് നമുക്ക് യാത്രചെയ്യാം.

# ആശ്വാസം നൽകാത്ത ബജറ്റുകൾ



ടി.സി.മാത്യു
(ദീപിക മുൻ അസിസ്റ്റന്റ് എഡിറ്ററും ധനകാര്യ വിദഗ്ധനുമാണ് ലേഖകൻ)

**// അധ്വാനിക്കാൻ പറ്റുന്ന ചെറുപ്പക്കാർ കുടിയേറിപ്പോകുകയും വൃദ്ധ ജനസംഖ്യ കൂടുകയും ചെയ്യുന്ന കാര്യം പ്രസംഗത്തിന്റെ ആദ്യം മന്ത്രി എടുത്തു പറഞ്ഞു. കടത്തിന്റെ ഭീഷണി വർധിപ്പിക്കുന്നതാണു ബാലഗോപാൽ പറഞ്ഞ ജനസംഖ്യാ കണക്കുകൾ**

നേരിട്ട് ജീവിതച്ചെലവു കൂട്ടുന്ന കാര്യങ്ങളൊന്നും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ കേന്ദ്രബജറ്റിൽ ചെയ്തില്ല. പക്ഷേ, ജനം പ്രതീക്ഷിച്ച പല ആനുകൂല്യങ്ങളും ലഭിച്ചില്ല.

കേരള ധനമന്ത്രി കെ.എൻ. ബാലഗോപാൽ അതിനു പകരം തീർത്തുവെന്നു ചിലർ പറയുന്നു. അതല്ല, കേന്ദ്രത്തിന്റെ സമീപനം കാരണം ജീവിതച്ചെലവ് കൂട്ടാൻ അദ്ദേഹം നിർബന്ധിതനായെന്ന് കേരളത്തിലെ ഭരണമുന്നണിയും പറയുന്നു.

ഇതാണ് 2023-24ലേക്കുള്ള കേന്ദ്ര-സംസ്ഥാന ബജറ്റുകൾ കഴിഞ്ഞപ്പോൾ സാധാരണ ജനത്തിന്റെ അവസ്ഥ.

ആദ്യം കേന്ദ്രബജറ്റ് പരിശോധിക്കാം. ബജറ്റിൽ പുതിയ നികുതികളില്ല. എന്നാൽ, ജനജീവിതം ദുഃസഹമാക്കുന്ന തരത്തിൽ ഇന്ധനവില കൂട്ടിനിർത്തുന്ന സെസുകളും എക്സൈസ് ഡ്യൂട്ടിയും കുറയ്ക്കാൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല. മറ്റേതെങ്കിലും മേഖലയിൽ പ്രത്യേക ആശ്വാസവുമില്ല. ആദായനികുതിയിൽ വരുത്തിയിരിക്കുന്ന പരിഷ്കാരം പൊതുവേ സ്വീകാര്യവുമല്ല.

രണ്ടുവർഷം മുൻപ് അവതരിപ്പിച്ച ഒഴിവുകൾ ഇല്ലാത്ത പുതിയ ആദായനികുതി സ്കീമിൽ ഇതുവരെ 10 ശതമാനം പേർ മാത്രമേ ചേർന്നിട്ടുള്ളൂ. 90 ശതമാനവും പഴയ സ്കീം തുടരുന്നു. ലൈഫ് ഇൻഷ്വറൻസ്, പ്രൊവിഡന്റ് ഫണ്ട്, സർക്കാരിന്റെ വിവിധ സമ്പാദ്യപദ്ധതികൾ, ടാക്സ് സേവിംഗ് സമ്പാദ്യപദ്ധതികൾ തുടങ്ങിയവയിലെ നിക്ഷേപങ്ങൾ, ഭവനവായ്പയുടെ തിരിച്ചടവും പലിശയും, വിദ്യാഭ്യാസച്ചെലവ്, ഹെൽത്ത് ഇൻഷ്വറൻസ് പ്രീമിയം തുടങ്ങിയവ പഴയ സംവിധാനത്തിൽ നികുതിയൊഴിവിനും നികുതിലാഭത്തിനും ഉപകരിച്ചിരുന്നു. ഒപ്പംതന്നെ വ്യക്തികൾക്ക് വാർധക്യകാല സുരക്ഷയും പാർപ്പിടവും ഉറപ്പാക്കുന്നതുമാണ് ആ സംവിധാനം.

പുതിയ സംവിധാനത്തിൽ വ്യക്തികൾ ഈയിനങ്ങളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് നികുതിയിളവുകളോ സൗജന്യങ്ങളോ ഇല്ല. അതു സ്വാഭാവികമായും സമ്പാദ്യശീലത്തെ ബാധിക്കുമെന്ന് പരക്കെ വിമർശനമുണ്ട്. ഒപ്പം, ഭവനനിർമാണത്തിനും ഇൻഷ്വറൻസ് മേഖലയ്ക്കുമുള്ള ആകർഷകത്വം കുറയുകയും ചെയ്യും. അത് വിശാലമായ ദേശീയ താത്പര്യത്തിന് അനുഗുണമല്ലെന്ന് വിമർശകർ പറയുന്നു.

പുതിയ സ്കീമിൽ ചേരുന്നത് ആകർഷകമാക്കാൻ ഇത്തവണ രണ്ടു കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒന്ന്, നികുതിയൊഴിവു പരിധി ഏഴ് ലക്ഷം രൂപയാക്കി. രണ്ട്, ശമ്പള വരുമാനക്കാർക്ക് സ്റ്റാൻഡാർഡ് ഡിഡക്ഷൻ (50,000 രൂപ) അനുവദിച്ചു. കഴിഞ്ഞ വർഷംവരെ ഒരുതരത്തിലുള്ള കിഴിവും ഇല്ലാതിരുന്ന സ്ഥാനത്താണ് ഇത്.

ഒഴിവുപരിധി വർധിപ്പിക്കുന്നത് പുതിയ സ്കീമിൽ മാത്രമാണ്. പഴയ സ്കീമിൽ രണ്ടര ലക്ഷം രൂപ മുതൽ നികുതി കണക്കാക്കും. അഞ്ച് ലക്ഷം രൂപ വരെയുള്ള വരുമാനക്കാർക്ക് അതുവരെയുള്ള തുകയ്ക്ക് റിബേറ്റ് നൽകി അവരെ നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുന്നതാണ് നിലവിലെ രീതി; അതു തുടരും. അവരുടെ സ്ലാബുകളിലും മാറ്റമില്ല. എന്നാൽ, പുതിയ സ്കീമിൽ ഏഴ് ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് റിബേറ്റ് നൽകി നികുതിയിൽനിന്ന് ഒഴിവു കൊടുക്കുന്നു. സ്ലാബുകളിലും മാറ്റം വരുത്തി.

## ഇൻഷ്വറൻസ് ശിക്ഷയാകുമോ...?

ഇൻഷ്വറൻസ് മേഖലയെ സംബന്ധിച്ച് ഈ ബജറ്റ് ചെറുതല്ലാത്ത ഇരുട്ടടിയാണു സമ്മാനിക്കുന്നത്. 5 ലക്ഷം രൂപയിൽ കൂടുതൽ പ്രീമിയം അടയ്ക്കേണ്ട ഇൻഷ്വറൻസ് പോളിസികൾ കാലാവധി ആകുമ്പോൾ വരുമാനത്തിന് നികുതി നൽകണമെന്നാണ് പുതിയ വ്യവസ്ഥ. ഈ ഏപ്രിൽ ഒന്നുമുതൽ ചേരുന്ന പോളിസികൾക്കു മാത്രമേ ഇതു ബാധകമാകൂ. അതുവരെ ചേർന്നവയ്ക്കൊന്നും (പ്രീമിയം തുക എത്ര വന്നാലും) നികുതി ബാധകമല്ല.നികുതി ചുമത്തുന്നത് സമ്പന്നവിഭാഗത്തെ നികുതിവലയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമാണെന്ന് സർക്കാർ വാദിക്കുന്നു. അവർക്ക് സേവിംഗ്സ് നടത്താൻ സ്കീമിന് സർക്കാരിന്റെ നികുതിയിളവ് ആവശ്യമില്ലല്ലോ എന്നാണ് ഭാഷ്യം. ഒരാൾ എടുക്കുന്ന എല്ലാ പോളിസികളുടെയും തുക മൊത്തം കണക്കാക്കിയാണ് അഞ്ച് ലക്ഷം പരിധി.

## വിദേശയാത്രയ്ക്കു നികുതി

വിദേശത്തേക്കു പണമയയ്ക്കുന്നതിന് നിലവിലുള്ള നികുതി നാലിരട്ടി ആക്കിയതാണ് ബജറ്റിലെ മറ്റൊരു നിർദേശം. വിദേശയാത്ര, വിദേശത്ത് ഓഹരിവാങ്ങൽ, വസ്തുവാങ്ങൽ, കെട്ടിടം വാങ്ങൽ, വിദേശത്തുള്ള ബന്ധുക്കൾക്ക് ധനസഹായം എന്നിവയ്ക്കായി ചെലവാക്കുന്ന പണത്തിനാണ് ഈ നികുതി. ഏഴ് ലക്ഷം രൂപയിൽ കൂടുതൽ ചെലവ് വരുന്ന വിദേശയാത്രയ്ക്ക് തുകയുടെ 20 ശതമാനം ടിസിഎസ് (ടാക്സ് കളക്ഷൻ അറ്റ് സോഴ്സ്) പിടിച്ച് അടയ്ക്കണം. ടൂർ ഓപ്പറേറ്റർമാരാണ് ഇതു ചെയ്യേണ്ടത്. ഈ തുക പിന്നീട് റിട്ടേൺ സമർപ്പിച്ച് നികുതിദാതാവിന് തിരികെ വാങ്ങാം. പക്ഷേ, മാസങ്ങളോളം ഈ തുക സർക്കാർ ഖജനാവിൽ കിടക്കും.

ഇന്ത്യൻ രൂപ സ്വീകരിക്കുന്ന വിദേശ ടൂർ ഓപ്പറേറ്റർമാർ വഴി യാത്ര ബുക്ക് ചെയ്യുന്നവർക്ക് ഈ നികുതി മറികടക്കാം എന്ന ഒരു സൗകര്യവുമുണ്ട്. വിദേശയാത്രയ്ക്ക് അനാവശ്യമായി ചെലവു വർധിപ്പിക്കുന്ന ഒരു നീക്കമാണിത്. വിശുദ്ധ നാട് തീർത്ഥാടനം പോലെ ഒരാൾക്ക് ഒന്നോ രണ്ടോ ലക്ഷം രൂപയിലൊതുങ്ങുന്ന യാത്രകൾക്ക് ഈ നികുതി ബാധകമല്ല.

വിദേശത്ത് ഓഹരി വാങ്ങുന്നതടക്കമുള്ള മറ്റു കാര്യങ്ങൾക്കും ഇതേപോലെ 20 ശതമാനം നികുതി മുൻകൂർ അടയ്ക്കണം. വിദ്യാഭ്യാസം, ചികിത്സ എന്നീ ആവശ്യങ്ങൾക്ക് അയയ്ക്കുന്ന വിദേശനാണ്യത്തിനു മാത്രം ഈ നികുതി ബാധകമല്ല.

## മുതിർന്നവർക്കു കൂടുതൽ നിക്ഷേപം


ബജറ്റിലെ സ്വാഗതം ചെയ്യപ്പെടുന്ന നിർദേശങ്ങളിലൊന്നാണ് മുതിർന്ന പൗരർക്കും സ്ത്രീകൾക്കും ദേശീയസമ്പാദ്യ പദ്ധതിയിലെ ചില സ്കീമുകൾ ആകർഷകമാക്കിയത്. സീനിയർ സിറ്റിസൺസ് സേവിംഗ്സ് സ്കീമിൽ നിലവിൽ 15 ലക്ഷം രൂപയാണു നിക്ഷേപിക്കാവുന്നത്. ഇത് 30 ലക്ഷം രൂപയാക്കി വർധിപ്പിച്ചു. എട്ട് ശതമാനം പലിശയുള്ള നിക്ഷേപ പദ്ധതിയാണിത്. ഈ പലിശ നിലനിന്നാൽ 30 ലക്ഷം രൂപയുടെ നിക്ഷേപത്തിന് മാസം 20,000 രൂപ ലഭിക്കും. വാർധക്യം നീണ്ടുപോകുന്ന ഇക്കാലത്ത് മുതിർന്ന തലമുറയ്ക്കു നൽകുന്ന യുക്തിസഹമായ ഒരാനുകൂല്യമാണിത്. പോസ്റ്റ് ഓഫീസ് മന്ത്‌ലി ഇൻകം സ്കീമിലെ നിക്ഷേപ പരിധി 4.5 ലക്ഷം രൂപയിൽനിന്ന് 9 ലക്ഷമാക്കി. ജോയിന്റ് അക്കൗണ്ടാണെങ്കിൽ 9 ലക്ഷത്തിൽനിന്ന് 15 ലക്ഷം രൂപയിലേക്കും. 7.1 ശതമാനം പലിശയുള്ളതാണ് ഈ നിക്ഷേപം. പ്രതിമാസ വരുമാനം വ്യക്തിഗത അക്കൗണ്ടിൽ 5325 രൂപ. ഇതിന്റെ പലിശ 8 ശതമാനം ആക്കിയിരുന്നെങ്കിൽ പ്രതിമാസ വരുമാനം 6,000 രൂപ ലഭിക്കുമായിരുന്നു. എങ്കിലും പരിധി ഉയർത്തിയത് ആശ്വാസകരമാണ്.

സ്ത്രീകൾക്കായി 7.5 ശതമാനം പലിശനിരക്കിൽ രണ്ടു വർഷത്തേക്കുള്ള ഒരു നിക്ഷേപപദ്ധതിയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിക്ഷേപപരിധി രണ്ടുലക്ഷം രൂപയാണ്. കാലാവധിയും നിക്ഷേപ പരിധിയും കുറവാണ് എന്ന ആക്ഷേപമാണ് ഇതേപ്പറ്റിയുള്ളത്; എങ്കിലും പദ്ധതി സ്വാഗതം ചെയ്യപ്പെടുന്നു.

## ശ്രദ്ധ കമ്മിയിൽ

ബജറ്റിലെ ശ്രദ്ധ കമ്മിക്കാര്യത്തിലാണ്. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾ നിയന്ത്രണമില്ലാത്ത കമ്മിവർധനയുടേതായിരുന്നു. 2020-21ൽ ജിഡിപിയുടെ 9.2 ശതമാനം, അടുത്ത വർഷം 6.7 ശതമാനം, നടപ്പു വർഷം 6.4 ശതമാനം എന്നിങ്ങനെയാണ് കമ്മിയുടെ പോക്ക്. ഇത് മുന്നോട്ടു കൊണ്ടുപോകാവുന്ന ഒന്നല്ലെന്ന് എല്ലാവർക്കും അറിയാം.കമ്മി അടുത്ത ധനകാര്യ വർഷം 5.9 ശതമാനമായി കുറയ്ക്കും.

ശതമാനക്കണക്കിൽ കുറയുമെങ്കിലും കമ്മിയുടെ തുക കുറയുന്നില്ല. ഈ വർഷം 17.55 ലക്ഷം കോടി രൂപ ആയിരിക്കുന്ന കമ്മി അടുത്ത വർഷം 17.87 ലക്ഷം കോടിയായി വർധിക്കും. എങ്കിലും തന്നാണ്ട് വിലയിൽ ജിഡിപി 10.5 ശതമാനം വർധിക്കുന്നതിനാൽ ശതമാനക്കണക്കിൽ ഇതു കുറഞ്ഞുവരും. ഇതു പാലിക്കാൻ സാധിക്കുമോ എന്നതാണ് പ്രധാന ചോദ്യം. കഴിഞ്ഞ ബജറ്റിൽ 16.61 ലക്ഷം കോടി പ്രതീക്ഷിച്ച കമ്മിയാണ് ഇപ്പോൾ 17.55 ലക്ഷം കോടിയിലെത്തുന്നത്.



## ചെലവ് കുറയ്ക്കൽ ആഗ്രഹം മാത്രം

വരുന്ന വർഷത്തേക്ക് ധനകമ്മി കുറച്ചുനിറുത്താൻ സർക്കാർ ചെലവു പ്രതീക്ഷകൾ വലുതായി താഴ്ത്തിനിർത്തുകയാണ്. സർക്കാരിന്റെ ഭരണച്ചെലവുകൾ 7.35 ലക്ഷം കോടിയാണ് ഈ വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്നത്. അത് അടുത്ത വർഷം 7.44 ലക്ഷം കോടിയായി വർധിക്കുമെന്നാണു നിഗമനം. വെറും 1.2 ശതമാനം വർധന. ശരാശരി വാർഷികവളർച്ചയേക്കാൾ വളരെക്കുറഞ്ഞ ഒരു പ്രതീക്ഷയാണിത്. ഇതു പ്രായോഗികമാണോ എന്നതു കണ്ടറിയണം.

കേന്ദ്രസർക്കാരിന്റെ വിവിധ സ്കീമുകൾക്ക് ഈ വർഷം 14.12 ലക്ഷം കോടി ചെലവാക്കുമ്പോൾ അടുത്ത വർഷത്തേക്ക് 14.68 ലക്ഷം കോടിയാണു പ്രതീക്ഷിക്കുന്നത്; 3.97 ശതമാനം മാത്രം വർധന. പ്രായോഗികമായി പല സ്കീമുകൾക്കും തുക വെട്ടിക്കുറച്ചത് ഈ സാഹചര്യത്തിലാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ അടക്കം ഈ വെട്ടിക്കുറവ് കാണാം. തൊഴിലുറപ്പു പദ്ധതിക്ക് കഴിഞ്ഞ ബജറ്റിൽ 73,000 കോടി രൂപ ചെലവു പ്രതീക്ഷിച്ച സ്ഥാനത്ത് 89,400 കോടി ചെലവാകുമെന്നാണ് ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിൽ പറയുന്നത്. ആ സ്ഥാനത്ത് 60,000 കോടിയേ ബജറ്റിൽ പെടുത്തിയിട്ടുള്ളൂ. 2021-22ൽ 98,468 കോടി രൂപ ചെലവായ പദ്ധതിയാണിത്. ഈ പദ്ധതി ക്രമേണ ഇല്ലാതാക്കാനുള്ള നീക്കമാണോ ബജറ്റ് കമ്മിറ്റി ചുരുക്കി കാണിക്കാനുള്ള തന്ത്രമാണോ എന്നത് വരുംമാസങ്ങളിലേ വ്യക്തമാകൂ.

നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം, പ്രധാൻമന്ത്രി ആവാസ് യോജന, പ്രധാൻമന്ത്രി പോഷൺശക്തി നിർമാൺ, വിവിധ സബ്സിഡികൾ എന്നിവയിലും ഇതേപോലെതന്നെ കുറച്ചു തുകയേ അടങ്കലിൽ പെടുത്തിയിട്ടുള്ളൂ. മറ്റനവധി പദ്ധതികൾക്ക് വർധന നാമമാത്രമോ ശുഷ്കമോ ആണ്. ഇത് പദ്ധതികളുടെ നടത്തിപ്പിൽ സാരമായ കുറവു വരുത്തുമെന്നതിൽ സംശയമില്ല.

## കേരള ബജറ്റിലെ ക്രൂരമായ തമാശ

ബജറ്റ് ജനങ്ങളുടെ പണം ജനങ്ങൾക്കു വേണ്ടി ചെലവിടുന്ന സംവിധാനമാണ്. അടുത്ത ധനകാര്യ വർഷം 11.32 ലക്ഷം കോടി രൂപ മൊത്ത ആഭ്യന്തര ഉൽപാദനം (ജിഎസ്ഡിപി) പ്രതീക്ഷിക്കുന്ന കേരളത്തിൽ 1.76 ലക്ഷം കോടി രൂപ ചെലവാക്കുന്ന കാര്യമാണു ബജറ്റ് വിവരിച്ചത്. ന്യായമായും സർക്കാരിന്റെ ധൂർത്തും അനാവശ്യ ചെലവുകളും കുറയ്ക്കാനുള്ള നടപടി ബാലഗോപാലിൽ നിന്നു പ്രതീക്ഷിച്ചു. പക്ഷേ ഒന്നും കണ്ടില്ല.

സാമൂഹ്യസുരക്ഷാ പെൻഷനുകൾ ക്രമമായി നൽകാൻവേണ്ടി എന്നു പറഞ്ഞ് മദ്യത്തിനും ഇന്ധനങ്ങൾക്കും സെസ് ചുമത്തി. വാഹനനികുതി, വാഹനങ്ങളുടെ സെസ്, കെട്ടിട നികുതി, ഭൂമിയുടെ ന്യായവില, ഫ്ളാറ്റ് കൈമാറ്റം, വൈദ്യുതി - ധനമന്ത്രി നിരക്ക് കൂട്ടാത്ത മേഖല ഒന്നുമില്ല. പാവപ്പെട്ടവർക്കു പട്ടയം വഴി കിട്ടിയ ഭൂമിക്ക് ഉയർന്ന നികുതി ഈടാക്കുന്ന കാര്യം വരെ ആലോചിക്കുന്നു.

എല്ലായിടത്തും ഭൂമിയുടെ ന്യായവില 20 ശതമാനം കൂട്ടുന്നു. കൂടുതൽ വിലവർധന ഉള്ള സ്ഥലങ്ങളിൽ 30 ശതമാനം കൂട്ടാൻ പോകുന്നു. ഫ്ളാറ്റ് വിൽപന കൂട്ടാനായി നടപ്പാക്കിയ അഞ്ചു ശതമാനം നിരക്ക് ഏഴു ശതമാനമാക്കുന്നു.

## ന്യായവിലയോ അന്യായവിലയോ...?

കേരളത്തിൽ ഭൂമിവില നിരന്തരം വർധിച്ചിരുന്ന കാലം കഴിഞ്ഞു. യുവാക്കൾ നാടുവിടുന്ന പ്രവണത പരന്നതോടെ പുതിയ കെട്ടിടങ്ങൾ ആവശ്യമില്ലാതായി. സ്വാഭാവികമായും ഭൂമിവില താഴ്ന്നു. ആ സമയത്ത് ന്യായവില കൂട്ടുന്നതിൽ സാമ്പത്തിക യുക്തി കാണാൻ പ്രയാസമാണ്. ഹൈവേകളോടു ചേർന്നല്ലാതെ ഒരു സ്ഥലത്തും ഇന്നു നിലവിലെ ന്യായവില നടപ്പുവില അല്ല.

ക്ഷേമപെൻഷനുകൾ യഥാസമയം കൊടുക്കാൻ പറ്റാത്ത സർക്കാർ ഇപ്പോൾ പെറ്റ് ഫുഡ് ഫാക്ടറിക്ക് 20 കോടി മുടക്കുന്നു, ജില്ല തോറും വൈദ്യുതവാഹന ചാർജിംഗ് യൂണിറ്റ് സ്ഥാപിക്കുന്നു, വിമാന യാത്രക്കൂലി കുറയ്ക്കാൻ വിമാനം ചാർട്ടർ ചെയ്യുന്നതിന് കോർപ്പസ് ഫണ്ടിനായി 15 കോടി രൂപ മുടക്കുന്നു. ബജറ്റിൽ പുത്തൻ പദ്ധതികൾ ധാരാളം. പെറ്റ് ഫുഡ് ഫാക്ടറി ഒരു വെള്ളാനയായി മാറും എന്നു പറയാൻ വൈദഗ്ധ്യം ഒന്നും വേണ്ട. ചാർജിംഗ് യൂണിറ്റ് തുടങ്ങാൻ സർക്കാരിന്റെ ആവശ്യമെന്ത് എന്നു ചോദിക്കാൻ ആരെങ്കിലും ഉണ്ടാകേണ്ടതാണ്. ചാർട്ടർ വിമാന പദ്ധതി ആരെ സഹായിക്കാനാണ്?

## ഇങ്ങനെ ചെലവു ചെയ്താൽ...

ഇങ്ങനെ ധൂർത്തിനു വഴി കണ്ടെത്താൻ മത്സരിക്കുമ്പോൾ ചെലവ് വരവിൽ ഒതുക്കാനാവില്ല. അതു കൂടും. അപ്പോൾ ശമ്പളച്ചെലവ് കൂടും, പിന്നീടു പെൻഷൻ കൂടും. കമ്മി വർധിക്കും. കമ്മിനികത്താൻ കടമെടുക്കും. കടത്തിനു പലിശ നൽകണം. എല്ലാം വീണ്ടും കടക്കെണിയിലേക്കു നയിക്കും.

2023 -24 ൽ വരുന്ന മൂന്നു ചെലവുകളുടെ കണക്കുകൾ നോക്കുക. തുക കോടി രൂപയിൽ.

ശമ്പളം: 40,042.07, പെൻഷൻ: 28,239.72, പലിശ: 26,246.99.

**ആകെ: 94,526.78**

മൊത്തം റവന്യു ചെലവ് 1,59,360.91 കോടി രൂപയാണ്. അതിന്റെ 59.32 ശതമാനമാണ് ഈ മൂന്നിനങ്ങളിൽ വേണ്ടിവരുന്നത്. സംസ്ഥാന റവന്യു വരുമാനത്തിന്റെ 69.8 ശതമാനം വരും ഇത്.

ചെലവ് കൂടുമ്പോൾ അഥവാ റവന്യു കമ്മി കൂടുമ്പോൾ കടമെടുത്തു ദൈനംദിന ചെലവ് നടത്തുന്ന നില വരും. ദശകങ്ങളായി അതാണു കേരളത്തിന്റെ നില. കടമെടുക്കുന്ന പണം മൂലധന ആവശ്യത്തിനല്ല ഉപയോഗിക്കുന്നത്.

നമ്മുടെ കടം കോവിഡ് കാലത്ത് പതിവിലധികം കൂട്ടേണ്ടി വന്നു. മാസങ്ങളോളം ഉൽപാദന മേഖല അടച്ചിട്ടപ്പോൾ വേറേ മാർഗം ഇല്ലായിരുന്നു. അങ്ങനെയാണ് 2019 -20 വരെ ശരാശരി 10 ശതമാനമായിരുന്ന വാർഷിക കടംവർധന തുടർന്നു രണ്ടു വർഷം 14-ഉം 13 -ഉം ശതമാനമായത്. 2022-23 ൽ അതു വീണ്ടും 10 ശതമാനത്തിലായി. ഈ ബജറ്റിലും 10 ശതമാനത്തിനടുത്ത വർധനയാണു കാണിക്കുന്നത്. കൂടുതൽ കടം എടുക്കാൻ അനുവദിക്കാത്തതിനു കേന്ദ്രത്തെ കുറ്റപ്പെടുത്തുമ്പോൾ കടം വരുത്തുന്ന ഭാവിഭാരം വിസ്മരിക്കരുത്.

2010 -11-ൽ 78,673 കോടിയായിരുന്ന സംസ്ഥാന കടം 2020-21-ൽ 2,96,901 കോടിയായി. 2024 മാർച്ച് 31-ന് 4,08,164 കോടിയാകും എന്നാണു ബജറ്റ് രേഖകൾ കാണിക്കുന്നത്.

ഇപ്പോൾ കേരളത്തിന്റെ സാമ്പത്തിക വളർച്ച തൃപ്തികരമായതിനാൽ കടത്തിന്റെ സ്വാഭാവിക വളർച്ച ആശങ്ക ഉണ്ടാക്കുന്നില്ല. ചെറുപ്പക്കാർ നാടു വിടുമ്പോൾ വളർച്ച കുറയുന്ന കഥ ജപ്പാൻ പഠിപ്പിക്കും. അതു തങ്ങൾക്കു ബാധകമാകില്ലെന്നു കരുതിയ ചൈന ഇപ്പോൾ അതു പഠിച്ചു തുടങ്ങി. കേരളം അതു പഠിക്കേണ്ട സമയമായി. അധ്വാനിക്കാൻ പറ്റുന്ന ചെറുപ്പക്കാർ കുടിയേറിപ്പോകുകയും വൃദ്ധജനസംഖ്യ കൂടുകയും ചെയ്യുന്ന കാര്യം പ്രസംഗത്തിന്റെ ആദ്യം മന്ത്രി എടുത്തു പറഞ്ഞു. കടത്തിന്റെ ഭീഷണി വർധിപ്പിക്കുന്നതാണു ബാലഗോപാൽ പറഞ്ഞ ജനസംഖ്യാ കണക്കുകൾ.

ഇത് തുടർന്നുപോകാൻ പറ്റുമോ? കേരളം ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. ആ വിഷയത്തിലേക്കു കടക്കുകപോലും ചെയ്യാതെ ബജറ്റ് പ്രസംഗം നടത്തിയെന്നതാണ് ധനമന്ത്രിയുടെ വീഴ്ച. ജനങ്ങളെ ദുരിതത്തിലാക്കാതെ വരുമാനം കൂട്ടാൻ വഴി കണ്ടെത്തണമായിരുന്നു.അതു കൗടില്യൻ പറഞ്ഞതു പോലെ (വണ്ട് പൂവിനെ നോവിക്കാതെ തേൻ എടുക്കുന്നതു പോലെ) വേണം. അതല്ല ഈ ബജറ്റിൽ കണ്ട രീതി.

# ആപത്തുകളിൽ കൈവിടാത്ത പിതാവായ ദൈവം



ഡോ. ഡെയ്സൻ പാണേങ്ങാടൻ
സെക്രട്ടറി
സീറോ മലബാർ
കുടുംബ കൂട്ടായ്മ

ഇരുപതാം നൂറ്റാണ്ടിന്റെയവസാനം അർമേനിയയിലെ ഭൂകമ്പം പത്രദ്വാരയും ശ്രാവ്യ മാധ്യമമായ റേഡിയോയിലൂടെയും വായിച്ചവരും കേട്ടവരും ഇന്നും നമ്മുടെയിടയിലുണ്ട്. മുപ്പതിനായിരം പേരുടെ ജീവനെടുത്ത ഭൂകമ്പമായിരുന്നു 1989ൽ അർമേനിയയിൽ ഉണ്ടായത്. ഭൂകമ്പമുണ്ടായി നിമിഷങ്ങൾക്കുള്ളിൽ സർവതും നശിച്ചു.

ദുരന്തം സർവ്വാധിപത്യത്തോടെ പത്തിവിടർത്തി താണ്ഡവമാടുന്ന ആ അവസരത്തിൽ, ദുരന്തത്തിന്റെ ആധിക്യമറിഞ്ഞ ഒരു പിതാവ് തന്റെ മകനെത്തേടി അവൻ പഠിച്ചിരുന്ന സ്കൂൾ പരിസരത്തേക്കോടി. തകർന്നു വീണു കിടക്കുന്ന സ്കൂൾ കെട്ടിടമാണ് അയാൾ അവിടെ കണ്ടത്. അതിനുള്ളിൽ എവിടെയോ തന്റെ മകനും ഞെരിഞ്ഞമർന്നിട്ടുണ്ടാകും എന്ന ചിന്ത ആ പിതാവിന്റെ ഹൃദയം തകർത്തെങ്കിലും പ്രതീക്ഷയോടെ അദ്ദേഹം കെട്ടിടാവശിഷ്ടങ്ങൾക്കിടയിലേക്ക് നടന്നടുക്കുകയാണ്. മകന്റെ ശരീരമെങ്കിലും കെട്ടിടാവശിഷ്ടങ്ങളിൽ നിന്നു കണ്ടെത്താതെ അവിടെ നിന്നു പിന്മാറില്ലെന്ന് രക്ഷാപ്രവർത്തകരുടെ വിലക്കുകൾക്കിടയിലും അയാൾ ശഠിച്ചു.

ആരുടേയും സഹായമില്ലാതെ അയാൾ തന്റെ മകനുവേണ്ടിയുള്ള തിരച്ചിൽ തുടർന്നു. തെരച്ചിൽ ഇരുപത്തിനാല് മണിക്കൂർ നീണ്ടിട്ടും തന്റെ മകനെ കണ്ടെത്തുവാൻ അയാൾക്ക് സാധിച്ചില്ല. എങ്കിലും പ്രതീക്ഷ കൈവെടിയാതെ തെരച്ചിൽ തുടർന്നു .തെരച്ചിൽ തുടങ്ങിയതിന്റെ മുപ്പത്തിയെട്ടാം മണിക്കൂറിൽ ആ പിതാവ് തന്റെ മകന്റെ ശബ്ദം അവശിഷ്ടങ്ങൾക്കിടയിൽ നിന്നു കേട്ടു.

അയാൾ സ്നേഹവാത്സല്യങ്ങളോടെ മകനെ ഉറക്കെ വിളിച്ചു.'അർമാൻഡ്!! അർമാൻഡ്!!!! 'ഉടനെ അർമാൻഡും ഉറക്കെ വിളിച്ചു 'ഡാഡീ!! ഡാഡീ!!' ഏതാനും സമയത്തെ കഠിന പ്രയത്നത്തിനൊടുവിൽ അയാൾ തന്റെ മകനും അവന്റെ ക്ലാസിലെ മറ്റുപതിമൂന്നു കൂട്ടുകാരും സുരക്ഷിതമായി കഴിഞ്ഞിരുന്ന സ്ഥലം, അവശിഷ്ടങ്ങൾക്കിടയിൽ കണ്ടെത്തി. ഭൂകമ്പത്തിൽ കെട്ടിടം തകർന്നു വീണപ്പോൾ ഒരു ത്രികോണത്തിന്റെ ആകൃതിയിൽ കുറെ സ്ഥലം അവർക്ക് രക്ഷാസങ്കേതമായി ലഭിച്ചു .അങ്ങനെയാണ് അവനും അവന്റെ പതിമൂന്നു കൂട്ടുകാർക്കും രക്ഷപ്പെടാൻ സാധിച്ചത്.

പക്ഷെ സുരക്ഷാ പ്രവർത്തകർക്കും പോലീസധികാരികൾക്കും അപ്പോഴും ഒരു ചോദ്യം അവശേഷിച്ചു. ഭൂകമ്പത്തിൽപ്പെട്ട് മുപ്പത്തിയെട്ടു മണിക്കൂർ കഴിഞ്ഞിട്ടും അർമാൻഡിഷനും കൂട്ടുകാർക്കും എങ്ങനെയാണ് ഇത്രയും സമയം പിടിച്ചു നിൽക്കാൻ കഴിഞ്ഞത്? മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് അർമാൻഡ് നല്കിയ ഉത്തരം ഇതായിരുന്നു: 'എന്റെ കൂട്ടുകാരോടൊക്കെ ധൈര്യമായിരിക്കാൻ ഞാൻ പറഞ്ഞു. നിങ്ങളാരും പേടിക്കേണ്ട; എന്റെ ഡാഡി ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നെ അന്വേഷിച്ചു വരുമെന്നും അങ്ങനെ അന്വേഷിച്ചു വരുമ്പോൾ നമുക്കെല്ലാവർക്കും രക്ഷപ്പെടാമെന്നും അവരോടു പറഞ്ഞു.

ശ്രദ്ധിക്കുക; പിതൃപുത്ര ബന്ധത്തിന്റെ അവിസ്മരണീയമായ നിമിഷങ്ങളാണ് നാം ഇവിടെ കാണുന്നത്. പരസ്പര സ്നേഹത്തിന്റെ പരസ്പരവിശ്വാസത്തിന്റെ മഹത്തായ നിമിഷങ്ങൾ. അർമേനിയയിലെ ഭൂകമ്പം പതിനായിരക്കണക്കിനു പേരുടെ ജീവൻ അപഹരിച്ചുവെങ്കിലും ഒരു നിറകൺചിരിയായി അർമാൻഡും പിതാവും ഇന്നും അവിടെ ജീവിക്കുന്നു.

പഴയ നിയമത്തിൽ സ്വപുത്രനായ ഇസഹാക്കിനെ ബലികൊടുക്കാൻ അബ്രഹാം തയാറായപ്പോൾ അബ്രാഹത്തിനു പുത്രനെ തിരികെ കൊടുത്ത ദൈവം സ്വന്തം പുത്രന് ആ കാസ മാറ്റി കൊടുത്തില്ല. കാൽവരിയിൽ ആ ശബ്ദം മാറ്റൊലി കൊണ്ടു, ' എന്റെ പിതാവേ, എന്തുകൊണ്ട് നീയെന്നെ ഉപേക്ഷിച്ചു'വെന്ന മനുഷ്യസഹജമായ പ്രതിപാദ്യത്തോടൊപ്പം, 'എങ്കിലും പിതാവേ; എന്റെ ഇഷ്ടമല്ല, അങ്ങയുടെ തിരുഹിതം നിറവേറട്ടെ'യെന്ന ദൈവസഹജമായ സഹനത്തിലൂടെ യേശുക്രിസ്തു തിരുഹിതപൂർത്തീകരണത്തിനായി നിലകൊണ്ടു. അങ്ങിനെ ജെറമിയായുടെ പുസ്തകത്തിൽ പറയുന്നതുപോലെ വ്യവസ്ഥാപിത ഉടമ്പടിയും വ്യവസ്ഥകളില്ലാത്ത ഉടമ്പടിയും യേശുവിൽ പൂർത്തിയായി.

**നോമ്പാചരണമെന്നത് മത്സ്യമാംസാദികൾ ഉപേക്ഷിക്കുകയെന്നതു മാത്രമായി പരിമിതപ്പെടുന്ന ഈ കാലഘട്ടത്തിൽ, യഥാർത്ഥ നോമ്പിന്റെ ചൈതന്യത്തിൽ, ദൈവാശ്രയ ബോധത്തിൽ നില്ക്കാൻ നമുക്കാകണം**

മനുഷ്യൻ, മനുഷ്യനെതിരെ വിഭാവനം ചെയ്തതിൽ ഏറ്റവും വലിയ പീഢനമായിരുന്നു ക്രൂശിയ്ക്കൽ. കാൽവരിയിലെ ബലിപീഠത്തിലായിരുന്നു മുഴുവൻ അധിക്ഷേപങ്ങളുടേയും അരങ്ങേറ്റം. ഒരു കവർച്ചക്കാരനെയെന്ന പോലെയാണ് യേശുക്രിസ്തുവിനെ കൊണ്ടുവരുന്നതും പിന്നീട് ക്രൂശിലേറ്റുന്നതും. ഓശാന തിരുനാൾ ദിനം കഴുതയ്ക്കു പോലും മേലങ്കി ലഭിച്ചിരുന്നെങ്കിൽ, ഇവിടെ മേലങ്കി നഷ്ടപ്പെട്ട് നഗ്നനായി ക്രൂശുമരണത്തിനു വിധേയനാകുകയാണ് രക്ഷകൻ. വേദനയുടെ ആ പാരമ്യത്തിലും തിരുമുഖത്തു നിന്നു പുറപ്പെട്ട ആദ്യവചനം ആരെയും അമ്പരിപ്പിക്കുന്നതായിരുന്നു. ലോക ചരിത്രത്തിൽ ഒരു ക്രൂശിതനും ഇന്നേ വരെ ഉച്ചരിക്കാത്ത വാചകം, 'പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല; ഇവരോട് പൊറുക്കേണമേ ...

വീണ്ടുമൊരു നോമ്പുകാലത്തേക്കു നാം പ്രവേശിച്ചു കഴിഞ്ഞു.നോമ്പാചരണമെന്നത് മത്സ്യമാംസാദികൾ ഉപേക്ഷിക്കുകയെന്നതു മാത്രമായി പരിമിതപ്പെടുന്ന ഈ കാലഘട്ടത്തിൽ, യഥാർത്ഥ നോമ്പിന്റെ ചൈതന്യത്തിൽ, ദൈവാശ്രയ ബോധത്തിൽ നില്ക്കാൻ നമുക്കാകണം. മലകയറുമ്പോൾ വലിയ മരക്കുരിശേന്തി നാമെടുക്കുന്ന ത്യാഗത്തെക്കാൾ മഹത്തരമാണ്, മറ്റുള്ളവർക്ക് വേണ്ടി ത്യജിക്കുന്നത്തിലൂടെ നമുക്ക് സംലഭ്യമാകുന്ന നന്മയെന്ന യാഥാർഥ്യം നാം വിസ്മരിക്കരുത്.

മൽസ്യ മാംസാദികളുടെ വർജ്ജനത്തോടൊപ്പം, നന്മയോടെയുള്ള ചെയ്തികളും അതിലൂടെ രൂപപ്പെടുന്ന ആധ്യാത്മികതയും നമ്മിലൂടെ പ്രസരിക്കുമ്പോഴാണ്, നമ്മുടെ നോമ്പാചരണം അർത്ഥപൂർണ്ണമാകുകയുള്ളൂ. ഈ നോമ്പുകാലം അതിനുള്ള പ്രചോദനമേകട്ടെ.

# ജനങ്ങളുടെ ചെലവിൽ ലോക കോടീശ്വരൻ



ഫ്രാങ്കോ ലൂയിസ്

ചൗക്കീദാർ ചോർ ഹേ എന്ന പഴയ മുദ്രാവാക്യം ഓർത്തുപോകുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിക്കു നേരെ ഇങ്ങനെയൊരു മുദ്രാവാക്യം എറിഞ്ഞതു കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയായിരുന്നു. വിമർശിക്കുന്നവരെ രാജ്യദ്രോഹിക്കുന്നു ചാപ്പ കുത്തുന്ന മോദി ഭക്തർ രാഹുൽഗാന്ധിക്കെതിരേ കേസുകൊടുക്കുകയും ചെയ്തു.

വിരമിച്ചാൽ ന്യായാധിപ പ്രഭുക്കൾക്കു രാജ്യസഭാംഗത്വവും ഗവർണർ സ്ഥാനവുമെല്ലാം സമ്മാനിക്കുന്ന രാജ്യമാണിത്. സംഘപരിവാർ പട്ടികയിലുള്ളവരുടെ കൈകളിൽ നീതിപീഠത്തെ ഭദ്രമാക്കുകയും ചെയ്തു. നീതി നിർവഹണത്തെച്ചൊല്ലി തലപുകയ്ക്കേണ്ട കാര്യമില്ല. അതേക്കുറിച്ചൊന്നുമല്ല ഇവിടെ പറയാനുള്ളത്. രാജ്യത്തെ വിറ്റുകൊണ്ടിരിക്കുന്ന ഭരണാധികാര ഹുങ്കിനെക്കുറിച്ചു മാത്രമാണ്.

മുപ്പതൊന്നു വർഷം മുമ്പ് ഇന്ത്യൻ ഓഹരി വിപണിയെ തകർക്കുകയും അനേകായിരങ്ങളെ കുത്തുപാളയെടുപ്പിക്കുകയും ചെയ്ത ഓഹരി കുംഭകോണത്തെ മറക്കാനാവില്ല. 10,000 കോടി രൂപയുടെ ഓഹരി കുംഭകോണം. ഹർഷദ് മേത്ത എന്ന കാളക്കൂറ്റൻ കയറി നിരങ്ങിയ കടകളെ ഇറക്കിയുമെല്ലാം ഓഹരി വിപണിയെ കശക്കിയെറിഞ്ഞ വിശേഷം ലോകമെങ്ങും ചർച്ചയായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അടക്കമുള്ള പൊതുമേഖലാ ബാങ്കുകളിൽനിന്നു കോടികൾ വായ്പയെടുത്തു കബളിപ്പിച്ചുള്ള അനുബന്ധ തട്ടിപ്പു വേറെയും.

സിബിഐ അടക്കമുള്ള ഏജൻസികൾ അന്വേഷണം നടത്തി ഹർഷദ് മേത്ത അടക്കം കുംഭകോണത്തിൽ പ്രതികളായവരെ പിടികൂടി ജയിലിലച്ചു. സംയുക്ത പാർലമെന്ററി സമിതിയുടെ അന്വേഷണവും ഉണ്ടായി. ഇതിനേക്കാൾ നൂറിരട്ടി പ്രഹരശേഷിയുള്ള കുംഭകോണ ആരോപണമാണ് ഏതാനും ആഴ്ചകളായി ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ, രാഷ്ട്രീയ വ്യവസ്ഥയെ എയറിൽ നിർത്തിയിരിക്കുന്നത്.

ഒറ്റ വർഷംകൊണ്ട് ലോക സമ്പന്നരിൽ മൂന്നാം സ്ഥാനത്തേക്കു വളർന്ന ഇന്ത്യൻ ശതകോടീശ്വരൻ ഗൗതം അദാനിയുടെ കമ്പനികൾക്കെതിരേയാണ് ആരോപണങ്ങൾ. അമേരിക്കൻ ധനകാര്യ ഗവേഷണ സ്ഥാപനമായ ഹിൻഡൻബർഗ് അദാനി ഗ്രൂപ്പിനെതിരേ പുറത്തുവിട്ടത് 88 ആരോപണങ്ങളാണ്. അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരി മൂല്യം തന്ത്രപൂർവം വൻതോതിൽ പെരുപ്പിച്ചുകാട്ടി കൊള്ളലാഭമുണ്ടാക്കിയെന്നാണ് മുഖ്യആരോപണം. അദാനി ഗ്രൂപ്പ് കമ്പനികളുടെ അക്കൗണ്ടിംഗിൽ തട്ടിപ്പുണ്ട്. കോർപറേറ്റ് രംഗത്തു ദുർഭരണമാണ്. ബാങ്കുകൾക്കു ഭീഷണിയാകുന്നത്രയും കടബാധ്യത ഗ്രൂപ്പിനുണ്ടെന്നും ഹിൻഡൻബർഗ് ആരോപിച്ചു.



**അദാനി വിഷയത്തിൽ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ജനാധിപത്യം ചവിട്ടിമെതിക്കപ്പെട്ട കാഴ്ചയാണു ലോകം കണ്ടത്. കാവൽക്കാരൻ കൊള്ളത്തലവനായാൽ ചൗക്കീദാർ ചോർ ഹേ എന്നുതന്നെയാണു പറയുക. കൊള്ളയ്ക്കു കൂട്ടുനിൽക്കുന്നവരെ ചൗക്കീദാർ ചോർ ഹേ എന്നല്ല, കള്ളനു കഞ്ഞിവച്ചവൻ എന്നാണു മലയാളികൾ വിശേഷിപ്പിക്കാറുള്ളത്.**

ആരോപണങ്ങൾ ഉയർന്നതോടെ അദാനി ഗ്രൂപ്പിന്റെ ഓഹരിമൂല്യം അനുദിനം തകർന്നു. അദാനി ഗ്രൂപ്പിന് ഒറ്റ മാസംകൊണ്ട് മൂന്നേകാൽ ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടായി. കഴിഞ്ഞ ഒക്ടോബറോടെ 15,500 കോടി ഡോളറുമായി ലോക ശതകോടീശ്വരന്മാരിൽ മൂന്നാം സ്ഥാനം കൈയടക്കിയ അദാനി ഫെബ്രുവരി രണ്ടാം വാരത്തോടെ 11,900 കോടി ഡോളർ ആസ്തിയോടെ 24-ാം സ്ഥാനത്തായി. അദാനി ഗ്രൂപ്പ് എത്രയോ ലക്ഷം കോടി രൂപയുടെ ക്രമക്കേടു നടത്തിയിട്ടുണ്ടെന്നാണ് ആരോപണം. ഓഹരി നിരക്കു വെട്ടിപ്പ്, കണക്കിലെ ക്രമക്കേട്, നികുതി വെട്ടിപ്പ്, അമിതമായ ബാങ്ക് വായ്പ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കോടികൾ അദാനി ഗ്രൂപ്പിൽ നിക്ഷേപിപ്പിക്കൽ എന്നിങ്ങനെയുള്ള ആരോപണങ്ങൾ ഉയർന്നിട്ടും നരേന്ദ്രമോദി സർക്കാർ അതേക്കുറിച്ച് അന്വേഷിക്കാൻ തയാറാകാതെ കുറ്റാരോപിതനു സംരക്ഷണം നൽകുന്ന കാഴ്ചയാണു കാണുന്നത്.

ഓഹരി ക്രമക്കേടുകളെക്കുറിച്ച് സെബി, ബാങ്ക് വായ്പകളെക്കുറിച്ച് റിസർവ് ബാങ്ക്, ആദായ നികുതി, എൻഫോഴ്സ്മെന്റ്, സിബിഐ തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ വളരെ ഗൗരവത്തോടെ അന്വേഷിക്കേണ്ട ആരോപണങ്ങളാണ്. ബിബിസി അടക്കമുള്ള വിമർശകരെ ഭരണഘടനാ സ്ഥാപനങ്ങളെ വടിയാക്കി അടിക്കടി അടിച്ചുകൊണ്ടിരിക്കുന്ന മോദിയും അമിത് ഷായും അദാനിയുടെ കാര്യത്തിൽ നോക്കുകുത്തികളായിരിക്കുന്നു.

ജനങ്ങളുടെ പണം അമ്മാനമാടിയാണ് അദാനി ലോക കോടീശ്വരനായത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പതിനായിരക്കണക്കിനു കോടി രൂപ അദാനിയുടെ വ്യവസായങ്ങളിലുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 22,000 കോടി രൂപ വായ്പ നൽകിയതും ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ 30,000 കോടി രൂപ നിക്ഷേപിച്ചതും പുറത്തുവന്ന കണക്കുകളിൽ ചിലതു മാത്രമാണ്. കടപ്പത്രങ്ങളായും ഓഹരി നിക്ഷേപങ്ങളായുമെല്ലാം ശതകോടികൾ വേറേയുമുണ്ട്. പലയിനം നികുതി വെട്ടിപ്പുകൾ വേറെ. ജനങ്ങളുടെ ചെലവിൽ ഭരണാധികാരികൾ കൊഴിപ്പിച്ചു വാഴിച്ച വ്യവസായ ശൃംഖലയാണ് അദാനി.

ജനനന്മ ആഗ്രഹിക്കുന്ന രാജ്യസ്നേഹികളാണു രാജ്യം ഭരിക്കുന്നതെങ്കിൽ വെട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്തും. ജനങ്ങളെയും രാജ്യത്തേയും കബളിപ്പിക്കുന്നവരെ കണ്ടെത്തി നിയമത്തിനു മുന്നിലേക്കു കൊണ്ടുവരും. എന്നാൽ കപട ദേശീയവാദികൾ അതു ചെയ്യില്ല. രാജ്യത്തെ അവർ വിറ്റുകൊണ്ടേയിരിക്കും. വിമാനത്താവളങ്ങളും തുറമുഖങ്ങളും അദാനിക്കു നൽകിയത് വേറെ ആരുമല്ല. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദേശ യാത്രകളിൽ ഒപ്പുവയ്ക്കുന്ന വാണിജ്യ വ്യവസായ കരാറുകളിൽ മുഖ്യപങ്കും അദാനിക്കുള്ളതാണ്. എല്ലാ യാത്രകളിലും അദാനിയും മോദിയെ പിന്തുടരാറുണ്ട്. മോദി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച സൗഹാർദമാണ് 2014 ൽ പ്രധാനമന്ത്രിയായതോടെ തഴച്ചു വളർന്നത്.

ലോകത്തെത്തന്നെ ഏറ്റവും വലിയ കോടീശ്വരനായി വളരാനുള്ള ഒത്താശകളെല്ലാം ചെയ്തുകൊടുത്തത് മോദിയുടെ കരുതൽതന്നെ. മോദിക്കു മാത്രമല്ല, പ്രതിപക്ഷത്തെ മുഖ്യമന്ത്രിമാർക്കും അദാനി ധനദൈവമാണ്. രാജസ്ഥാനിലെ കോൺഗ്രസ് മുഖ്യമന്ത്രി അശോക് ഗെലോട്ടും ബംഗാളിലെ തൃണമൂൽ കോൺഗ്രസ് മുഖ്യമന്ത്രി മമത ബാനർജിയും, എന്തിനേറെ പറയണം, കേരളത്തിലെ കമ്യൂണിസ്റ്റു മുഖ്യമന്ത്രി പിണറായി വിജയനുമെല്ലാം അദാനിക്കൊപ്പം നിൽക്കുന്നവരാണ്. വിഴിഞ്ഞം തുറമുഖ നിർമാണം നടത്തുന്ന അദാനിക്കു 850 കോടി രൂപ വായ്പയെടുത്തു കൊടുക്കാനുള്ള നീക്കത്തിലാണു കേരളത്തിലെ എൽഡിഎഫ് സർക്കാരെന്ന പ്രചാരണം പോലും ഉണ്ടായത് അങ്ങനെയാണ്.

വ്യവസായികൾ രാജ്യത്തിന്റെ വികസനത്തിന് അനിവാര്യമാണ്. സമസ്ത മേഖലയിലും അദാനിയുടെ വ്യവസായ സാമ്രാജ്യമുണ്ട്. അവ ക്ഷീണിച്ചാൽ രാജ്യത്തെ ലക്ഷക്കണക്കിനു വികസന പദ്ധതികൾ ഇല്ലാതാകും. ഒറ്റ കോർപറേറ്റ് വ്യവസായിയെ മാത്രം ആകാശത്തോളം വളർത്തിയാൽ അങ്ങനെയെല്ലാമുള്ള ദുരന്തമുണ്ടാകും. പതിനായിരക്കണക്കിനു ജീവനക്കാരും ഇടപാടുകാരും വഴിയാധാരമാകും. ആ സ്ഥാപനങ്ങൾക്കു ശതകോടികൾ വായ്പ നൽകിയ ബാങ്കുകളും ആ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയ കോർപറേറ്റ് ഭീമന്മാരും കടപുഴകും. ഇന്ത്യൻ സമ്പദ് വ്യവസ്ഥ ആടിയുലയും.

അതുകൊണ്ടാണ് ഹിൻഡൻബർഗിന്റെ ആരോപണങ്ങളെ അദാനി ഗ്രൂപ്പ് ഇന്ത്യക്കെതിരായ നീക്കമെന്നു വിശേഷിപ്പിച്ചത്. ദേശീയതയെ മറയാക്കിയുള്ള തട്ടിപ്പുകളിലൂടെ അദാനി ഇന്ത്യയെ കൊള്ളയടിക്കുകയാണെന്നാണ് ഹിൻഡൻബർഗ് തിരിച്ചടിച്ചത്. ഓഹരി വില തകർത്ത് ചുളുവിലയ്ക്ക് ഓഹരി വാങ്ങി മറിച്ചുവിറ്റു ലാഭമുണ്ടാക്കുന്ന ഷോർട്ട് സെല്ലിംഗ് വിദഗ്ധന്മാരാണ് ഹിൻഡൻബർഗ്. അദാനിക്കെതിരേ കോടാലി വീശിയതും അതിനു വേണ്ടിയാണ്.

അദാനിക്കെതിരേ ആരോപണം ഉന്നയിച്ച ഹിൻഡൻ ബർഗിനെതിരേയും അദാനി ഗ്രൂപ്പ് നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ചും അന്വേഷണവും നടപടികളും ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ കേസുകളുണ്ട്. കോടതിയിൽ വാദവും വിചാരണയുമെല്ലാം നടത്തി വിധി പ്രസ്താവിക്കട്ടെ.

എന്നാൽ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന ഈ വിഷയം ജനാധിപത്യ രാജ്യത്തെ പാർലമെന്റിൽ വിലക്കുകയാണ് ബിജെപി സർക്കാർ ചെയ്തത്. ലോക്സഭയിൽ സ്പീക്കർ ഓം ബിർളയും രാജ്യസഭയിൽ അധ്യക്ഷൻ ജഗ്ദീപ് ധൻകറും അക്കാര്യം സംസാരിക്കാൻ പോലും അനുവദിച്ചില്ല. നന്ദിപ്രമേയ ചർച്ചയ്ക്കിടെ വിഷയം ഉന്നയിച്ച കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുന ഖർഗെ എന്നിവർ ഉന്നയിച്ച ആരോപണങ്ങൾ സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യുകയും ചെയ്തു.

രാജ്യത്തെ ഇളക്കി മറിച്ച ആരോപണങ്ങളെക്കുറിച്ച് ഒരക്ഷരംപോലും പ്രധാനമന്ത്രി നരേന്ദ്രമോദി ഉരിയാടിയില്ല. പകരം രാഹുൽഗാന്ധിയെയും കുടുംബത്തേയും അധിക്ഷേപിക്കുകയാണു മോദി ചെയ്തത്. രാജ്യത്തെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കുടുംബപ്പേരായ നെഹ്റു എന്ന പേര് ഉപയോഗിക്കാതെ ഗാന്ധി എന്ന പേരാണ് ആ കുടുംബം ഉപയോഗിക്കുന്നതെന്നാണ് മോദിയുടെ അധിക്ഷേപം. ഇന്ദിരാഗാന്ധിയുടെ ഭർത്താവിന്റെ പേര്, രാജീവിന്റെ അച്ഛന്റെ പേര് ഫിറോസ് ഗാന്ധി എന്നാണെന്നും ആ പേരിലെ ഗാന്ധി കുടുംബ ബന്ധമാണ് രാജീവ് ഗാന്ധിയും രാഹുൽഗാന്ധിയുമെല്ലാം പിന്തുടരുന്നതെന്നും മോദിക്ക് അറിയാത്തതല്ല. രക്തത്തിൽ വിദ്വേഷവും വെറുപ്പുമുള്ളവരുടെ വാക്കുകളിലും പ്രവർത്തികളിലുമെല്ലാം അതു പ്രകടമാകും.

അദാനി ഗ്രൂപ്പു നടത്തിയെന്ന് ആരോപിക്കപ്പെടുന്ന ശതകോടികളുടെ വെട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാൻ തയാറല്ലെന്നു മാത്രമല്ല, ജനങ്ങളുടേയും രാജ്യത്തിന്റേയും സാമ്പത്തിക മേഖലയെ ബാധിക്കുന്ന വിഷയം പാർലമെന്റിൽ ചർച്ച ചെയ്യാൻപോലുമോ തയാറായില്ല. തങ്ങളുടെ ഒത്താശയോടെ നടന്ന കുംഭകോണ വിവരങ്ങൾ പുറത്താകുമെന്ന ഭീതി ചെറിയ കാര്യമല്ല. സ്വന്തം കൈകൾ ശുദ്ധമല്ലാതാകുമ്പോഴാണ് ഇങ്ങനെ മറച്ചുവയ്ക്കേണ്ടി വരുന്നത്. അദാനി വിഷയത്തെത്തുടർന്ന് ഓഹരി വിപണിയിലുണ്ടായ തകർച്ചയെക്കുറിച്ചു പഠിക്കാൻ സുപ്രീം കോടതി ഒരു സമതിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമിതി അംഗങ്ങളായി കേന്ദ്ര സർക്കാർ നിയോഗിച്ചവരുടെ പട്ടിക തള്ളി സ്വന്തമായി സമിതി രൂപീകരിക്കാനാണു സുപ്രീം കോടതിയുടെ തീരുമാനം. അന്വേഷണത്തിന്റെ വ്യാപ്തി എത്രത്തോളമെന്നു സുപ്രീം കോടതി നിശ്ചയിച്ചിട്ടില്ല.

അദാനി വിഷയത്തിൽ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ജനാധിപത്യം ചവിട്ടിമെതിക്കപ്പെട്ട കാഴ്ചയാണു ലോകം കണ്ടത്. പാർലമെന്റിന്റെ കറുത്ത ദിനങ്ങൾ. കാവൽക്കാരൻ കൊള്ളത്തലവനായാൽ ചൗക്കീദാർ ചോർ ഹേ എന്നുതന്നെയാണു പറയുക. കൊള്ളയ്ക്കു കൂട്ടുനിൽക്കുന്നവരെ ചൗക്കീദാർ ചോർ ഹേ എന്നല്ല, കള്ളനു കഞ്ഞിവച്ചവൻ എന്നാണു മലയാളികൾ വിശേഷിപ്പിക്കാറുള്ളത്.

## കേരളം ഗുണ്ടകളുടെ സ്വന്തം നാടോ?

സ്വന്തം ലേഖകൻ

തൃശൂർ: ഒറ്റരാത്രികൊണ്ട് 2562 ഗുണ്ടകളെ പോലീസ് അറസ്റ്റ് ചെയ്തപ്പോൾ കേരളം ഗുണ്ടകളുടെ സ്വന്തം നാടായി മാറിയിരിക്കുന്നു എന്ന സത്യമാണ് മറനീക്കിയിരിക്കുന്നത്. രാഷ്ട്രീയക്കാരുടെയും പോലീസിലെ ചില ക്രിമിനലുകളുടെയും ഒത്താശകൊണ്ടാണ് സംസ്ഥാനത്ത് ഗുണ്ടാപ്പട പ്രവർത്തിക്കുന്നത് എന്ന ആരോപണത്തിനിടയാണ് വ്യാപക അറസ്റ്റ്.

ഒരു പരിഷ്കൃത സമൂഹത്തിനു ചേരാൻ പാടില്ലാത്ത തരത്തിൽ കേരളത്തിൽ ഇന്ന് ഗുണ്ടാവിളയാട്ടം ശക്തമാണ്. സ്വൈരജീവിതത്തെ അസ്വസ്ഥമാക്കുന്ന തരത്തിൽ പെരുകിയിരിക്കുകയാണ് ഇക്കൂട്ടർ. സാമ്പത്തിക അസമത്വവും തൊഴിലില്ലായ്മയുമാണ് ഗുണ്ടകളെ സൃഷ്ടിക്കുന്നതെന്ന നിരീക്ഷണം ഒരു പരിധിവരെ ശരിവയ്ക്കുന്നതുമാണ്. യുവജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന തൊഴിൽ സംസ്കാരത്തിന്റെ അഭാവത്തിന് ഉത്തരവാദിത്വം സർക്കാരിനാണെന്ന സത്യം പലരും കണ്ടില്ലെന്നു നടിക്കുകയാണെന്ന് വിദഗ്ധർ പറയുന്നു. പ്രമാണിമാരുടെ സംരക്ഷകരായും ലഹരിക്കടത്തുകാർ, കള്ളക്കടത്തുകാർ, കൊള്ളപ്പലിശക്കാർ എന്നിവരുടെ ഏജന്റുമാരായും രാഷ്ട്രീയ പകപോക്കലുകൾക്കു വേണ്ടിയും സാമൂഹ്യവിരുദ്ധ പ്രവർത്തകരായും ഇവർ നമുക്കിടയിൽ പ്രവർത്തിക്കുന്നു. കേരളം എത്തിപ്പെട്ടിരിക്കുന്ന വലിയൊരു സാമൂഹ്യദുരന്തമാണ് ഇപ്പോഴത്തെ ഗുണ്ടാപ്പടയുടെ തേരോട്ടം. പെട്ടെന്ന് പണമുണ്ടാക്കാനുള്ള ആർത്തികൊണ്ടാണ് പലരും ഗുണ്ടാ സംഘത്തിലെത്തുന്നതെന്നു രഹസ്യാന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്.

കൗമാരം പിന്നിടുംമുൻപ്, തിരിച്ചറിവ് ഉണ്ടാകുന്നതിനു മുൻപ് തന്നെ ഇത്തരം കറുത്തശക്തികളുടെ ദൂഷിതവലയത്തിൽ പെട്ടുപോകുന്നവരുണ്ട്. ഗുണ്ടാപ്പണിയേയും ക്രിമിനലിസത്തെയും മഹത്വവൽക്കരിക്കുന്ന സിനിമകളും സീരിയലുകളും നമ്മുടെ കൗമാരത്തെ വഴിതെറ്റിക്കുന്നുണ്ടെന്നാണ് നിരീക്ഷണം.

4080 കേന്ദ്രങ്ങളിൽ നിന്നാണ് ഒറ്റരാത്രികൊണ്ട് 2562 ഗുണ്ടകളെ പോലീസ് പിടികൂടിയത്. മുൻപ് നടന്ന പല റെയ്ഡുകളും വിഫലമാകാൻ കാരണം പോലീസിലെ തന്നെ ചില ക്രിമിനൽ സ്വഭാവക്കാർ വിവരം ചോർത്തി നൽകിയതിനാലാണ്. എന്നാൽ, ഇക്കുറി അതിനുള്ള പഴുതടച്ചാണ് പോലീസ് കരുക്കൾ നീക്കിയത്. ഉന്നത ബന്ധമുള്ള പല ഗുണ്ടകളും ഇനിയും കാണാമറയത്തുണ്ടെന്നത് പകൽപോലെ സത്യമാണ്. അവരെയും പിടികൂടുകയും പിടിയിലായവർ രക്ഷപ്പെടാതിരിക്കാനുള്ള സത്യസന്ധത സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയും ചെയ്താൽ മാത്രമേ ഇപ്പോഴത്തെ നടപടി വിജയം കാണുകയുള്ളുവെന്ന് ആത്മീയ മത നേതാക്കൾ അഭിപ്രായപ്പെട്ടു.

എല്ലാ ജില്ലയിലുള്ള ഗുണ്ടാസംഘത്തെ അറസ്റ്റുചെയ്യാൻ പോലീസ് സേന ഒന്നിച്ചിറങ്ങുകയായിരുന്നു. ഓപ്പറേഷൻ ആഗ് (ആക്സിലറേറ്റഡ് ആക്ഷൻ എഗെൻസ്റ്റ് ആന്റി സോഷ്യൽസ് ആന്റ് ഗുണ്ടാസ്) എന്ന പേരിലുള്ള പ്രത്യേക റെയ്ഡിലൂടെയാണ് ഗുണ്ടാപ്പടയെ ആകത്താക്കിയത്. പോലീസിൽ ഗുണ്ടകളെ സഹായിക്കുന്ന കുറച്ചുപേർ പ്രവർത്തിക്കുന്ന വിവരവും പുറത്തുവന്നിട്ടുണ്ട്. ക്രിമിനൽ കേസുകളിൽപ്പെട്ട 828 പോലീസുകാർ ഉണ്ടെന്ന് രഹസ്യാന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. ഇത്തരത്തിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെ കുറച്ചുനാൾ മുൻപ് പിരിച്ചുവിട്ടു. ബാക്കിയുള്ളവർ ഇപ്പോഴും സർവീസിൽ തുടരുന്നത് ഗുണ്ടാ മാഫിയയ്ക്കാണ് ഗുണം ചെയ്യുന്നത്. അത്തരക്കാരെ വളരാൻ അനുവദിക്കാതിരിക്കുന്നതൊടൊപ്പം സമൂഹത്തിന്റെ ജാഗ്രതയും ഗുണ്ടകൾക്കെതിരെ അനിവാര്യമാണെന്ന് പുതിയ സാഹചര്യം വെളിപ്പെടുത്തുന്നുണ്ട്. എം. ഡി. എം. എ പോലുള്ള അപകടകരമായ രാസലഹരിയുടെ കടത്തുകാരായി സ്ത്രീകളും കുട്ടികളും രംഗത്തുള്ള സാഹചര്യത്തിൽ ഗുണ്ടകൾക്ക് സഹായം ചെയ്യുന്നതിൽ നിന്ന് രാഷ്ട്രീയ നേതൃത്വങ്ങളും പിൻതിരിയുക തന്നെ വേണമെന്നാണ് മറ്റൊരു ശക്തമായ ആവശ്യം. പോലീസിലെയും രാഷ്ട്രീയ പാർട്ടികളിലെയും പിന്തുണ ഇല്ലാതെ വന്നാൽ ഗുണ്ടാസംഘങ്ങൾക്ക് നിലനില്പില്ലാതെ വരും. ഇത്തരം സാഹചര്യം സൃഷ്ടിച്ചാലെ ഓപ്പറേഷൻ ആഗ് പോലുള്ള നടപടികൾ വിജയിക്കുകയുള്ളുവെന്ന് ഉന്നത ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു.

കേരളത്തിൽ സമാധാന ജീവിതം ഉറപ്പാക്കാൻ ഗുണ്ടാസംഘങ്ങളെ ഉന്മൂലനം ചെയ്യാനുള്ള സത്യസന്ധമായ നടപടികൾ അനിവാര്യമാണ്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ അറസ്റ്റിലായ ഗുണ്ടകൾക്ക് ജയിലിൽ ലഭിച്ച അസാധാരണ സൗകര്യങ്ങളുടെ കഥകൾ ജനങ്ങൾ കേട്ടതാണ്. രാഷ്ട്രീയ പക്ഷപതാത്തിന്റെ പൈശാചിക പ്രവണതകൾ സമൂഹത്തിന്റെ മറ്റൊരു ശാപമാണെന്നുകൂടി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. കേരളം ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് തിരിച്ചുവരാൻ ഇത്തരം മാഫിയകളിൽനിന്ന് രാഷ്ട്രീയനേതൃത്വം പിൻതിരിയുക തന്നെ വേണമെന്നാണ് ഗുണ്ടാവേട്ട നൽകുന്ന മറ്റൊരു പാഠം.

ഇത്രമാത്രം ഗുണ്ടകളെ ഒറ്റരാത്രികൊണ്ട് അറസ്റ്റ് ചെയ്യാൻ പോലീസിന് സാധിച്ചത് അവരുടെയൊക്കെ ലിസ്റ്റും സ്ഥലവും എല്ലാം പോലീസിന്റെ പക്കൽ ഉണ്ടായിരുന്നതുകൊണ്ടാണ്. അപ്പോൾ ഇതുവരെ പോലീസ് എന്തുചെയ്യുകയായിരുന്നു? നിയമവാഴ്ച ഉറപ്പുവരുത്താതെയും ക്രിമിനലുകൾക്ക് സ്വൈരവിഹാരം ചെയ്യാനും അക്രമവാഴ്ച നടത്താനും സാധിക്കുന്നവിധം രാഷ്ട്രീയ, ഉദ്യോഗസ്ഥ, ഭരണതലങ്ങളിലെ പരാജയമല്ലേ അത് എടുത്തുകാട്ടുന്നത്?

# ശ്രീ ഗോവിന്ദൻ മാസ്റ്റർക്ക് ഒരു തുറന്ന കത്ത്



*പ്രിയ സുഹൃത്തേ*

കേരളത്തിന്റെ സമകാലീന ചരിത്രത്തിൽ നിർണായക സ്വാധീനം ചെലുത്തുന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്). പ്രസ്തുത പാർട്ടിയുടെ നയങ്ങളിലും പരിപാടികളിലും ചില തെറ്റായ പ്രവണതകൾ ചൂണ്ടിക്കാണിക്കാനാണ് ഈ കത്ത് എഴുതുന്നത്. ഇത് താങ്കളുടെ പാർട്ടി സാധാരണക്കാരനു വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളുടെ ആത്മാർത്ഥത ചോദ്യം ചെയ്യാനോ പാർട്ടി നേതൃത്വത്തിനെ വിലയിടിച്ചു കാണിക്കാനോ വേണ്ടിയുള്ളതല്ല. പ്രത്യുത കേരളത്തെ വികസനത്തിലേക്ക് നയിക്കുമെന്ന് പാർട്ടി ധരിച്ചിരുന്ന ചില കാഴ്ചപ്പാടുകൾ തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാനാണ്.

ഒന്നാമതായി കമ്മ്യൂണിസ്റ്റ് താത്വിക ആചാര്യന്മാരായിരുന്ന മാർക്സും എംഗൽസും കമ്മ്യൂണിസത്തെ ചില അടിസ്ഥാന തത്വങ്ങളിലാണ് വികസിപ്പിച്ചെടുത്തത്. അതിൽ പ്രധാനമായത് വൈരുദ്ധ്യാത്മക ഭൗതികവാദം, സ്വകാര്യ സ്വത്തിന്റെ നിർമാർജനം, വർഗ സമരം, ഉത്പാദന ഉപകരണങ്ങളുടെ പൊതു ഉടമസ്ഥത മുതലായവയാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ആശയം എന്നത് വൈരുദ്ധ്യാത്മക ഭൗതികവാദവും മതനിഷേധവുമാണ്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് ചിന്തകൾ മതം തുല്യം വർഗീയത എന്ന നിലപാടാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ താങ്കൾ തന്നെ ഈ നിലപാടുകൾ പ്രായോഗികമല്ല എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. സിപിഎം മതത്തിന് എതിരല്ലെന്നും വിശ്വാസം സംരക്ഷിക്കുമെന്നും താങ്കൾ പ്രസ്താവിച്ചതുതന്നെ കമ്മ്യൂണിസത്തിന് എതിരാണെന്ന് അറിയുന്നുണ്ടോ? ഇത്തരമൊരു പ്രഖ്യാപനത്തിന്റെ ആത്മാർത്ഥതയെ ഞങ്ങൾ സംശയിക്കുന്നു. കാരണം മതവിമർശനമാണ് യഥാർത്ഥ സാമൂഹിക വിമർശനമെന്നും ദൈവത്തിൽ കൂടുതൽ കൂടുതൽ നിക്ഷേപിക്കുന്തോറും മനുഷ്യത്വം ഇല്ലാതാകുമെന്നും മാർക്സ് ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല കത്തോലിക്കാ സഭയെ ഇല്ലാതാക്കിയാലാണ് ഫ്യൂഡലിസം ഇല്ലാതാകുക എന്ന് എംഗൽസും പ്രഖ്യാപിക്കുന്നു. ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ കാരണമായി മതത്തെ ചൂണ്ടിക്കാണിക്കാൻ ഇനിയും മാർക്സിസ്റ്റ് ചിന്തകൾക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ലോകമെമ്പാടുമുള്ള പാർട്ടി അംഗങ്ങൾ കത്തോലിക്കാ സഭ തുല്യം ഫ്യൂഡലിസം എന്ന് ആവർത്തിക്കുന്നു കത്തോലിക്കാ സഭയെ ഒഴികെ മറ്റു മതങ്ങളെ വിമർശിക്കുന്നതിൽ പാർട്ടിക്കാർ അലംഭാവം കാണിക്കുന്നു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ ഒരു മന്ത്രി തന്നെ ഖുർആൻ ഇറക്കുമതി ചെയ്തത് പുരോഗമന പരവും അന്തരിച്ച ശ്രീ മത്തായി ചാക്കോ എന്ന മുൻ നിയമസഭാസാമാജികൻ അന്ത്യേകൂദാശ സ്വീകരിച്ചത് അധോഗമനവുമാകുന്ന ഇരട്ടത്താപ്പ് ഇനിയെങ്കിലും അവസാനിപ്പിക്കണം. വോട്ടുബാങ്ക് മാത്രം നോക്കി ചില മതവിഭാഗങ്ങളെ സംതൃപ്തിപ്പെടുത്തുന്നത് തെറ്റാണ്.

### ചരിത്രം നൽകുന്ന പാഠം

രണ്ടാമതായി മാർക്സും എംഗൽസും ഉന്നയിച്ചത് അവർ ജീവിച്ച കാലഘട്ടത്തിലെ ചില പ്രശ്നങ്ങൾ മാത്രമാണെന്ന് മനസിലാക്കണം. അവയെ എല്ലാ കാലഘട്ടത്തിലും എല്ലാ സ്ഥലത്തേക്കും പ്രയോഗിക്കേണ്ട സത്യങ്ങൾ എന്ന് മനസ്സിലാക്കുന്നത് തെറ്റാണ്. ലോകമെമ്പാടും നിലനിന്നിരുന്ന കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും തകർന്നടിഞ്ഞു. എന്തിനേറെ ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായ തകർച്ച തികച്ചും പ്രത്യയശാസ്ത്രപരമാണ്. പ്രായോഗികമല്ലാത്തത് ശാസ്ത്രീയമല്ല എന്ന എംഗൽസിന്റെ വാദംതന്നെ മാർക്സിസം പരാജയമാണ് എന്നതിന് തെളിവാണ്.

ഇത്തരം ഒരു പരാജയമാണ് കേരള സംസ്ഥാനവും നേരിടുന്നത്. വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയ്ക്ക് പാർട്ടി തന്നെയാണ് പ്രധാന ഉത്തരവാദികൾ. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ സംവിധാനവും ഉന്നത വിദ്യാഭ്യാസ സംവിധാനവും പാർട്ടിക്ക് അനുകൂലമായ അണികളെ സൃഷ്ടിക്കുക എന്നതിനപ്പുറം ക്രിയാത്മകമായ ഒന്നും ചെയ്യുന്നില്ല. അതുകൊണ്ടുതന്നെയാണ് ഭാവി ശോഭനമാക്കാൻ എന്നു കരുതുന്ന വിദ്യാർഥികൾ കേരളം ഉപേക്ഷിച്ചു പോകുന്നത്. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ട്രാക്ടറും ടില്ലറും കമ്പ്യൂട്ടറും മറ്റു സാങ്കേതികവിദ്യകളും രൂപം കൊള്ളുന്നതിനെ നിങ്ങൾ എതിർത്തു. സ്വകാര്യ യൂണിവേഴ്സിറ്റികളും സ്വാശ്രയ കോളേജുകളും എതിർക്കുകയും തടയുകയും ചെയ്തു. ഇവയെല്ലാം ഉപയോഗിച്ച് മറ്റു സംസ്ഥാനങ്ങൾ വളർച്ചയുടെ പാതയിലാണ്.

ഏറെ കൊട്ടിഘോഷിക്കുന്ന കേരള മോഡലിന് മാർക്സിസ്റ്റ് പാർട്ടിക്ക് യാതൊരു പങ്കുമില്ല. ഇവിടെയുള്ള ക്രൈസ്തവരുടെ പാത പിന്തുടർന്നുകൊണ്ട് വ്യത്യസ്ത സമുദായ സംഘടനകൾ കോടാനുകോടി രൂപയുടെ സ്വകാര്യ മൂലധനം പ്രാഥമിക ഉന്നത വിദ്യാഭ്യാസത്തിന് നിക്ഷേപിച്ചതാണ് കേരളത്തിൽ വിദ്യാഭ്യാസ നിലവാരം ഉയരാൻ കാരണം. മാത്രമല്ല, കത്തോലിക്ക സമുദായം ആതുര ശുശ്രൂഷാരംഗത്ത് നടത്തിയ മുതൽമുടക്ക് കേരളത്തിന്റെ ആരോഗ്യനിലവാരത്തിന്റെ അടിത്തറയാണ്. നേഴ്സിങ് എന്ന മേഖല ക്രൈസ്തവ സംഭാവനയാണെന്ന കാര്യം ഓർക്കുന്നതും നന്ന്. ഇനി മാർക്സിസ്റ്റ് പാർട്ടിക്കാണ് ഇതിന്റെ പിതൃത്വം എങ്കിൽ അവർ ഭരിച്ച മറ്റു സംസ്ഥാനങ്ങളിലും മറ്റു ലോകരാജ്യങ്ങളിലും എന്തുകൊണ്ട് ജീവിതനിലവാരം ഉയർത്താൻ കഴിഞ്ഞില്ല എന്ന് വ്യാഖ്യാനിക്കാൻ കഴിയണം. അതുകൊണ്ട് ചരിത്രം നൽകുന്ന പാഠം ഉൾക്കൊണ്ട് മാർക്സും എംഗൽസും മുന്നോട്ടുവച്ച പ്രത്യയശാസ്ത്രം കാലഹരണപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുന്നതാണ് യഥാർത്ഥ വിപ്ലവബോധം.

### വർഗസമര സിദ്ധാന്തം

മൂന്നാമതായി, മുതലാളി തൊഴിലാളി എന്നീ വർഗങ്ങളുടെ സംഘട്ടനമാണ് മനുഷ്യ പുരോഗതിയുടെ ചാലകശക്തി എന്ന മാനിഫെസ്റ്റോയുടെ കണ്ടെത്തൽ തെറ്റാണ്. ഞങ്ങളുടെ മുൻ മാർപാപ്പയായ വിശുദ്ധ ലിയോ പതിമൂന്നാമൻ തന്റെ 'റേരും നൊവാരും' 1891 എന്ന അപ്പസ്തോലിക ഗ്രന്ഥത്തിൽ തൊഴിലാളി മുതലാളി ഐക്യമാണ് പുരോഗതിയുടെ സ്രോതസ്സ് എന്ന് ചൂണ്ടിക്കാണിക്കുന്നു. വർഗസമരം കേരളത്തിൽ പ്രായോഗികമാക്കാൻ ശ്രമിച്ചതുകൊണ്ട് ഇവിടത്തെ വ്യവസായവും കൃഷിയും നശിച്ചുവെന്നല്ലാതെ മറ്റൊന്നും സംഭവിച്ചില്ല. ഇന്ന് സർക്കാർ അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഉൽപാദന മേഖലയുടെ തകർച്ചയാണ്. കഴിഞ്ഞ തലമുറയിലെ വിദ്യാസമ്പന്നരും സംസ്കാരിക ബോധമുള്ളവരും അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും അധ്വാനിച്ച് സമ്പാദിച്ച പണമായിരുന്നു കേരള ജനതയുടെ വരുമാന സ്രോതസ്. അതില്ലായിരുന്നെങ്കിൽ കേരളം ബീഹാറിനേക്കാൾ പിന്നിൽ പോകുമായിരുന്നു. പ്രവാസികൾ നൽകുന്ന വിദേശ വരുമാനമാണ് നമ്മുടെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനത്തിന്റെ വലിയ സ്രോതസ്സായി നിലകൊള്ളുന്നത്. എന്തുകൊണ്ട് കർണാടകത്തിലും തമിഴ്നാട്ടിലും സാമ്പത്തിക പ്രതിസന്ധി ഇല്ലാതായി? അവരുടെ കാർഷിക വ്യവസായ അടിത്തറയാണ് അതിനു കാരണം. അതിൽനിന്ന് പാഠം ഉൾക്കൊണ്ട് വർഗസമര സിദ്ധാന്തം ഉപേക്ഷിച്ച് വർഗഐക്യ സിദ്ധാന്തം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുജന പ്രക്ഷോഭം നടത്തിയാൽ വിലക്കയറ്റം തടയാൻ കഴിയില്ല. ഒന്നുകിൽ ഉപഭോഗം കുറയണം അല്ലെങ്കിൽ ഉൽപാദനം കൂടണം. ഉൽപാദനം കൂടണമെങ്കിൽ ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കണം. ആധുനിക സാങ്കേതികവിദ്യയ്ക്കും ഉൽപാദന വർദ്ധനവിനും മാത്രമേ തൊഴിൽ സൃഷ്ടിക്കാൻ കഴിയൂ എന്ന് തിരിച്ചറിയുക. മാറ്റുവിൻ നിങ്ങളുടെ ചട്ടങ്ങളെ അല്ലെങ്കിൽ ചരിത്രം അവയെ മാറ്റും എന്ന് മുന്നറിയിപ്പ് നൽകുന്നു. ചരിത്രത്തിൽ വ്യക്തികൾക്ക് പ്രാധാന്യമില്ല. ചരിത്രത്തിന് സ്വയം ഒരു നിയമമുണ്ട്, ആ നിയമം അപകടകരമാണ്

### സ്വകാര്യ സ്വത്തിന്റെ നിർമാർജനം

നാലാമതായി മാർക്സിസം മുന്നോട്ടുവയ്ക്കുന്ന മറ്റൊരു വിഡ്ഢിത്തമാണ് സ്വകാര്യ സ്വത്തിന്റെ നിർമാർജനം. വ്യക്തിക്കു സ്വകാര്യസ്വത്ത് പാടില്ലെങ്കിലും പാർട്ടിക്ക് സ്വകാര്യസ്വത്താകാം! എല്ലാം സർക്കാർ ഉടമസ്ഥതയിൽ ആയാൽ ഉൽപാദനക്ഷമത വർദ്ധിക്കും എന്ന് വൃഥാ സ്വപ്നം കാണുന്നു. ഇത്തരമൊരു ചിന്തയ്ക്ക് യാതൊരു ശാസ്ത്രീയമോ പ്രായോഗികമോ ആയ പിന്തുണയില്ല. ജനാധിപത്യവും സ്വാതന്ത്ര്യവും നിലനിർത്തണമെങ്കിൽ സ്വകാര്യ സ്വത്ത് ഒരു മുൻ ഉപാധിയാണ്. സ്വകാര്യ സ്വത്ത് ഉണ്ടായതുകൊണ്ട് സ്വാതന്ത്ര്യവും ജനാധിപത്യവും താനേ രൂപം കൊള്ളില്ല. എന്നാൽ സ്വകാര്യ സ്വത്ത് ഇല്ലാതെ സ്വാതന്ത്ര്യവും ജനാധിപത്യവും രൂപം കൊള്ളില്ല. എല്ലാ സമ്പത്തും സർക്കാർ ഉടമസ്ഥതയിൽ ആയാൽ ഭരിക്കുന്ന പാർട്ടിയുടെ ഇച്ഛയ്ക്ക് അനുസരിച്ച് പ്രവർത്തിക്കാൻ മാത്രമേ പ്രജകൾക്ക് കഴിയൂ. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ സ്വാതന്ത്ര്യവും ജനാധിപത്യവും നഷ്ടപ്പെട്ടത്

**സിപിഎം മതത്തിന് എതിരല്ലെന്നും വിശ്വാസം സംരക്ഷിക്കുമെന്നും താങ്കൾ പ്രസ്താവിച്ചതുതന്നെ കമ്മ്യൂണിസത്തിന് എതിരാണെന്ന് അറിയുന്നുണ്ടോ?**

മാത്രമല്ല കേരളത്തിന്റെ പ്രത്യേക അവസ്ഥയിൽ സ്വകാര്യ മൂലധനം പാടെ അപ്രത്യക്ഷമായിരിക്കുന്നു. വ്യവസായം തുടങ്ങാനുള്ള സാഹചര്യം കേരളത്തിലുണ്ട്. എന്നാൽ സംരംഭകരെ ഭയം വേട്ടയാടുന്നു. പ്രതീക്ഷയാണ് സാഹസത്തിന് മനുഷ്യരെ പ്രേരിപ്പിക്കുന്നത്. ഭയം സാഹസത്തിൽ നിന്ന് മനുഷ്യനെ പിന്തിരിപ്പിക്കുന്നു. സാഹസികരായ വ്യക്തികൾ തങ്ങളുടെ മിച്ചം വ്യവസായ മൂലധനമായി മാറ്റുവാൻ കേരളത്തിൽ ഭയപ്പെടുന്നു. ഈ ഭയം സൃഷ്ടിച്ചത് ആരാണെന്ന് സ്വയം ആത്മശോധന ചെയ്യാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു ഭയം പ്രതീക്ഷയെ ഇല്ലാതാക്കുമ്പോൾ മൂലധനം സ്വരൂപിക്കാനുള്ള സാഹസികർ കേരളത്തിന് വെളിയിലേക്ക് ചേക്കേറുന്നു.

അതുകൊണ്ട് സ്വകാര്യ മൂലധന സ്വരൂപണം പാപമാണെന്ന മാർക്സിസ്റ്റ് വേദപ്രമാണം ചവറ്റുകുട്ടയിൽ എറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു സ്വകാര്യ-പൊതുസംരംഭങ്ങളുടെ മത്സരത്തിലൂടെ മാത്രമേ രാഷ്ട്രക്ഷേമം ഉറപ്പുവരുത്താൻ കഴിയൂ എന്ന ലിയോ മാർപാപ്പയുടെ വാക്കുകൾ ഒരിക്കൽ കൂടെ ആവർത്തിക്കുന്നു. അതുകൊണ്ട് വർഗ സമര സിദ്ധാന്തവും സ്വകാര്യ മൂലധനത്തോടുള്ള വെറുപ്പും ഉപേക്ഷിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു



*സ്നേഹപൂർവ്വം*
**ഡോക്ടർ കെ.എം. ഫ്രാൻസിസ്**
അൽമായ കമ്മീഷൻ സെക്രട്ടറി
കെ സി ബി സി

# പരീക്ഷയെഴുതാം ആത്മവിശ്വാസത്തോടെ

**ജേക്കബ് കൂനംപ്ലാവിൽ**
വിശ്വാസപരിശീലന പ്രിൻസിപ്പാൾ
സെന്റ് തോമസ് ചർച്ച്, പുത്തൂർ



പരീക്ഷാക്കാലമായ മാർച്ച് മാസം ഉത്കണ്ഠയുടേയും ആകാംഷയുടേയും അല്പം പിരിമുറുക്കത്തിന്റെയും മാസമാണ്. വലിയ അവധിക്കാലത്തിന്റെ സന്തോഷത്തിന് മുമ്പ്വരുന്ന വാർഷിക പരീക്ഷ നമ്മിൽ കുറച്ച് ടെൻഷൻ രൂപപ്പെടുത്താറുണ്ട്. ഒരു പരിധിവരെ ഈ ഉത്കണ്ഠയും ടെൻഷനും നല്ലതാണ്. പരീക്ഷയ്ക്ക് ഒരുങ്ങാൻ നമ്മെ പ്രേരിപ്പിക്കും. നമുക്ക് അറിയാവുന്നതും കേട്ടതും പഠിച്ചതുമായ ഏതാനും ചിലകാര്യങ്ങൾ ആരോഗ്യകരമായി എങ്ങനെ പരീക്ഷയെ സമീപിക്കണം എന്നതിന് സഹായകമാകുംവിധം ഏതാനും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാം. എല്ലാവർക്കും വിജയാശംസകൾ.

**അറിവിലുപരി വിവേകത്തോടെ എഴുതേണ്ടതാണ് പരീക്ഷ.** പരീക്ഷാഹാളിൽ നിങ്ങളും ചോദ്യപ്പേപ്പറും മാത്രമാകുമ്പോൾ അത് ഓർമ്മശക്തിയുടെ ഒരു പരീക്ഷണം മാത്രമല്ല ഭാവിജീവിതത്തിന്റെ സാധ്യതകളും അവസരങ്ങളും നല്കുന്ന ഒരു കാര്യമാണെന്ന് മനസ്സിലാക്കി സംയമനത്തോടെ ശാന്തമായി ശ്രദ്ധയോടെ ചോദ്യങ്ങളെ അഭിമുഖീകരിക്കണം. **ആദ്യഘട്ടത്തിൽ വിഷമകരമെന്ന് തോന്നാമെങ്കിലും ചോദ്യങ്ങൾ മനസ്സിരുത്തി വായിച്ച് എഴുതുമ്പോൾ പരീക്ഷ എളുപ്പമുള്ളതാകും.** ശാന്തമായ മനസ്സിൽ ഉത്തരങ്ങൾ തെളിമയോടെ ചിന്തയിൽ വരും. സഹായകനായ പരിശുദ്ധാത്മാവ് തന്റെ ദാനങ്ങളാൽ നമ്മെ സമ്പന്നരാക്കും.

**മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകൾ (സിലബസ്സിൽ മാറ്റമില്ലെങ്കിൽ) ഉത്തരമെഴുതി ശീലിക്കുക. പലപ്പോഴും ആവർത്തന ചോദ്യങ്ങളുണ്ടാകാം.** മാത്രമല്ല രീതിയും ഘടനയും നമുക്ക് പരിചയമാകാൻ സഹായകമാണ്.

**പരീക്ഷാത്തലേന്ന് ഉറക്കമിളച്ച് പഠിക്കേണ്ട.** പിറ്റേന്ന് വേണ്ടത്ര ഊർജ്ജസ്വലത നഷ്ടമാകാനും ചിന്തയെ ബാധിക്കാനും ഇത് കാരണമാകാം. **പരീക്ഷാദിവസം പതിവിലും നേരത്തെ എഴുന്നേല്ക്കുക.** പഠിച്ചഭാഗങ്ങൾ ഒരാവർത്തി മുഴുവൻ വായിക്കുവാൻ ശ്രദ്ധിക്കുക. പുതിയ ഭക്ഷണരീതി പരീക്ഷ ദിവസം വേണ്ട. ആരോഗ്യകരമായ അസ്വസ്ഥതകൾക്ക് കാരണമായേക്കാം.

**പരീക്ഷയ്ക്കാവശ്യമായ ഹാൾടിക്കറ്റ്, പേന, പെൻസിൽ തുടങ്ങിയവ നേരത്തെ ഒരുക്കി വയ്ക്കുക. പതിവിലും നേരത്തെ സ്കൂളിലെത്തുക.** ഊർജ്ജസ്വലതയോടെ ആത്മവിശ്വാസത്തോടെ പരീക്ഷ ഹാളിൽ പ്രവേശിക്കുക.

ചോദ്യങ്ങളെ അറിയാവുന്നവ, ഭാഗികമായി അറിയാവുന്നവ, ഒട്ടും അറിയാത്തവ എന്ന ക്രമത്തിൽ തിരിച്ച് ക്രമനമ്പർ തെറ്റാതെ കൃത്യതയോടെ വ്യക്തമായി ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങളും അറ്റന്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. ആവശ്യമായ പോയന്റ്സിന് അടിവരയും ഉപശീർഷകവും നല്കുക. ഇത് ചോദ്യപേപ്പർ വിലയിരുത്തുന്ന അദ്ധ്യാപകർക്ക് നമ്മിൽ മതിപ്പുളവാകാനും മാർക്ക് ഉയരാനും സാധ്യതയുണ്ട്.

ശാന്തമായ കുടുംബാന്തരീക്ഷം, മുൻകൂട്ടിയുള്ള ഒരുക്കം, ശുഭാപ്തി വിശ്വാസം, ദൈവവിചാരം ഇതെല്ലാം ആരോഗ്യകരമായി പരീക്ഷ എഴുതാൻ നമ്മെ പ്രാപ്തരാക്കുന്നതാണ്. മുൻകൂട്ടി പഠിച്ചൊരുങ്ങുക, പ്രാർത്ഥിക്കുക.

ആത്മവിശ്വാസത്തിന്റെയും ശുഭ പ്രതീക്ഷയുടേയും പരീക്ഷാദിവസങ്ങൾ, നല്ല അവധിക്കാലം എല്ലാവർക്കും ആശംസിക്കുന്നു.



*അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ അതിരൂപതാതല മത്സരങ്ങളുടെ സമ്മാനദാനം വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്യുന്നു*

## ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപതതല സമ്മാനദാനം

തൃശൂർ: അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ അതിരൂപതാതല മത്സരങ്ങളുടെ സമ്മാനദാനം മതബോധന കേന്ദ്രത്തിൽ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് മൈനർ സെമിനാരി റെക്ടർ ഫാ. ടീങ്കിൾ വാഴപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. വിശ്വാസ പരിശീലന ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതതലത്തിൽ നടത്തിയ കലാമത്സരങ്ങൾ, സാഹിത്യമത്സരങ്ങൾ, അതിരൂപതതല സാന്തോം ക്വിസ്സ്, ക്രിസ്തുമസ് കാർഡ് മത്സരം എന്നിവയിൽ വിജയികളായ എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി, കോർഡിനേറ്റർ സിസ്റ്റർ ബീന റോസ് എസ്.എസ്.പി.സി. എന്നിവർ നേതൃത്വം നൽകി. ഫാ. ലിജോ ചാലിശ്ശേരി, പ്രമോട്ടേഴ്സ് പ്രതിനിധി ഫാ. ഗ്രിജോ മുരിങ്ങാത്തേരി എന്നിവർ പ്രസംഗിച്ചു

## സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി

അന്തിക്കാട്: സമ്പൂർണ ബൈബിൾ പകർത്തിയെഴുതി വിശ്വാസപരിശീലന അധ്യാപിക മാതൃകയായി. സെന്റ് ആന്റണീസ് ഇടവകാംഗം എടക്കളത്തൂർ അനു ഫ്രാൻസിസ് ആണ് 11 മാസം കൊണ്ട് സമ്പൂർണ ബൈബിൾ പകർത്തിയെഴുതിയത്. പഴയനിയമം, പുതിയനിയമം, ചരിത്രസൂചിക, അളവുകൾ, ഭൂപടങ്ങൾ എന്നിവ ഉൾപ്പെടെ 5926 പേജുകളിലായി എഴുതിത്തീർത്ത ബൈബിൾ നാല് ഭാഗങ്ങളാക്കിയാണ് പ്രകാശനം ചെയ്തത്. വികാരി ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ പ്രകാശനം നിർവഹിച്ചു.



അന്തിക്കാട് ഇടവകാംഗമായ എടക്കളത്തൂർ അനു ഫ്രാൻസിസ് തയാറാക്കിയ ബൈബിളിന്റെ കൈയെഴുത്തുപ്രതി ഫാ.ഡഗ്ലസ് പീറ്റർ ചെറുവത്തൂർ പ്രകാശനം ചെയ്യുന്നു.



*ആറ്റത്ര ഇടവകാംഗമായ വിൽഫി വർഗീസ് പകർത്തി എഴുതിയ സമ്പൂർണ്ണ ബൈബിൾ ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി ആശിർവദിക്കുന്നു. വികാരി ഫാ. ബെന്നി കിടങ്ങൻ സമീപം*

*വൈലത്തൂർ ഇടവകാംഗമായ തലക്കോട്ടൂർ ജോൺ ഭാര്യ ജെസി തയാറാക്കിയ സമ്പൂർണ ബൈബിളിന്റെ കൈയെഴുത്തുപ്രതി വികാരി ഫാ. ജോവി കുണ്ടുകുളങ്ങര പ്രകാശനം ചെയ്യുന്നു.*

## പ്രാർത്ഥിക്കാം... പ്രവർത്തിക്കാം...

**തിരുവചനം:** "കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1: 46)

**സുകൃതജപം:** ഈശോയെ അങ്ങേ കൃപയാൽ എന്നെ നിറയ്ക്കേണമേ!

**പ്രാർത്ഥനാ നിയോഗം:** പ്രേഷിത പ്രവർത്തനരംഗത്ത് ക്ലേശമനുഭവിക്കേണ്ടവർക്ക് അവ സഹിക്കുവാനുള്ള കൃപ ലഭിക്കാനായി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** സാധുസംരക്ഷണത്തിനുവേണ്ടി കഠിനമായി അദ്ധ്വാനിച്ച് ഉപവിയുടെ സഭാസ്ഥാപകനായ ദൈവത്തിന്റെ വി.യോഹന്നാനാണ് നാം ഈ മാസം ഓർക്കുന്ന വിശുദ്ധൻ. 55-ാം വയസ്സിൽ അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. എളിമയും ഉപവിയുമായിരുന്നു വിശുദ്ധന്റെ വിശുദ്ധിയുടെ നിദാനം. മാർച്ച് 8 ന് വിശുദ്ധന്റെ തിരുനാൾ സഭയിൽ കൊണ്ടാടുന്നു.

**പ്രവർത്തനം:** ഈ പരീക്ഷാകാലഘട്ടത്തിൽ പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ സഹായിക്കുക.

# അനുതാപം = നോമ്പുകാലം

**എ. ജെ. സജി**
ആറ്റത്ര



വലിയ നോമ്പിന്റെ യാത്രയിലാണ് നമ്മൾ. ദൈവം തന്റെ ദൂതനോട് പറഞ്ഞു. ഭൂമിയിലെ ഏറ്റവും മഹത്തായകാര്യം എന്റെയടുക്കൽ കൊണ്ടുവരണം. ദൂതൻ ഭൂമിയിലെത്തി യാത്ര ചെയ്തപ്പോൾ അനേകരുടെ ജീവൻ രക്ഷിച്ച ഒരാൾ മുങ്ങിമരിക്കുന്നതു കണ്ടു. അയാളുടെ അവസാന ശ്വാസമെടുത്തു ദൈവത്തിന്റെ അടുക്കലെത്തി ദൂതൻ പറഞ്ഞു. ഇത് വിലപ്പെട്ടതാണ്. പക്ഷെ ഏറ്റവും മൂല്യമുള്ളത് ഇതല്ലെ. മറ്റു പലകാര്യങ്ങളും കൊണ്ടു ചെന്നെങ്കിലും ദൈവം അവയെല്ലാം നിഷേധിച്ചു. അവസാനശ്രമത്തിനിടയിൽ ദൂതൻ കുറ്റിപ്പുറത്ത് സഞ്ചരിക്കുന്നയാളെ കണ്ടു. എങ്ങോട്ടാണ് യാത്ര എന്ന് ചോദിച്ചപ്പോൾ തന്നെ ചതിച്ചവനെ പ്രതികാരം തീർക്കുകയും കൊല്ലാൻ പോവുകയാണ് എന്നായിരുന്നു മറുപടി. ദൂതൻ അയാളെ അനുഗമിച്ചു. ഒരു വീട്ടുമുറ്റത്തെത്തിയ യാത്രക്കാരൻ തോക്കുമെടുത്തു ജനാലയ്ക്കുള്ളിലൂടെ നോക്കിയപ്പോൾ തന്റെ കുട്ടികളെ ചുംബിച്ച് ഉറക്കാൻ കിടത്തുന്ന പിതാവിനെയാണ് കണ്ടത്. ആ സ്നേഹകാഴ്ചകണ്ടപ്പോൾ അയാൾ തിരിച്ചുപോയി. അയാളുടെ ഒരു തുള്ളി കണ്ണുനീരുമായി ദൂതൻ സ്വർഗ്ഗത്തിലേക്കെത്തിയപ്പോൾ ദൈവം പറഞ്ഞു. ഇതു തന്നെയാണ് ഏറ്റവും മൂല്യമുള്ള വസ്തു. "അനുതാപം". മടങ്ങിവരവിനെക്കാൾ മനോഹരമായ യാത്ര മറ്റൊന്നുമില്ല. തെറ്റിനുശേഷമാണെങ്കിലും തീർത്ഥാടനത്തിനുശേഷമാണെങ്കിലും തിരിച്ചുവരാനൊരു സ്ഥലമുണ്ട് എന്നതാണ് എല്ലാ യാത്രകളുടെയും മനോഹാരിത. എവിടെ നിന്നാണ് പോയത് എന്നതാണ് എവിടേക്കാണ് പോകുന്നത് എന്നതിന്റെ മനോഹാരിത തീരുമാനിക്കുന്നത്.

രണ്ട് തരം യാത്രകളുണ്ട്. ആയിരിക്കുന്ന സ്ഥലത്ത് നിന്ന് രക്ഷപ്പെടാൻ വേണ്ടിയുള്ള യാത്രയും ആയിരിക്കുന്ന സ്ഥലത്തിന്റെ സമ്പന്നത തിരിച്ചറിയുന്ന യാത്രയും. എല്ലാ യാത്രക്കിടയിലും തിരിച്ചുപൊകണമെന്ന ഒരു ഉൾവിളിയുണ്ടാകും.

തെറ്റ് ചെയ്ത് പോകുന്നതിനിടയിലും "തിരിച്ചുവരൂ" എന്ന മനസാക്ഷിയുടെ സ്വരം പ്രതിധ്വനിക്കുന്നുണ്ടാകും. തുടർ തെറ്റുകളിലേർപ്പെടുന്നവരെല്ലാം ആ സ്വരം അവഗണിച്ച് നീങ്ങുന്നവരാണ്. മടങ്ങിവരാനാകാത്ത ഒരു യാത്രയും ഇല്ല.

പലരും തിരിച്ചുവരാത്തതിനു കാരണം തിരിച്ചെത്തുമ്പോഴുള്ള ചോദ്യചിഹ്നങ്ങളോടുള്ള ഭയമാണ്. തെറ്റി എന്നറിഞ്ഞാൽ പിന്നെ തിരുത്തുക എന്നതാണ് പോംവഴി. തെറ്റ് തിരുത്തുന്നതിനേക്കാൾ വിശുദ്ധമായി മറ്റേതെങ്കിലും കർമ്മമുണ്ടോ?

തെറ്റ് ചെയ്യുന്നതിനേക്കാൾ മുന്നൊരുക്കവും മനസാന്നിധ്യവും വേണം തെറ്റിൽ നിന്നും തിരിച്ചുനടക്കാൻ. അടിമപ്പെട്ടുപോയ ശീലങ്ങളിൽ നിന്നോ പെരുമാറ്റവൈകൃതങ്ങളിൽ നിന്നോ ഒരാൾ പിൻമാറാൻ തിരുമാനിച്ചാൽ അത് തന്നെയാണ് അനുതാപം.

തിരിഞ്ഞുനോട്ടം, അത് തന്നെയാണ് നോമ്പുകാലവും. അനുതാപം വഴി നോമ്പ് കാലം ഫലമുള്ളതാക്കി മാറ്റാം നമുക്ക്.

## പദപ്രശ്നം

| | | | | | | | |
|---|---|---|---|---|---|---|---|
| ൽ | ത്ത | ര | വ | പാ | കൃ | യാ | സ |
| ത്ത | സാ | ലോ | ഗാ | മോ | വും | ഹ | ത്യ |
| ത | ബോ | ഹോ | തോ | ര്യ | ന | മം | ഹൃ |
| ക് | ഹോ | പു | ധൈ | ശ | ജ | യ 4 | ദ |
| ര | വം | മ | ക് | ഹാ | വ്യ | നി | യ |
| യാ | ത് | തി | ജോ | ലേ | ബോ | ജോ | ത്തോ |
| ആ | പോ | രാ | ണ്ട | ജോ | വം | ഹോ | ടെ |
| രാ | മം | ർ | ക | ണ | ത്രോ | രി | പ |

1. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി അവിടുത്തെ വാഗ്ദാനം പ്രാപിക്കാൻ നിങ്ങൾക്ക് ആവശ്യമായിരിക്കുന്നത് എന്ത്?
2. നിയമപ്രകാരം മിക്ക വസ്തുക്കളും ........ ആണ് ശുദ്ധീകരിക്കപ്പെടുന്നത്?
3. വിശ്വാസത്തിന്റെ ഉറപ്പുള്ള ......... നമുക്ക് അടുത്തുചെല്ലാം
4. വരാനിരിക്കുന്ന നന്മകളുടെ നിഴൽ എന്ത്?
5. ........ പ്രത്യാശയിലുള്ള അഭിമാനവും അവസാനംവരെ നാം മുറുകെ പിടിക്കുമെങ്കിൽ നാം അവിടുത്തെ ഭവനം ആയിരിക്കും
6. ആരുടെ പൗരോഹിത്യം വഴിയാണ് ജനങ്ങൾക്ക് നിയമം നൽകപ്പെട്ടത്?
7 ഭക്ഷണത്താൽ അല്ല........ ഹൃദയത്തെ ശക്തമാക്കുന്നതാണ് ഉചിതം?
8. സ്വന്തം രക്തത്തോട് കൂടി ക്രിസ്തു നിത്യകൂടാരമായ സ്വർഗത്തിൽ പ്രവേശിച്ച് ...... നിറവേറ്റി?

പേര്: ........................................

സ്ഥലം: ........................................

**കഴിഞ്ഞമാസം ശരിയുത്തരങ്ങൾ അയച്ചവർ:** അന്ന റോസ് ജോൺ മരത്താക്കര, മേരി ബേബി മുക്കാട്ടുകര, കെ.ജെ. റീത്ത ഒല്ലൂർ, കൊച്ചുത്രേസ്യ സൈമൺ പറപ്പൂർ, പി.എൽ. സൈമൺ പറപ്പൂർ, ജോകുട്ടൻ (വർഗീസ്) പൊറത്തിശ്ശേരി, ജെസി ജോർജ് തൊയക്കാവ്, ആന്റോ പയ്യപ്പിള്ളി പെരുവാംകുളങ്ങര, ബീന അഗസ്റ്റിൻ പടവരാട്, ഷീല വർഗീസ് അരിമ്പൂർ, എ.ജെ. ആഞ്ചല മരത്താക്കര, എൻ.പി. ആന്റണി കോളങ്ങാട്ടുകര, സീന ആന്റോ പുതുക്കാട്, ആന്റണി റോയ് കിഴക്കേകോട്ട, അമേയ റോസ് ഇരവിമംഗലം, റോസിലി കുര്യാക്കോസ് ആർത്താറ്റ്, എ.ജെ. ജോൺ വെളപ്പായ, സിസ്റ്റർ എലിസബത്ത് സിഎംസി പാവറട്ടി, മേരി വർഗീസ് നെല്ലങ്കര, വി.സി. അമൽ ഏങ്ങണ്ടിയൂർ, ആൻസി തോമസ് ആർത്താറ്റ്, മറീന ആന്റണി പുറനാട്ടുകര, സിസ്റ്റർ ഹഡ്രിയാൻ സിഎംസി ശ്രീമൂലനഗരം, ബിൻസി ജോർജ് നോർത്ത് കാരമുക്ക്, ദിയ മറിയം ഡിക്സൺ പുത്തൻപീടിക, ജെസി തോംസൺ കോട്ടപ്പടി, ഷീജ ഡേവിസ് വെളപ്പായ, അന്നക്കുട്ടി ജോസ് പുത്തൂർ, അനീഷ സിബിൻ പാലക്കൽ, ജെൻസി ജിജോ വെങ്ങിണിശേരി, മേഴ്സി ജേക്കബ് ചിറ്റിശേരി, എൽന കെ. ഫ്രാൻസിസ് കോളങ്ങാട്ടുകര, റീന ജോൺസൻ കുറ്റൂർ, ജിസ്മി ജോജു എറവ്, സിജി പോൾസൺ നെല്ലങ്കര.

**വിജയികൾ**
1.ബീന അഗസ്റ്റിൻ പടവരാട്
2.അന്നക്കുട്ടി ജോസ് പുത്തൂർ

**കഴിഞ്ഞ മാസത്തിലെ ശരിയുത്തരങ്ങൾ**

1. കൃപാദാനം
2. സുവിശേഷം
3. ആത്മാവ്
4. പാപം
5. നീതിമാൻ
6. നിയമം
7. വിശ്വാസം
8. എൺപത്തിനാല്

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: ഫെബ്രുവരി 15

**എക്സൽ അക്കാദമി 2023 മാർച്ച്**

**K TET - Course (Kerala Teachers Eligibility Test)**
എക്സൽ അക്കാദമിയുടെ K TET കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**IELTS Coaching**
എക്സൽ അക്കാദമി DBCLC കാമ്പസിൽ IELTS കോച്ചിങ്ങ് ആരംഭിച്ചു.

**PSC Course**
എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ PSC റെഗുലർ കോഴ്സ് (തിങ്കൾ മുതൽ വെള്ളി വരെ) ആരംഭിച്ചു.

**Excel Carier Guidence Programme**
എക്സൽ അക്കാദമിയുടെ നേതൃത്വ ത്തിൽ ഇടവകകളിൽ എക്സൽ കരിയർ ഗൈഡൻസ് പ്രോഗ്രാം നടന്നു കൊണ്ടിരിക്കുന്നു. മോട്ടിവേഷൻ സ്പീക്കർ, കരിയർ ഗുരു, പ്രഗൽഭരായ അധ്യാപകർ ക്ലാസുകൾ നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: 9847276657, 9744941585

**കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ് (CUET) (UG) 2023**
ഇന്ത്യയിലെ പ്രമുഖ 117 യൂണിവേഴ്സിറ്റികളിൽ മൂന്നുവർഷ ബിരുദവും, ഇന്റ ഗ്രേറ്റഡ് ബിരുദവും പഠിക്കാനുള്ള പൊതുപ്രവേശന പരീക്ഷയാണ് കോമൺ യൂണിവേഴ്സിറ്റി എൻട്രൻസ് ടെസ്റ്റ്.
നമ്മുടെ അതിരൂപത സ്ഥാപനമായ എക്സൽ അക്കാദമിയിൽ ഈ എൻട്രൻസ് ടെസ്റ്റിന് വേണ്ടിയുള്ള കോച്ചിംഗ് 2023 ഏപ്രിൽ 10-ാം തീയതി ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും കോച്ചിംഗ് രജിസ്ട്രേഷനും എക്സൽ അക്കാദമിയുമായി ബന്ധപ്പെടാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക്: 9744941585.

## 3 കത്തോലിക്കാസഭ പത്രം മെഗാ ക്വിസ് – മാർച്ച്

കത്തോലിക്കാസഭ പത്രം മെഗാ ക്വിസ് പ്രോഗ്രാം മൂന്നാം മാസത്തെ ചോദ്യങ്ങൾ താഴെ. ഉത്തരങ്ങൾ മാർച്ച് 20-ാം തിയ്യതിക്ക് മുൻപ് കത്തോലിക്കാ സഭ പത്രം ഓഫീസിൽ തപാൽ മുഖേനയോ നേരിട്ടോ ലഭിച്ചിരിക്കണം. E-mail വഴിയുള്ള ഉത്തരങ്ങൾ സ്വീകരിക്കുന്നതല്ല.

1. ബനഡിക്ട് പതിനാറാമൻ മാർപാപ്പ ദിവംഗതനായതു ഏത് ആശ്രമത്തിൽ വെച്ചാണ്?
2. ക്രൈസ്തവ മതപീഡനം നടന്ന ഛത്തീസ്ഗഡിലെ നാരായൺപൂർ സന്ദർശിച്ച മലയാളി വക്കീൽ ആര്?
3. രോഗികൾക്കായുള്ള ആഗോള ദിനം എന്നാണ്?
4. മെൽബൺ രൂപതയുടെ പ്രഥമമെത്രാൻ ആരാണ്?
5. കത്തോലിക്കരും യാക്കോബായ- ഓർത്തഡോക്സ് വിഭാഗങ്ങളും ഒരുപോലെ സ്നേഹിക്കുന്ന പ്രാർത്ഥന ഏത്?
6. വിധവകളുടെ മക്കൾക്കായുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി ഏതാണ്?
7. റോമിലെ ബിഷപ് സിനഡിൽ വോട്ടവകാശമുള്ള ഏകവനിതയുടെ പേരെന്താണ്?
8. 'അവൻ വിനയാന്വിതനായി കഴുതപ്പുറത്ത് കയറി വരുന്നു' എന്ന് പ്രവചിച്ച പ്രവാചകൻ?
9. മാർപാപ്പ എന്ന പദവി സ്ഥാനത്യാഗം ചെയ്ത ആദ്യത്തെ മാർപാപ്പ ആരാണ്?
10. 1977ൽ മ്യൂണിക് അർച്ച് ബിഷപ് ആയപ്പോൾ ബനഡിക്ട് പതിനാറാമൻ സ്വീകരിച്ച് ആപ്തവാക്യം ഏതാണ്?
11. യഹൂദർ കല്ലെറിഞ്ഞു കൊന്ന ശ്ലീഹ ആരാണ്?
12. ദൈവദാസൻ ഫാലിനസ് മരിയ സുക്കോൾ ജനിച്ചത് ഏത് രൂപതയിലാണ്?
13. റോമക്കാരുടെ ഏത് തിറുനാളുമായി ബന്ധപ്പെട്ടാണഅ ഫെബ്രുവരി എന്ന പദം വരുന്നത്?
14. 'റെയിൻബോ ഫ്ളാഗ്' ആദ്യാമായി പ്രദർശിപ്പിച്ച വർഷം ഏത്?
15. 2022 ൽ രക്തസാക്ഷികളായ കത്തോലിക്ക മിഷണറിമാർ എത്രയാണ്?
16. ജെറുസലേമിന്റെ കാവൽ ഗോപുരം ഏത്?
17. വന്യ ജീവി സംരക്ഷണനിയമം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്ന വർഷം ഏത്?
18. ഇന്ത്യയിൽ പ്രാബല്യത്തിലുള്ള വന്യജിവ സംരക്ഷണനിയമം ഭരണഘടന വിരുദ്ധമെന്ന് പ്രഖ്യാപിച്ച പരിസ്ഥിതി ശാസ്ത്രജ്ഞൻ ആരാണ്?
19. സെഹിയോൻ മാളികയിൽ ആദ്യമായി സന്ദർശനം നടത്തി പ്രാർത്ഥിച്ച മാർപാപ്പ
20. രാഷ്ട്രപതിയുടെ അതിവിശിഷ്ടമെഡൽ നേടിയ ഫയർ & റസ്ക്യൂ ഓഫീസർ ആരാണ്?

**മെഗാക്വിസ് ജനുവരി മാസത്തെ വിജയി**
JOB. C. KOODALAPPAD
Koovappadi. P.O, Prumbavoor

**ഫെബ്രുവരി മാസം മെഗാക്വിസ് ഉത്തരങ്ങൾ**

## ENGLISH CORNER -7

Dr. M. J. Viju
Assistant Professor & Research Guide
Research & PG Department of English
St.Thomas College (Autonomous), Thrissur - 1

### TEN TYPES OF NOUNS IN ENGLISH

**What is a noun?**
A noun is a word that refers to a person, place, or thing. The category of "things" may sound super vague, but in this case it means inanimate objects, abstract concepts, and activities.

Different types of nouns

**1) Common nouns**
Common nouns are words that refer to undefined or generic people, places, or things.
For example, the country is a common noun that refers to a generic place while the word Canada is not a common noun because it refers to a specific place.
Commonnouns: house, cat, girl, foot, country

**2) Proper nouns**
Proper nouns help distinguish a specific person, place, or thing. These words should be capitalized.
Propernouns: Spain, Fido, Sony

**3) Singular nouns**
Singular nouns are nouns that refer to only one person, place or thing.
For example, a cat is one animal and a banana is one fruit.
Singularnouns: house, cat, girl, foot, country

**4) Plural nouns**
A plural noun refers to more than one of something. Many singular nouns just need an S added at the end to make them plural (e.g., bee becomes bees). For some nouns that already end with an S, you may need to add -es to the end to make their plural forms (e.g., classes and buses)
Regular plural nouns: houses, cats, girls, countries
Irregular plural nouns: Those that become plural in other ways are called irregular plural nouns. Some examples are man and men, wolf and wolves, foot and feet, and sheep and sheep.
Irregular plural nouns: person and people, life and lives, mouse and mice, tooth and teeth

**5) Concrete nouns**
A concrete noun is something that can be perceived through the five senses. If you can see, hear, touch, taste, or smell something, it uses a concrete noun.
Concretenouns: table, apple, rabbit, ear

**6) Abstract nouns**
Abstract nouns are intangible ideas that can't be perceived with the five senses, such as social concepts, political theories, and character traits.
Abstractnouns: love, creativity, democracy

**7) Collective nouns**
A collective noun is a noun that functions as a singular noun while referring to a group of people or things.
Collectivenouns: crowd, flocks, committee, a sum of money

**8) Compound nouns**
A compound noun combines two or more words into one. Compound nouns can appear as a single word, multiple words used separately, or words connected by hyphens.
Compoundnouns: dry-cleaning, jack-in-the-box, toothpaste, haircut, output, ice cream, potato chip

**9) Countable nouns**
A countable noun (also known as a count noun) is one that you can count. When you have three books, you are describing a noun that is countable.
Countablenouns: table, apple, rabbit, ear

**10) Uncountable nouns**
An uncountable noun (also known as a mass noun) is one that cannot be counted. For example, happiness cannot be counted. You don't say that you have "a happiness" or "three happinesses." Uncountable nouns typically don't have plural forms.
Uncountablenouns: salt, seafood, luggage, advice

# ബെഹമോത്ത് ഒരു ഭീകര ജീവിയാണ്

റവ. ഡോ. ഡേവിസ് തെക്കേക്കര

*'കാ*ളയെ പോലെ അവൻ പുല്ല് തിന്നുന്നു താമരയുടെയും ഞാങ്ങണയുടെയും തണലിൽ അവൻ വിശ്രമിക്കുന്നു. അവന്റെ അസ്ഥികൾ ഓടക്കുഴൽ പോലെയാണ്. അവയവങ്ങൾ ഇരുമ്പഴികൾ പോലെയും. അവനെ സൃഷ്ടിച്ചവനു മാത്രമേ അവനെ തോൽപ്പിക്കുവാനാകൂ'(ജോബ് 40:15-24). ജോബിന്റെ പുസ്തകത്തിലെ നാല്പതാം അധ്യായത്തിൽ പരാമർശിക്കുന്ന മൃഗത്തിന്റെ സ്വഭാവമാണ് ഈ വചനങ്ങളിലുള്ളത്. മലയാളത്തിൽ നീർക്കുതിര എന്നു തർജ്ജമ ചെയ്തിരിക്കുന്ന ഈ ജീവിയുടെ ഹീബ്രുപദം 'ബെഹമോത്ത്' എന്നാണ്. **മനുഷ്യ ജീവിതത്തിലെ സഹനത്തിന്റെ അർത്ഥമെന്താണ് എന്ന് ചർച്ച ചെയ്യുന്ന ജോബിന്റെ പുസ്തകത്തിന്റെ സമാപനത്തിൽ ഇപ്രകാരം ഒരു ജീവിയുടെ സാമാന്യം ദീർഘമായ വിവരണത്തിന്റെ പ്രസക്തി എന്ത്?** ഭീകരമായ ശാരീരിക പ്രകൃതിയും കൗതുകമുണർത്തുന്ന സ്വഭാവ സവിശേഷതകളുമുള്ള ജീവി സ്വാഭാവികമോ ഇതിഹാസ രൂപമോ?




പഠനങ്ങളിലൂടെ

## ബെഹമോത്ത് എന്ന ജീവി

ജോബിന്റെ പുസ്തകത്തിൽ വിവരിക്കുന്ന ഈ ജീവിയെ കുറിച്ച് പഴയ നിയമത്തിൽ തന്നെ നാലു സന്ദർഭങ്ങളിൽ കാണാവുന്നതാണ്(നിയമാവർത്തനം 28:26, 32:34, ഏശയ്യ 18:6, ഹബക്കൂക്ക് 2:17). ഈ സന്ദർഭങ്ങളിലെല്ലാം ബെഹമോത്ത് എന്ന പദത്തിന് മൃഗങ്ങൾ എന്ന ബഹുവചനാർത്ഥമാണുള്ളത്. നീർക്കുതിര. ജലനായ എന്നിങ്ങനെ ഈ വാക്കിന് തർജ്ജമ നൽകുന്നുണ്ട്. ഈജിപ്തിലെ നൈൽ നദിയുടെ ചതുപ്പുപ്രദേശങ്ങളിൽ കഴിയുന്ന ഹിപ്പോപ്പൊട്ടാമസ് എന്ന ജീവിയെയാണ് ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നത് എന്ന് ചിലർ കരുതുന്നു. പുല്ലു തിന്നുന്ന സസ്യഭുക്കായതുകൊണ്ട് കരയിലെ ഏറ്റവും വലിയ ജീവിയായ ആനയെയാണ് ബെഹമോത്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് അനുമാനിക്കുന്നവരുണ്ട്. എന്നാൽ 'അവന്റെ വാല് ദേവദാരു പോലെ ദൃഢമാണ്' എന്ന വചനത്തെ അടിസ്ഥാനമാക്കി പുരാതന ദിനസോറുകളെക്കുറിച്ചാണ് ഈ പദം ഉദ്ദേശിക്കുന്നത് എന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഈ അനുമാനങ്ങൾ ഒന്നും തന്നെ ഈ ജീവിയെ വചനസന്ദർഭത്തിൽ നിന്നുകൊണ്ട് തിരിച്ചറിയാൻ അനുവദിക്കുന്നില്ല. 'ബെഹമോത്ത്' ഭാവനാകൽപിതമായ ഒരു ഐതിഹ്യജീവിയാണ്. മനുഷ്യന്റെ ജ്ഞാനത്തിനും അനുഭവത്തിനും ശക്തിക്കും അതീതമായി നിൽക്കുന്ന ഒരു ഭീകരരൂപം. ഇപ്രകാരം ഒരു ഐതിഹ്യ ജീവിയാണിത് എന്ന് വിശദമാക്കുന്നതിന് ഈ ബൈബിൾ ഭാഗത്തിലെ തൊട്ടടുത്ത അധ്യായത്തിൽ വിശദീകരിക്കുന്ന മറ്റൊരു മൃഗമായ 'ലെവിയാഥനെ'ക്കുറിച്ച് വിവരിക്കേണ്ടതുണ്ട്.

## 'ലെവിയാഥൻ' എന്ന കടൽവ്യാളം

കടൽ പാമ്പ്, വ്യാളം, ഭീകര തിമിംഗലം, കടൽ ജീവികളുടെ രാജാവ് എന്നെല്ലാം ലെവിയാഥൻ അറിയപ്പെടുന്നു. ഈ ജീവിയുടെ വായിൽ നിന്നു തീജ്വാലകളും മൂക്കിൽ നിന്ന് പുകയും ഉയരുന്നു. അവൻ സമുദ്രത്തെ തിളപ്പിക്കുകയും കടലിനെ തൈര് പോലെയാക്കുകയും ചെയ്യുന്നു(ജോബ് 41:1-20). ഇപ്രകാരമുള്ള ബൈബിൾ വിവരണത്തിന്റെ അടിസ്ഥാനത്തിൽ ലെവിയാഥൻ ഒരു കടൽ മോൺസ്റ്റർ ആണ്. സൃഷ്ടിക്കു മുൻപുള്ള രൂപരഹിതമായ പ്രപഞ്ചത്തെ സൂചിപ്പിക്കുന്ന അന്ധകാരാവൃത ജീവിയത്രെ ലെവിയാഥൻ. തിന്മയുടെ ശക്തിയായ ലെവിയാഥനെ പരാജയപ്പെടുത്തിക്കൊണ്ടാണ് കാനാനായ ദേവനായ ബാൽ തന്റെ അധികാരം സ്ഥാപിക്കുന്നത്. യഹൂദ റബീനിക്ക് പാരമ്പര്യത്തിൽ മിശിഹായുടെ നേതൃത്വത്തിൽ നീതിമാന്മാർ ബെഹമോത്തിനോടും ലെവിയാഥനോടും യുദ്ധം ചെയ്യുമെന്നും അവസാന യുദ്ധത്തിൽ നീതിമാന്മാർ വിജയം നേടുകയും ആ ജീവികളുടെ മാംസം വിരുന്നായി ഭക്ഷിക്കുകയും ചെയ്യുമെന്ന് വിശദീകരിക്കുന്നു. ഇപ്രകാരം ബെഹമോത്തും ലെവിയാഥനും ദൈവശക്തിയോട് നിരന്തരം പോരാട്ടം നടത്തുന്ന ദൈവത്തിന്റെതന്നെ സൃഷ്ടികളാണ്.

## സഹനം എന്ന പ്രഹേളിക

ജോബിന്റെ പുസ്തകം സമാപിക്കുന്നത് ദൈവ ദർശന സംഭാഷണത്തിലൂടെയാണ്. നിരവധി കാട്ടുമൃഗങ്ങളെ ഉദാഹരണമായി സ്വീകരിച്ചുകൊണ്ട് അവരുടെ സൃഷ്ടിയും നിലനിൽപും പ്രജനനവും ജോബിന് അജ്ഞാതമാണെന്ന് ദൈവം സ്ഥാപിക്കുന്നു. കാട്ടാറുകൾ, കാട്ടുകഴുതകൾ, ഒട്ടകപ്പക്ഷി, കാട്ടുപോത്ത്, കാട്ടുകുതിരകൾ എന്നിങ്ങനെ വന്യജീവികളെ മാത്രമാണ് ദൈവം പരാമർശ വിഷയങ്ങളാക്കുന്നത്. വീട്ടുമൃഗങ്ങളെക്കുറിച്ച് മനുഷ്യന് അറിവുണ്ടാകാം. എന്നാൽ കാട്ടുമൃഗങ്ങളെക്കുറിച്ച് തെല്ലും അറിവില്ല എന്നാണ് ദൈവം വെളിപ്പെടുത്തുന്നത്. ജോബിനോടുള്ള ദൈവത്തിന്റെ നിരവധി ചോദ്യങ്ങൾക്ക് അവസാനമാണ് മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയാത്ത ഭീകരരൂപികളായ ബെഹമോത്തിനെയും ലെവിയാഥനെയും ദൈവം അവതരിപ്പിക്കുന്നത്. പുരാതന ജീവികളായ ഇവ ദൈവത്തിന്റെ സൃഷ്ടികളാണെന്നും അവയെ നിയന്ത്രിക്കുന്നത് ദൈവം തന്നെയാണെന്നും ഇവിടെ വിശദീകരിക്കുന്നു. ഈ ഭൂമിയുടെ ക്രമപൂർണ്ണമായ സംക്രമണത്തിന് ഈ ജീവികൾ ആവശ്യമാണെന്നും അവയുടെ പ്രസക്തി മനുഷ്യന് അജ്ഞാതമാണെന്നും അത് അങ്ങനെതന്നെയാകണമെന്നും ദൈവം ആഗ്രഹിക്കുന്നു. കാരണം അതുവഴി മനുഷ്യൻ ദൈവശക്തിയെ ഭയപ്പെടുന്നു.

**ബെഹമോത്തും ലെവിയാഥനും മനുഷ്യന്റെ മുന്നിലെ സഹനങ്ങളാണ്

അപകടമായും രോഗമായും മരണമായും മനുഷ്യന്റെ മുന്നിൽ ബെഹമോത്തും ലെവിയാഥനും ഭീതിത താണ്ഡവമാടുന്നു. ഇവയെ സൃഷ്ടിച്ച ദൈവത്തിനു മാത്രമേ എന്തിനീ സഹനം എന്ന ചോദ്യത്തിന് ഉത്തരം നൽകാനാകൂ**

**ബെഹമോത്തും ലെവിയാഥനും മനുഷ്യന്റെ മുന്നിലെ സഹനങ്ങളാണ്.** ഭീകര ദ്രംഷ്ട്ടങ്ങൾ കാട്ടിയും തീ തുപ്പുന്ന നാവുകളുമായും പുക തുപ്പുന്ന മൂക്കുകളുമായും മനുഷ്യനെ സംഭ്രമിപ്പിക്കുന്ന ഭീകരരൂപികൾ അവനെ പിന്തുടരുന്ന സഹനങ്ങളാണ്. **അപകടമായും രോഗമായും മരണമായും മനുഷ്യന്റെ മുന്നിൽ ബെഹമോത്തും ലെവിയാഥനും ഭീതിത താണ്ഡവമാടുന്നു. ഇവയെ സൃഷ്ടിച്ച ദൈവത്തിനു മാത്രമേ എന്തിനീ സഹനം എന്ന ചോദ്യത്തിന് ഉത്തരം നൽകാനാകൂ.** ദൈവത്തിന്റെ വലിയ ശക്തിക്ക് മുൻപിൽ മനുഷ്യൻ വിനയപ്പെടുകയും നിശബ്ദനാവുകയും ചെയ്യുന്നു.

സഹനത്തിന്റെ ഉദ്ദേശ്യം മനുഷ്യന്റെ ശുദ്ധീകരണവും രൂപീകരണവുമാണ് എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. സഹനം മുന്നറിയിപ്പാണെന്നും അത് ഒരു ശിക്ഷയാണെന്നും വിശദീകരിക്കുന്നവരുമുണ്ട്. എന്നാൽ സഹനം രക്ഷാകരമായ ശക്തിയാണെന്ന ക്രിസ്തീയ കാഴ്ചപ്പാടാണ് ഇവിടെ വ്യക്തമാകുന്നത്. ദൈവത്തിന്റെ ശക്തിയെ ചോദ്യം ചെയ്യുന്ന മനുഷ്യന്റെ ഉള്ളിൽ കുടികൊള്ളുന്ന ബെഹമോത്തിനെയും ലെവിയാഥനെയും യുദ്ധം ചെയ്ത് തോൽപ്പിക്കുകയാണ് വേണ്ടത്. സഹനത്തിൽ നിന്ന് ഒളിച്ചോടാനല്ല അതിനെ നേരിടുകയും അതിലെ രക്ഷാകര പദ്ധതിയെ തിരിച്ചറിയുകയും വേണം.

ആഗ്രഹമാണ് സഹനത്തിനു കാരണമെന്നും അതിനാൽ ആഗ്രഹനിഗ്രഹമാണ് സഹനത്തിൽ നിന്ന് രക്ഷ നേടാനുള്ള ഏക വഴിയെന്ന ബുദ്ധമതത്ത്വം ബൈബിൾ അംഗീകരിക്കുന്നില്ല. മനുഷ്യന് മനസിലാക്കാനാകാനോ കീഴടക്കുവാനോ സാധിക്കാത്ത സഹന പ്രഹേളികകൾ വഴിമുടക്കികളായും സുനാമികളായും ഭീകര ഭൂമികുലുക്കമായും കൊറോണയായും മനുഷ്യന്റെ മുന്നിൽ വന്നു നിൽക്കുന്നു. അവൻ ആഗ്രഹിച്ചിട്ടോ നിശ്ചയിച്ചിട്ടോ അല്ല അവ സംഭവിക്കുന്നത്. മറിച്ച് അനന്തജ്ഞാനത്തിന്റെ ഉറവിടമായ ദൈവ തീരുമാനങ്ങളുടെ ചുരുളഴിക്കലാണവ.




*സ്നേഹമുള്ള കൂട്ടുകാരെ,*

*എ*ല്ലാവർക്കും സുഖം തന്നെ എന്ന് വിശ്വസിക്കുന്നു. പഠനത്തിരക്കുകൾക്കിടയിൽ പരീക്ഷകളെ അഭിമുഖീകരിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടാകും. നിങ്ങൾക്ക് എല്ലാവർക്കും വിജയാശംസകൾ നേരുന്നു. സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. താൻ പാതി, ദൈവം പാതി എന്ന് നമ്മുടെ പഴമക്കാർ പറയുന്ന ചൊല്ല് നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ. നമ്മുടെ കഴിവിന്റെ പരമാവധി നാം പരിശ്രമിച്ചതിനുശേഷം ദൈവത്തിൽ ആശ്രയിക്കുമ്പോൾ നമുക്ക് കൂടുതൽ ഫലസിദ്ധി ലഭിക്കുന്നു. പഠനം ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും നിങ്ങൾ പരിശുദ്ധാത്മാവിനോട് ഒരു കൊച്ചു പ്രാർത്ഥന ചൊല്ലുന്നത് അനുഗ്രഹദായകമാണ്.

മാർച്ച് മാസം വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളും വണക്കമാസവും ആഘോഷിക്കുന്ന സമയമാണ്. നിങ്ങളുടെ ചുറ്റുപാടുമുള്ള വിശുദ്ധ യൗസേപ്പിതാവിന്റെ പള്ളികളിൽ പലയിടത്തും അന്ന് ഊട്ടുതിരുനാൾ ആഘോഷിക്കുന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകും. വിശുദ്ധ യൗസേപ്പിതാവിനെ നൽമരണ മധ്യസ്ഥനായാണ് നാം വണങ്ങുന്നത്. അത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് അറിയാമോ? പരിശുദ്ധ അമ്മയുടെയും ഈശോയുടെയും സാമീപ്യത്തിൽ മരണം പ്രാപിക്കാൻ വിശുദ്ധ യൗസേപ്പിതാവിന് ഭാഗ്യം ഉണ്ടായി. അതുപോലെ വിശുദ്ധ യൗസേപ്പിതാവ് തിരുകുടുംബ പാലകനാണ്. ഈശോയെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർത്തി ക്കൊണ്ടുവരുവാൻ യൗസേപ്പിതാവ് അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. നമ്മെയും ദൈവത്തിന് ഇഷ്ടമുള്ള നല്ല മക്കളായി വളർത്തിക്കൊണ്ടു വരുവാൻ യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്ക് യാചിക്കാം.


ജീവിതനവീകരണത്തിന്റെ കാലഘട്ടമായ നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും നാം പ്രത്യേകം അനുസ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന സമയമാണിത്. നോമ്പുകാലത്ത് നാം പ്രത്യേക പ്രാർത്ഥനകളും കുരിശിന്റെ വഴിയും നടത്തുകയും ഉപവാസം അനുഷ്ഠിക്കുകയും നോമ്പ് നോക്കുകയും ചെയ്യുന്നു. അങ്ങനെ നാം നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ച ഈശോയെ അടുത്ത് അനുകരിക്കുകയും നമ്മെത്തന്നെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലം നിങ്ങൾ ധാരാളം പുണ്യ പ്രവർത്തികളും ത്യാഗപ്രവർത്തനങ്ങളും ചെയ്യണം. അങ്ങനെ നിങ്ങളുടെ കുഞ്ഞു പ്രത്തികൾ ദൈവ മഹത്വത്തിനും പാവപ്പെട്ടവരെ സഹായിക്കുന്നതിനും കാരണമാകട്ടെ.

മാർച്ച് മാസം ഒമ്പതാം തീയതിയാണ് വിശുദ്ധ ഡോമിനിക് സാവിയോയുടെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നത്. നിങ്ങളെപ്പോലെ ഒരു കുഞ്ഞു കുട്ടി ആയിരിക്കുമ്പോൾ തന്നെ ഈശോയെ അതിയായി സ്നേഹിച്ച ഡോമിനിക് സാവിയോ നിങ്ങൾക്ക് മാതൃകയായിരിക്കട്ടെ. എനിക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയില്ല. എന്നാൽ എനിക്ക് എല്ലാ കാര്യങ്ങളും ദൈവ മഹത്വത്തിനായി ചെയ്യണം എന്നതായിരുന്നു വിശുദ്ധ ഡോമിനിക് സാവിയോയുടെ നിർബന്ധം. ഓരോ ചെറിയ പ്രവൃത്തിയിലും ദൈവത്തിന്റെ ഇഷ്ടം നോക്കുകയും അങ്ങനെ വിശുദ്ധനായി തീരുകയും ചെയ്ത വ്യക്തിയാണ് ഈ ബാലൻ. പാപത്തേക്കാൾ മരണം എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. അതായത് പാപം ചെയ്തു മലിനമാകുന്നതിനേക്കാൾ മരിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഈ വിശുദ്ധനെപ്പോലെ തീക്ഷ്ണതയോടെ ഈശോയെ സ്നേഹിക്കാൻ നിങ്ങൾക്കും സാധിക്കട്ടെ. അതിനായി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**സ്നേഹപൂർവം**
**ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**

# മദ്യപാനം പാപമാണോ?

*ഒ*രു ക്രിസ്ത്യാനി മദ്യപിക്കുന്നത് പാപമാണോ, പാപം ആണെങ്കിൽ അത ഏത് ഗണത്തിലാണ് പെടുന്നത് എന്നാണ് നാം ഇവിടെ ചിന്തിക്കുക. ക്രിസ്ത്യാനികളായ, മദ്യപരായ വ്യക്തികൾ ഇപ്രകാരം പറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്, 'ഇടയ്ക്ക് വല്ലപ്പോഴും ഒക്കെ മദ്യപിച്ചാൽ കുഴപ്പമില്ല, ഒരു കൺട്രോൾ ഉണ്ടായാൽ മതി.' ' മദ്യപിച്ചില്ലെങ്കിൽ നീ ഒരു ആണാണോ?' (യുവാക്കളുടെ ഇടയിലെ ചോദ്യം); 'ഈ ജീവിതത്തിൽ നാം എല്ലാം ആസ്വദിക്കണമെന്നതിനാൽ മദ്യപിക്കണം' എന്ന ചിന്ത; ' വീര്യം കുറഞ്ഞ മദ്യം (ബിയർ, വൈൻ) എന്നിവ



കഴിച്ചാൽ കുഴപ്പമില്ല;' 'ഒന്ന് കൂടിയില്ലെങ്കിൽ പിന്നെന്ത് തിരുനാൾ'... ഇങ്ങനെയൊക്കെ മദ്യപാനത്തെ ന്യായീകരിച്ചും പ്രോത്സാഹിപ്പിച്ചും ധാരാളം ക്രൈസ്തവർ ജീവിച്ച് മുന്നോട്ടു പോകുന്നത് നമുക്കറിയാം. എന്താണ് കത്തോലിക്കാ തിരുസഭ ഈ വിഷയവുമായി ബന്ധപ്പെട്ടു നമുക്ക് നൽകിയിട്ടുള്ള നിർദേശങ്ങളും പഠനങ്ങളും?

1599-ലെ വളരെ ചരിത്രപ്രാധാന്യമുള്ള ഉദയംപേരൂർ സൂനഹദോസിന്റെ പ്രമാണരേഖകളിൽ ഏഴാംകുടി വിചാരത്തിൽ 16-ാമത്തെ നമ്പറിൽ പറയുന്നു. മദ്യപാനികൾ, മദ്യമുതലാളിമാർ, മദ്യത്തിനുവേണ്ടി ഒത്താശകൾ ചെയ്തു കൊടുക്കുന്നവർ ഇവരൊക്കെ പിൻതിരിയാൻ വേണ്ടി മേൽപ്പട്ടക്കാരൻ ഗുണദോഷിക്കുകയും ശാസിക്കുകയും ശകാരിക്കുകയും ശിക്ഷിക്കുകയും പ്രായശ്ചിത്തം ചെയ്യിപ്പിക്കുകയും ചെയ്തിട്ട് ഒന്നും വിജയിക്കുന്നില്ലെങ്കിൽ, അവർ കൂട്ടാക്കുന്നില്ലെങ്കിൽ, 'മഹറോൻ' ശിക്ഷ വരെ കൊടുക്കണം എന്ന്.

തൃശൂർ രൂപതയുടെ ഒന്നാമത്തെ മെത്രാൻ അഡോൾഫ് എഡ്വിൻ മെഡ്ലിക്കോട്ട് 1887 ൽ തൃശൂർ വികാരിയത്തിന്റെ മെത്രാനായി സ്ഥാനമേറ്റപ്പോൾ 1891 ൽ ഇറക്കിയ അന്നത്തെ ഇടയലേഖനത്തിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം ഇതാണ്. "തന്റെ സമുദായത്തിലുള്ള മദ്യപാനികളായവർ, മദ്യമുതലാളിമാരായവർ, മദ്യവ്യാപാര കേന്ദ്രങ്ങളിൽ ജോലിക്ക് നിൽക്കുന്നവർ ഇവരെയൊക്കെ പള്ളിയോഗത്തിൽ മാപ്പുപറയിക്കണം. ഇവരെക്കൊണ്ടൊക്കെ പിഴ അടപ്പിക്കണം" എന്ന് കൽപ്പിച്ച പിതാവാണ് നമ്മുടെ രൂപതയുടെ ഒന്നാമത്തെ മെത്രാൻ.

24 വർഷങ്ങൾക്കു മുമ്പ് സെന്റ് തോമസ് കോളെജിലെ മെഡ്ലിക്കോട്ട് ഹാളിൽ വച്ചാണ് അന്നത്തെ മെത്രാനായിരുന്ന ജേക്കബ് തൂങ്കുഴി പിതാവ് തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതിക്ക് രൂപം കൊടുത്തത്. അന്ന് പിതാവ് ഇറക്കിയ ഒരു സർക്കുലറിൽ പറഞ്ഞുവച്ചിട്ടുള്ള ഒരു കാര്യം ഇതാണ്; "ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ (പള്ളി, കമ്മിറ്റി, സംഘടനാനേതൃത്വം, കുടുംബസമ്മേളനം) തുടങ്ങിയ വേദികളിൽ മദ്യപന്മാരായവർക്ക് അയോഗ്യത കൽപ്പിക്കുക."

കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥമായ 'YOUCAT'ൽ ഇപ്രകാരം രേഖപ്പെടുത്തി വച്ചിരിക്കുന്നു. "ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് പാപമാണ്. കാരണം അത് തന്നെത്തന്നെ നശിപ്പിക്കുന്ന പ്രവൃത്തിയാണ്. അങ്ങനെ ദൈവം നമുക്കു സ്നേഹപൂർവ്വം നൽകിയ ജീവന് എതിരായുള്ള കുറ്റവുമാണ്" കത്തോലിക്കാ മതബോധന ഗ്രന്ഥം ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഒരു വ്യക്തിക്ക് നിയമാനുസൃതമായ ലഹരി വസ്തുക്കളിലും (മദ്യം, ഔഷധപ്രയോഗം, പുകയില) അതിലേറെയായി നിയമവിരുദ്ധമായ വസ്തുക്കളിലും ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും, സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്കും ചുറ്റുമുള്ള മനുഷ്യരെ വലിയ തോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു. മത്തു പിടിച്ചതുകൊണ്ട് ഒരാൾ സ്വയം നഷ്ടപ്പെടുകയോ, വിസ്മരിക്കുകയോ ചെയ്യുമ്പോൾ അവന് മാനുഷിക മഹത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഒരംശം നഷ്ടപ്പെടുന്നു. അതുകൊണ്ട് ദൈവത്തിനെതിരേ പാപം ചെയ്യുന്നു.

സിജോ ഇഞ്ചോടിക്കാരൻ

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ക്രൈസ്തവ വിശ്വാസികൾ ചെയ്തു പോകുന്ന ഗുരുതരമായ തെറ്റുകൾ മദ്യവിരുദ്ധ സമിതിയുടെ സ്മരണികയിൽ (ഹെസദ്) ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

1. മുഴുക്കുടിയനായി ജീവിക്കുന്നതിലും മദ്യപാനം പാപമല്ല എന്ന് കരുതുന്നതും.
2. ആണുങ്ങളായാൽ അൽപം മദ്യപിക്കുകയും പുക വലിക്കുകയും വേണം എന്ന വികലമായ വീക്ഷണം.
3. ക്രിസ്തുമസ്, ഈസ്റ്റർ, വിവാഹം, മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ അവസരങ്ങളിൽ മദ്യം വിളമ്പുന്നതും വല്ലപ്പോഴും മദ്യപിക്കുന്നത് പാപമല്ല എന്ന് വിചാരിക്കുന്നതും.
4. ഔദ്യോഗിക ആവശ്യങ്ങൾക്ക് (ട്രാൻസ്ഫർ, പ്രൊമോഷൻ) തുടങ്ങിയ പാർട്ടികളിൽ മദ്യം വിളമ്പുന്നതും ബന്ധങ്ങളും സൗഹൃദങ്ങളും ഊഷ്മളമാക്കാൻ മദ്യം വിളമ്പുന്നത് പാപമല്ല എന്ന് കണക്കാക്കുന്നതും.
5. അതിഥി സൽക്കാരത്തിനായി മദ്യം വീട്ടിൽ സൂക്ഷിക്കുന്നത്.
6. വാറ്റ് ചാരായം, ലഹരിവസ്തുക്കൾ ഉണ്ടാക്കുന്നതും വിൽക്കുന്നതും, ഏതെങ്കിലും രീതിയിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നതും.
7. മദ്യപാനത്തെ ന്യായീകരിക്കാൻ തിരുവചനങ്ങളെ ദുരുപയോഗിക്കുന്നത്.
8. മദ്യം, ലഹരി വസ്തുക്കൾ എന്നിവ കൊടുക്കുന്നതും മദ്യപിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും.
9. ഏതെങ്കിലും കാര്യസാധ്യത്തിനായി മദ്യം സമ്മാനിക്കുന്നത്.
10. അദ്ധ്വാനഭാരമുള്ള ജോലികൾ ചെയ്യുന്നവർ ക്ഷീണം, പിരിമുറുക്കം എന്നീ കാരണങ്ങളാൽ മദ്യപിക്കുന്നത്.
11. കള്ളുഷാപ്പ്, മദ്യശാല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നത്.

വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ പറഞ്ഞുവച്ചിരിക്കുന്നത് ഇപ്രകാരമാണ്, 'പിഴക്കാത്ത മനുഷ്യരില്ല, പൊറുക്കാത്ത ദൈവവുമില്ല.' പരിശുദ്ധ ഫ്രാൻസീസ് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു,"ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ച് ഒരിക്കലും ക്ഷീണിതനാകുന്നില്ല. നമ്മൾ പാപപ്പൊറുതി ചോദിക്കുന്നതിൽ ഒരിക്കലും ക്ഷീണിതരാകരുത്." "മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല" (1:കൊറി 6-10) എന്ന് തിരുവചനം അസന്ദിഗ്ധമായി പഠിപ്പിച്ചിരിക്കുന്നു.

ഭരണകൂടവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും വ്യക്തിഗത വിഭാഗങ്ങളും ശാസ്ത്രവും വിചിത്ര പഠനങ്ങളും തത്ത്വസംഹിതകളും മദ്യം നല്ലതാണെന്ന് തെറ്റിദ്ധരിപ്പിച്ച് വച്ചിരിക്കുന്നതിനാൽ മദ്യപിച്ചാൽ കുഴപ്പമില്ല എന്ന് ക്രൈസ്തവർ കരുതരുത്. കാരണം വി. മാമ്മോദീസായിലൂടെ, കൂദാശകളിലൂടെ അഭിഷേകം അതായത് പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരാണ് എല്ലാ ക്രൈസ്തവരും. വചനം പറയുന്നു,"നിങ്ങൾ വീഞ്ഞ് കുടിച്ച് ഉന്മത്തരാകരുത്. (എഫെ: 5-18) അതിൽ ദുരാസക്തി ഉണ്ട്". പിശാച് മദ്യം എന്ന വിഷ പാനീയത്തിലൂടെ പിശാച് ഒരു ക്രൈസ്തവന്റെ ഉള്ളിൽ കയറിയാൽ സംഭവിക്കുന്നത് ആത്മാവിന്റെ മരണമാണ്.

കൊറോണ മഹാമാരി കാലഘട്ടത്തിൽ ലോക്ഡൗൺ സമയത്ത് എല്ലാ മദ്യശാലകളും അടഞ്ഞു കിടന്നപ്പോൾ കേരളം സമാധാനത്തിന്റെ, സന്തോഷത്തിന്റെ അവസരത്തിലേക്ക്, അവസ്ഥയിലേക്ക് കടന്നുവന്നു എന്നത് എത്രയോ സത്യമാണ്. പിന്നീട് മദ്യശാലകൾ തുറന്നില്ലെങ്കിൽ മദ്യപാനം ഉപേക്ഷിക്കാൻ തയ്യാറായവരുടെ സർവ്വേ ഫലങ്ങളും നമ്മൾ മാധ്യമങ്ങളിലൂടെ കണ്ടതാണ്. എന്നാൽ മദ്യശാല തുറക്കാൻ തിടുക്കം കൂട്ടിയത് സർക്കാരാണ് എന്നത് വളരെ ദു:ഖകരമാണ്.

"മദ്യത്തിൽ നിന്നുള്ള വരുമാനം പാപത്തിന്റെ കൂലിയാണ്" എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. രാഷ്ട്രപിതാവിന്റെ സമ്പൂർണ മദ്യനിരോധനം എന്ന വലിയ ആശയം സാക്ഷാത്ക്കരിക്കാൻ നമ്മുടെ അധികാരികൾ മുമ്പോട്ടു കടന്നുവരേണ്ടതും കാലഘട്ടത്തിന്റെ അനിവാര്യത തന്നെ. "ഞാൻ ഒരു മണിക്കൂർ നേരത്തേക്ക് ഇന്ത്യയിൽ സർവ്വാധിപതി ആകുന്നുവെങ്കിൽ ഇന്ത്യയിലെ സകല മദ്യഷാപ്പുകളും പ്രതിഫലം കൊടുക്കാതെ അടച്ചുപൂട്ടും" എന്ന് പ്രഖ്യാപിച്ചയാളാണ് നമ്മുടെ രാഷ്ട്രപിതാവ്.

*(മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത ജോയിന്റ് സെക്രട്ടറിയാണ് ലേഖകൻ)*

## വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

**1. കേന്ദ്രീകൃത മൂല്യനിർണ്ണയം - 2023**
Std. XII, ACC : മാർച്ച് 4, 5 ശനി, ഞായർ 9.30 AM - 4.30 PM

**2. കേന്ദ്രീകൃത മൂല്യനിർണ്ണയം യൂണിറ്റ് തലത്തിൽ** Std. 1 to XI
March 5, Sunday

**3. Result Publication Std. I to XI - March 12**

**4. Absentees Annual Examinations & Annual Reexaminations (in units)** March : 19

**5. ACC, XII Re Examination, Improvement Examination**
Std. XII, ACC - 2023 April 29, Saturday

6. **Aptitude Rank List 2022- 23**
Ist rank: Neethu Joshi, Marottichaal, IInd rank: Jismy Francis, Pallimukku, IIIrd Gigi Thomas, Thiroor.

**Consolation Prizes:**
KM Lucy (Mannuthy), Gincy Joseph (Machad), Jeena Sunil (Kundannur), Treesa George (Mukkattukara), Peeyusha Sebastian (Elanad), Johncy Mathew (Thiroor), Shiji Sabu (Palakkal)

# നോമ്പുകാലം ഉത്ഥാനത്തിലേക്ക് നയിക്കട്ടെ



ഫാ. ഡെയ്സൺ മുണ്ടോപുറം
വികാരി, ചെമ്പുക്കാവ്

*യേ*ശുവിന്റെ മരണം അവിടുത്തെ ദൗത്യത്തിന്റെ അന്ത്യമായിരുന്നില്ല; പ്രസ്തുത രക്ഷാകര സംഭവങ്ങളുടെ ആദ്യഘട്ടം മാത്രമായിരുന്നു. ക്രൈസ്തവികത എന്ന് പറയുന്നത് ദുഃഖവെള്ളിയല്ല; ഉയിർപ്പ് ഞായറാണ്. അത് ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രകാശമാനമായ മുഖമാണ്. ബത്‌ലഹമിൽ ജനിച്ച്, നസറത്തിൽ വളർന്ന്, ജറുസലമിൽ വിടർന്ന്, ഗലീലിയിലും സമരിയായിലും വ്യാപിച്ച്, കാൽവരിയിൽ ഉയർത്തപ്പെട്ട്, കല്ലറ ഭേദിച്ച് ഉത്ഥാനം ചെയ്ത അതേ വ്യക്തി തന്നെയാണ് ഇന്ന് സഭയിലൂടെ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും.

മറ്റ് മതനേതാക്കന്മാർ നല്ല മാതൃക നൽകി കടന്ന് പോയപ്പോൾ യേശു തന്നെതന്നെ നമുക്ക് നൽകി; നമ്മോടൊത്ത് വസിക്കുന്നു. ഇതാണ് ക്രിസ്തുമതത്തിന്റെ അനന്യത. യേശുവിന്റെ ഉത്ഥാനം ഒരേസമയം ചരിത്രപരവും ചരിത്രാതീതവുമാണ്. അത് ഒരേ സമയം രഹസ്യവും അത്ഭുതവുമാണ്. ഉത്ഥിതനായ യേശുവിനെക്കുറിച്ചുള്ള ശിഷ്യന്മാരുടെ അനുഭവം ചരിത്രപരമാണ്. ഉത്ഥാനം പ്രതിഭാസിക ലോകത്തിൽ നിന്ന് വസ്തുനിഷ്ഠമായ യാഥാർത്ഥ്യ ലോകത്തിലേക്കുള്ള ഒരു കടന്നുപോകലായതിനാൽ അത് ചരിത്രാതീത ലോകത്തിലേക്കും പ്രവേശിക്കുന്നു. ഇത് വഴി, മരണത്തിൽ നിന്ന് മരണമില്ലായ്മ എന്ന യാഥാർത്ഥ്യത്തിലേക്ക് യേശു കടന്നു പോകുന്നു.

## ശൂന്യമായ കല്ലറയും നമ്മുടെ രക്ഷയും

യേശുവിന്റെ ഉത്ഥാനത്തെ സംബന്ധിച്ച് രണ്ട് തരത്തിലുള്ള വിവരണങ്ങളാണ് സുവിശേഷകന്മാർ നൽകുക; ശൂന്യമായ കല്ലറയെക്കുറിച്ചും, യേശുവിന്റെ പ്രത്യക്ഷപ്പെടലുകളെക്കുറിച്ചും. ശൂന്യമായ കല്ലറ യേശുവിന്റെ മാത്രം തനിമയാണ്. മരിച്ച് സംസ്ക്കരിക്കപ്പെട്ട അതേ ആൾ തന്നെയാണ് ഉയിർത്തെന്നതിനെ അത് കാണിക്കുന്നു. പ്രത്യക്ഷീകരണം ഉത്ഥിത ശരീരത്തിൽ വന്ന വ്യതിയാനത്തെ കാണിക്കാനും സഹായിക്കുന്നു.

നാലു സുവിശേഷകന്മാരും ശൂന്യമായ കല്ലറയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഭക്തസ്ത്രീകളും ശിഷ്യന്മാരുമാണ് ഇതിന് സാക്ഷികൾ. യേശുവിന്റെ ഉത്ഥാനം സ്വീകരിക്കുന്നതിനായി കെട്ടിച്ചമച്ച കഥയല്ല, ശൂന്യമായ കല്ലറയെക്കുറിച്ചുള്ളതാണ് വിവരണങ്ങളെല്ലാം. കെട്ടിച്ചമച്ച കഥകളായിരുന്നെങ്കിൽ അത് സ്ത്രീകളെ ബന്ധപ്പെടുത്തി പറയില്ലായിരുന്നു. കാരണം സ്ത്രീകളുടെ സാക്ഷ്യത്തിന് അന്നത്തെ കാലത്ത് യാതൊരു വിലയും കൽപിച്ചിരുന്നില്ല. അതുകൊണ്ട് പുരുഷന്മാരുടെ സാക്ഷ്യമായി അതിനെ രൂപപ്പെടുത്താമായിരുന്നു. വിശ്വാസികളോ അവിശ്വാസികളോ എന്ന ഭേദം കൂടാതെ എല്ലാവരും സമ്മതിക്കുന്ന യാഥാർത്ഥ്യമാണ് ശൂന്യമായ കല്ലറ. വിശ്വാസികൾ അത് മിശിഹായുടെ ഉത്ഥാനത്തിന് സാക്ഷ്യമായി കണ്ടെങ്കിൽ, അവിശ്വാസികളായ യഹൂദർ അതുപയോഗിച്ച് ഒരു കല്പിതകഥ രൂപീകരിച്ചു: ശിഷ്യന്മാർ അവിടുത്തെ ശരീരം മോഷ്ടിച്ചു , എന്ന് ഒരേയൊരു യാഥാർത്ഥ്യത്തിന് നൽകപ്പെട്ട രണ്ട് വിശദീകരണങ്ങൾ!




ശൂന്യമായ കല്ലറ നമ്മുടെ രക്ഷയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മനുഷ്യന്റേയും ഈ ലോകത്തിന്റേയും രക്ഷയെക്കുറിച്ചുള്ള പദ്ധതിയാണ് ശൂന്യമായ കല്ലറ ഉൾക്കൊള്ളുന്ന സന്ദേശം. ഓരോ സൃഷ്ടവസ്തുവും രക്ഷിക്കപ്പെടേണ്ടതാണെന്ന യാഥാർത്ഥ്യം ഇത് സ്പഷ്ടമാക്കുന്നു. ഈ ലോകത്തെ രൂപാന്തരപ്പെടുത്തി രക്ഷപ്പെടുത്തുവാനുള്ള ദൈവീക പദ്ധതിയുടെ പ്രതീകമാണ് ഉയിർപ്പ്.

ശൂന്യമായ കല്ലറ ഉത്ഥാനത്തിനുള്ള തെളിവ് എന്നതിനേക്കാൾ വിശ്വാസത്തിലേക്കുള്ള ക്ഷണത്തിന്റെ അടയാളമാണ്. ശൂന്യമായ കല്ലറ വിശ്വാസം ജനിപ്പിക്കുന്നതിന് പകരം ഭീതിയും വിറയലും ജനിപ്പിച്ചു. സ്ത്രീകൾ കുഴിമാടത്തിൽ നിന്ന് ഓടിയകന്നു. നാഥന്റെ മൃതദേഹം മോഷ്ടിക്കപ്പെട്ടു എന്നതായിരുന്നു, മഗ്ദലന മറിയത്തിന്റെ പെട്ടെന്നുള്ള പ്രതികരണം. അപ്പസ്തോലന്മാരെ സംബന്ധിച്ചിടത്തോളം ശൂന്യമായ കല്ലറ അതിൽ തന്നെ അവ്യക്തമായ ഒരടയാളമാണ്. അത് പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾക്ക് വിധേയമാണുതാനും. അതിലൊന്ന് ഉത്ഥാനമാകാം. ഉത്ഥിതനായ യേശുവിന്റെ പിന്നീടുള്ള പ്രത്യക്ഷപ്പെടലുകളോട് കൂടിയാണ് ഈ അവ്യക്തത അപ്രത്യക്ഷമാകുന്നത്. അതുകൊണ്ടാണ് ശൂന്യമായ കല്ലറ വിശ്വാസമായിട്ടല്ല; വിശ്വാസത്തിലേക്കുള്ള ഒരു ക്ഷണമായി നിലകൊള്ളുന്നത്.

## ഉയിർപ്പ് : രഹസ്യവും അത്ഭുതവും

യേശു ശരീരത്തോടുകൂടി ഉയിർത്തെഴുന്നേറ്റു. വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് ശാരീരിക മായതിൽ നിന്ന് ആത്മീയ മായതിലേക്കുള്ള വലിയ ഒരു രൂപാന്തരീകരണം ഇവിടെ നടന്നു. ശരീരത്തെ ഉപേക്ഷിച്ചുകൊണ്ടല്ല ഈ രൂപാന്തരീകരണം നടന്നത്. വ്യക്തിപരമായ ഈ രൂപാന്തരീകരണമാണ് പുനരുത്ഥാനം, മിശിഹായുടെ ഉയിർപ്പ് ഒരു മൃതശരീരത്തിന്റെ ജീവൻ വീണ്ടും പ്രാപിക്കാൻ മാത്രമല്ല. അതിനേക്കാളേറെ സങ്കീർണ്ണമായ ഒരു കാര്യമാണ് അവിടെ സംഭവിച്ചത്. അത് വെറുമൊരു Resuscitation (ജീവനിലേക്കുള്ള തിരുച്ചുവരവ്) അല്ല. ലാസറിന് സംഭവിച്ചത് ഇതാണ്. യേശുവിന്റേത് പുനരുത്ഥാനമാണ്. അതായത് യേശുവിന്റെ വ്യക്തിത്വത്തിൽ അടിസ്ഥാനപരമായ രൂപാന്തരീകരണം ഉൾക്കൊള്ളുന്നതാണിത്. യേശു തനിക്ക് നേരത്തെ ഉണ്ടായിരുന്ന ശാരീരിക ജീവനിലേക്ക് തിരികെപ്പോകുകയല്ല ചെയ്തത്; പ്രത്യുത നസറത്തിലെ യേശു എന്ന വ്യക്തിത്വം കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ, പരിപൂർണ്ണമായി രൂപാന്തരപ്പെട്ടവനായി സ്വയം വെളിപ്പെടുത്തി. അതോടെ ദൈവികവും മാനുഷികവുമായ എല്ലാ സാദ്ധ്യതകളും യാഥാർത്ഥ്യമായി. അതുകൊണ്ട് പുനരുത്ഥാനം ഒരേസമയം രഹസ്യവും അത്ഭുതവുമാണ്. ഉത്ഥിതനായ യേശുവിൽ ദൈവിക പദ്ധതി നിറവേറിയതിന്റെ രഹസ്യവും ഈശോയുടെ മനുഷ്യത്വം മുഴുവൻ രൂപാന്തരം പ്രാപിച്ചതിന്റെ അത്ഭുതവും. ഈശോയുടെ ഉത്ഥാനത്തെപ്പറ്റി ചിന്തിക്കുമ്പോൾ രണ്ട് കാര്യങ്ങൾ നമ്മൾ ഉപേക്ഷിക്കണം. 1. ഉത്ഥിതനായ മിശിഹാ മനുഷ്യശരീരത്തോടെ മാത്രം പ്രത്യക്ഷപ്പെട്ടുവെന്ന അമിത വിശ്വാസം. ഇത്തരത്തിലുള്ള വിശ്വാസം കൊണ്ട് യഥാർത്ഥവസ്തുത നമ്മൾ ശരിക്ക് ഗ്രഹിക്കാതെ പോകുന്നു. കാരണം, ഈശോയുടെ പുനരുത്ഥാനം, ശരീരത്തിന്റെ ഉയിർത്തെഴുന്നേൽക്കൽ മാത്രമല്ല; അതിന്റെ മഹത്വീകരണം കൂടിയാണ്. 2. ഈശോയുടെ ഉത്ഥാനം ശിഷ്യന്മാരുടെ വിവരണം മാത്രമാണ്. പ്രത്യക്ഷപ്പെടൽ വെറും വ്യക്തിപരമായ തോന്നലാണ് എന്നിങ്ങനെയുള്ള തെറ്റായ ധാരണകൾ. ഈ രണ്ട് നിലപാടുകളും ഉപേക്ഷിക്കപ്പെടേണ്ടവയാണ്.

## സഭയുടെ ഉത്ഭവം

സഭയുടെ ഉത്ഭവത്തിന് കാരണം ഉത്ഥിതനായ യേശുവിൽ ദൈവരാജ്യം പൂർണ്ണമായും യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടു എന്നതാണ്. ഉത്ഥിതനായ മിശിഹാ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന തന്റെ തന്നെ തുടർച്ചയായ സഭയിലൂടെയാണ് ഈ വിശ്വാസം കൈമാറ്റപ്പെടുന്നത്. പുതിയ ഇസ്രായേലായ സഭ ജന്മമെടുക്കുന്നത് തന്നെ ഈ ചിന്തയോടെയാണ്. നസ്രത്തിലെ ഈശോ ഈ ജനസമൂഹത്തിൻ ഇന്നും ജീവിക്കുന്നു; പ്രവർത്തിക്കുന്നു.

## നോമ്പുകാലം ആത്മശുദ്ധീകരണത്തിന്റെ നാൾവഴികൾ

ആത്മീയ ജീവിതത്തിന് ഊർജ്ജം പകരുന്ന സമയമാണ് നോമ്പുകാലം. നോമ്പ്, ഉപവാസം, പരിഹാരകൃത്യങ്ങൾ, പീഡാനുഭവധ്യാനവും ഭക്താഭ്യാസങ്ങളും എന്നീ നാല് കാര്യങ്ങളിലൂടെ ആത്മശുദ്ധീകരണം പ്രാപിച്ച് ആത്മീയ ജീവിതത്തിന് ഊർജ്ജം നേടിയെടുക്കുവാൻ പരിശ്രമിക്കാം.

**1. നോമ്പ് :** സഭ നിഷ്കർഷിക്കുന്ന വിധത്തിലും രീതിയിലും നോമ്പ് അനുഷ്ഠിക്കുവാൻ സാധിക്കണം. നമ്മുടെ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ച് നോമ്പ് എടുക്കുന്നത് ഉചിതമല്ല.

**2. ഉപവാസം :** നോമ്പുകാലഘട്ടത്തിലെ വെള്ളിയാഴ്ചകളിൽ സാധിക്കും വിധം ഉപവസിച്ച് ഉത്ഥാനത്തിലേക്ക് പ്രവേശിക്കുന്നത് വളരെ നല്ലതാണ്. നിർബന്ധമായും വിഭൂതി ദിനത്തിലും പകുതിനോമ്പു ദിനത്തിലും ദുഃഖവെള്ളിയാഴ്ച്ചയും ഉപവസിക്കേണ്ടതാണ്.

**3. പരിഹാരകൃത്യങ്ങൾ :** നോമ്പുകാല പരിത്യാഗ സമർപ്പണം പരിഹാരകൃത്യത്തിന് ഉചിതമായ മാർഗ്ഗമാണ്. ഒപ്പം ബൈബിൾ പകർത്തിയെഴുത്ത് പരിഹാരകൃത്യത്തിന് മാറ്റ് കൂട്ടുന്നു. തീർത്ഥാടനങ്ങളും ഇതിന് മിഴിവ് ഏകുന്നു.

**4. പീഡാനുഭവ ധ്യാനവും ഭക്താഭ്യാസങ്ങളും :** നോമ്പുകാലഘട്ടത്തിലെ അനുദിനമുള്ള വി.കുർബാനയും കുരിശിന്റെ വഴിയും; വെള്ളിയാഴ്ച്ചയോ അല്ലെങ്കിൽ ഞായറാഴ്ച്ചയോ നടത്തുന്ന ആഘോഷമായ കുരിശിന്റെ വഴിയും കുരിശിന്റെ സന്ദേശവും കുരിശിന്റെ ആശീർവാദവും; ഇടവക ധ്യാനവും പീഡാനുഭവധ്യാനത്തിന് ഏറെ വഴിയൊരുക്കുന്ന വഴിവിളക്കുകളാണ്.

ഉത്ഥാനത്തിലേക്ക് നയിക്കുന്ന ആത്മശുദ്ധീകരണ കാലഘട്ടമായി ഈ നോമ്പുകാലഘട്ടം തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രത്യാശയോടെ പ്രതീക്ഷയോടെ പുതു ജീവനെ തേടി ഈസ്റ്ററിലേക്ക് എത്തിച്ചേരുവാൻ ഈ നോമ്പ് കാരണമാകട്ടെ.

# പാവങ്ങൾ ബജറ്റ് വായിച്ച് മനം നിറയ്ക്കട്ടെ!

കേരളം ഇപ്പോൾ ബജറ്റിന്റെ പേരിൽ എരിപൊരി കൊള്ളുകയാണ്. ബജറ്റ് പിറന്നു വീണതോടെ നാടെങ്ങും സമരം. നേതാക്കന്മാരുടെ വായ്ത്താരികൾ. ലാത്തിയടി, ജലപീരങ്കി, വഴിതടയൽ, കരിങ്കൊടി എന്നിങ്ങനെയുള്ള കലാപരിപാടികൾ വേറെ. എല്ലാത്തിനും കാരണം ആ ഒറ്റ ഒരുത്തനാണ് – ബജറ്റ്.

യഥാർത്ഥത്തിൽ, ഒരു ബജറ്റിൽ എന്തിരിക്കുന്നു എന്ന് ചോദിക്കുന്നത് സ്വാഭാവികം. ഒരു പതിവു ചട്ടപ്പടി എന്നല്ലാതെ എന്തു പറയാൻ! നമ്മെ സ്വപ്നം കാണാൻ പ്രചോദിപ്പിക്കുന്നതും ബജറ്റാണെന്ന് പറഞ്ഞാൽ തെറ്റ് പറയാനൊക്കുമോ. മന്ത്രി എത്ര കോടികളിട്ടാണ് ബജറ്റിൽ അമ്മാനമാടുന്നത്. എല്ലാവർക്കും വാരിക്കോരിയാണ്. പൂരങ്ങൾ നടത്താൻവരെ കോടികളുടെ വാഗ്ദാനം. നാട്ടിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾ പലരും വ്യക്തമായി കാണുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ ഒരു പരാതി. അതു പരിഹരിക്കാൻ എല്ലാ കുടുംബങ്ങളുടെയും കണ്ണ് പരിശോധനയ്ക്ക് വരെ 50 കോടി നൽകാമെന്നാണ് വാഗ്ദാനം. ജനങ്ങളെ സേവിക്കാനുള്ള സർക്കാരിന്റെ തീവ്ര അഭിലാഷം കാണുമ്പോൾ കണ്ണിൽ വെള്ളം നിറയുന്നു.

വാഗ്ദാനങ്ങളും സ്വപ്നങ്ങളും ഒരു പോലെയാണെന്നാണ് കവികളുടെ കണ്ടെത്തൽ. എല്ലാം ജലരേഖ പോലെയാണ്. വെള്ളത്തിൽ വരച്ചവര എന്നും അതിനൊരു പാഠഭേദമുണ്ട്. ഇമ്പമുള്ള കാര്യങ്ങൾ കേൾക്കുന്നതുതന്നെ നല്ല കാര്യമാണ്. ആ നിലയ്ക്ക് ബജറ്റിനെ നമ്മൾ പൂവിട്ട് പൂജിക്കണം. കാലൊടിഞ്ഞു കിടക്കുന്നവന് ഓട്ട മത്സരത്തിൽ പങ്കെടുക്കാൻ മോഹമുണ്ടാകാം. അതാണ് ഖജനാവിന്റെ സ്ഥിതി. നാമതിനെ സ്വപ്നങ്ങൾ എന്നു വിളിക്കും. ഒരു സ്വപ്നത്തിന്റെ കഥ കൂടി കേൾക്കുമ്പോൾ നമുക്കത് മനസിലാകും.

ചുണ്ടൽ പഞ്ചായത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ ഇക്കുറി ബജറ്റിൽ 10 കോടി പ്രഖ്യാപിച്ചിട്ടുണ്ട് . ചുണ്ടലുകാർ ഇതുകേട്ട് ഞെട്ടിയിട്ടില്ല. കാരണം കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ അഞ്ചു കോടി രൂപ വീതം പ്രഖ്യാപിച്ചിരുന്നു. ഇതുവരെ ഒന്നും സംഭവിച്ചിട്ടില്ല. തുക കൂട്ടി പറഞ്ഞത് തന്നെ വലിയ കാര്യം. അടുത്തവർഷം 20 കോടി പ്രഖ്യാപിക്കണമെന്ന പ്രാർത്ഥന മാത്രം ബാക്കി.

കഴിഞ്ഞവർഷം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലായോ എന്ന് ഒരു നേതാവും മിണ്ടില്ല. ആർക്കും ഓർമ്മയുണ്ടാകാനും വഴിയില്ല. മറവി പാവപ്പെട്ടവന് മഹാദാനം എന്നാണ് പുതിയ ചൊല്ല്. ആണായാൽ പെണ്ണുവേണം എന്ന് പറഞ്ഞപോലെ നിയമസഭയായാൽ ഒരു ബജറ്റുവേണം, അത്രതന്നെ. വില കൂട്ടുക, നികുതി കൂട്ടുക എന്നതൊക്കെ ബജറ്റിന്റെ ഒരു കീഴ്വഴക്കമാണ്. വിലകൂട്ടാൻ ബജറ്റ് വേണമെന്ന് ഒരു നിയമവുമില്ല. ബജറ്റ് ഇല്ലാതെതന്നെ വെള്ളത്തിന് വിലകൂട്ടി, പാലിന് വിലകൂട്ടി, കറണ്ടിന് വിലകൂട്ടി, മദ്യത്തിന് വില കൂട്ടി. ബജറ്റ് കഴിഞ്ഞാലും വില കൂട്ടിക്കൊണ്ടിരിക്കും. ഇനിയും വെള്ളത്തിന്റെ വില കൂട്ടാൻ ചിലർ മുരളുന്നുണ്ട്. ബജറ്റിന്റെ പ്രസക്തി അത്രേയുള്ളു എന്ന് സാരം.

രാജസ്ഥാനിൽ മുഖ്യമന്ത്രി അശോക് ഗലോട്ട് ഓടിവന്ന് നിയമസഭയിൽ ബജറ്റ് വായിച്ച കഥ നാം കേട്ടതാണ്. വായിച്ച ബജറ്റ് മുൻവർഷത്തെ ആയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം അബദ്ധം മനസിലാക്കി. ഗലോട്ട് തടിയൂരിയത് മാപ്പുപറഞ്ഞാണ്. മനുഷ്യസഹജമായ തെറ്റെന്നാണ് പിന്നീട് സ്പീക്കർ ഇതേക്കുറിച്ച് പ്രതികരിച്ചത്. ഇപ്പോൾ എവിടെ നോക്കിയാലും മനുഷ്യസഹജമായ തെറ്റ് കൂടിക്കൂടി വരുന്നതായാണ് കാണുന്നത്.

ചങ്ങമ്പുഴയുടെ ‘വാഴക്കുല’ വൈലോപ്പിള്ളിയുടെ വാഴക്കുലയാക്കി ഗവേഷണ പ്രബന്ധം തയ്യാറാക്കി ഡോക്ടറേറ്റ് നേടിയ വനിതാ നേതാവിന് പറ്റിയതും മനുഷ്യസഹജമായ ഒരു തെറ്റാണെന്നാണ് പിന്നീട് ഇടതുപക്ഷ ബുദ്ധിജീവികൾവരെ വ്യാഖ്യാനിച്ചത്. അവരുടെ ഡോക്ടറേറ്റ് റദ്ദാക്കണമെന്ന് ഒരു വിപ്ലവകാരികളും മൊഴിഞ്ഞില്ല. അത് റദ്ദാക്കിയാൽ പലരുടെയും ഡോക്ടറേറ്റ് തെറിക്കുമെന്ന് ആർക്കാണ് അറിയാത്തത്.

സിഎജി ഒരു ഭരണഘടനാസ്ഥാപനമാണ്. അവർ തയ്യാറാക്കുന്ന കണക്കിൽ മനുഷ്യസഹജമായ തെറ്റ് വരാറില്ല. നിയമസഭയിൽ വച്ച റിപ്പോർട്ടിൽ കുറെ കണക്കുകൾ പറയുന്നുണ്ട്. അതിലൊന്ന് ചെലവിനെ പറ്റിയാണ്. റവന്യൂ വരുമാനത്തിൽ ഭൂരിഭാഗവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായാണ് ചെലവാക്കുന്നത് എന്ന് സിഎജി പറയുന്നു. പക്ഷേ, മുഖ്യമന്ത്രി പറഞ്ഞത് കൂടുതൽ ചെലവാക്കുന്നത് വികസനത്തിനാണെന്നാണ്. ആരുടെ വികസനം എന്ന് ആരും ചോദിക്കരുത്. ഇവിടെ ആർക്കാണ് മനുഷ്യസഹജമായ തെറ്റെന്ന് പറയാതിരിക്കുന്നതാണ്




നല്ലത്. 1,16,640.24 കോടിയായിരുന്നു റവന്യു വരുമാനം. ചെലവ് 1,46,179.11 കോടിയാണെന്ന് (അതായത് ഇതിൽ 81% ശമ്പളം, പെൻഷൻ, പലിശ = 94856.79 കോടി) സിഎജി റിപ്പോർട്ടിൽ പറയുന്നു. സിഎജി പറയുന്ന കുടിശികയുടെ കണക്കുകേട്ടാൽ കെട്ടാത്തവരില്ല. ഇക്കാര്യം പുരപ്പുറത്തിരുന്ന് സർക്കാർ കൊട്ടിഘോഷിക്കുന്നതുമില്ല. ഈ വിഷയത്തിൽ ഭയങ്കര മൗനമാണ്. ഇന്ധന സെസിലൂടെ ഒരു വർഷം ലക്ഷ്യമിടുന്ന 750 കോടിയുടെ 30 ഇരട്ടിയാണ് കുടിശികയത്രെ. കുടിശികയ്ക്ക് കാരണം കേസുകൾ ആണെന്നാണ് സർക്കാർ വളരെ സങ്കടപ്പെട്ട് നൽകുന്ന വിശദീകരണം.

വമ്പന്മാരുടെ കുടിശിക പിരിക്കാൻ അൽപം ബുദ്ധിമുട്ടാണെന്ന് എല്ലാവർക്കുമറിയാം. ചങ്ങാത്ത മുതലാളിത്തം എന്ന പിശാച് കേന്ദ്രത്തിൽ മാത്രമല്ല കേരളത്തിലുമുണ്ട്. സായിപ്പിനെ കാണുമ്പോൾ എല്ലാവരും കവാത്തു മറക്കുന്നു എന്ന്സാരം. കോടതികൾ മാത്രമല്ല, ഇഷ്ടക്കാർക്കും സ്വന്തക്കാർക്കും സ്റ്റേ നൽകുന്നതും സർക്കാരാണ്. സ്റ്റേ ഒഴിവാക്കിയെടുക്കാൻ നൂറിലേറെ സർക്കാർ അഭിഭാഷകരുള്ളപ്പോൾ മൗനമാണ്.

ഇതു മനുഷ്യസഹജമായ തെറ്റാണെന്ന് വേണമെങ്കിൽ പറയാം. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കു കാരണം ആരാണ്? സർക്കാർ പറയുന്നത് കേന്ദ്രം ആണെന്നാണ്. കടം എടുക്കാൻ സമ്മതിക്കുന്നില്ലത്രേ! കടമെടുപ്പാണ് കേരളത്തിന്റെ വൻവരുമാന മാർഗം! പ്രതിസന്ധിയുടെ യഥാർത്ഥകാരണം ധൂർത്തും അനാവശ്യ ചെലവുകളും വിദേശയാത്രകളും ഉന്നത നിയമനങ്ങളും 500ലേറെ പേഴ്സണൽ സ്റ്റാഫിനെ തീറ്റിപ്പോറ്റുന്നതും പിൻവാതിൽ നിയമനങ്ങളും സ്വന്തക്കാരെ തിരുകിക്കയറ്റുന്നതും ശമ്പളം ഇരട്ടിയാക്കി നൽകുന്നതും പിഎസ്സിയിൽ 12 പേരെ കുത്തിനിറച്ചിരിക്കുന്നതും (കേന്ദ്രത്തിൽ ആറാണെന്ന് ഓർക്കണം) കേരളഹൗസിലെ അനാവശ്യ നിയമനങ്ങളുമൊക്കെ ആണെന്ന് ആരും തിരിച്ചറിയുന്നില്ല. ഒറ്റ പ്രതിവിധി നികുതികൂട്ടുക, ജനത്തെ പിഴിയുക. എംഎൽഎമാരുടെയും മന്ത്രിമാരുടെയും ശമ്പളം കൂട്ടാനുള്ള ശിപാർശ മേശപ്പുറത്തിരിപ്പുണ്ട്. അതിനൊക്കെ മുന്നോടിയാണ് ‘നിസാരമായ’ നികുതി വർധന.

ചില റിപ്പോർട്ടുകൾ കഷായം പോലെ കയ്ക്കും. കടം വാങ്ങുന്നത് ഷാർജാ ഷേയ്ക്ക് കുടിക്കുന്ന പോലെയാണ്, ‘നല്ല മധുരം’. ഗുജറാത്ത് വംശഹത്യയെക്കുറിച്ച് പുറത്തുവന്ന ബിബിസി റിപ്പോർട്ടിനു നല്ല കയ്പ്പായിരുന്നു. അദാനിയുടെ ആസൂത്രിത കൊള്ളയടിയെപ്പറ്റി അമേരിക്കൻ ധനകാര്യ ഗവേഷണ സ്ഥാപനമായ ഹിൻഡർ ബർഗിന്റെ റിപ്പോർട്ടിനും നല്ല കയ്പ്പായിരുന്നു. വെറും കയ്പല്ല, ചെന്നിനായകത്തിന്റെ കയ്പ്പ്. ഇതേക്കുറിച്ചെല്ലാം കേന്ദ്രത്തിനു മൗനമാണ്. മനുഷ്യസഹജമായ തെറ്റുകൾ എന്ന രീതിയിലാണ് ചില കേന്ദ്രസർക്കാർ നേതാക്കളുടെ വ്യാഖ്യാനം. ചെളിവാരിയെറിഞ്ഞാൽ കൂടുതൽ താമര വിരിയുമെന്നാണ് നമ്മുടെ പ്രധാനമന്ത്രി കരഘോഷങ്ങൾക്കിടയിൽ പറഞ്ഞത്. ആ ചെളി മുഖത്തു വീണാലോ, കാണാൻ ഒരു ചന്തവും ഉണ്ടാകില്ല. സിഎജി റിപ്പോർട്ടാണെങ്കിൽ കയ്ച്ചിട്ടിറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന നിലയിലാണ്. ജനങ്ങളെ പറ്റിക്കുന്നതല്ല ഭരണമെന്ന് ഓരോ റിപ്പോർട്ടുകളും പറയാതെ പറയുന്നുണ്ടെന്ന് സാരം.

തുച്ഛമായ ശമ്പളം മാസങ്ങളായി മുടങ്ങിയവർ, കുടിശിക ലഭിക്കാത്തവർ, ചികിത്സാസഹായം മുടങ്ങിയവർ, മരുന്നുവാങ്ങാൻ വകയില്ലാത്തവർ എല്ലാം തൽക്കാലം ബജറ്റ് വായിച്ച് മനം നിറയ്ക്കട്ടെ.

***അനുബന്ധം:** എട്ടുമാസമായി തുച്ഛമായ ശമ്പളം ലഭിക്കാതെ ജീവനൊടുക്കിയ പത്തനാപുരത്തെ സാക്ഷരതാ പ്രേരക് ബിജുമോൻ കേരളത്തിന്റെ കണ്ണിരോർമ്മ. തുർക്കിക്ക് 10 കോടി തള്ളുന്ന സർക്കാരിന് ഇതും കൂടി കാണാനുള്ള കണ്ണുണ്ടാകട്ടെ*

**– ശുഭം**

# വെള്ളക്കകേസും വൈകുന്ന നീതിയും

ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഇന്ത്യയിലെ കോടതികളിൽ അഞ്ചരക്കോടിയിലേറെ കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുണ്ട്. ഇതിനർത്ഥം പൗരനു സമയബന്ധിതമായി നീതി ലഭ്യമാകുന്നില്ല എന്നാണ്.

ഈ യാഥാർഥ്യത്തിന്റെ വിവിധ വശങ്ങൾ വ്യക്തമാക്കുന്ന സാഹിത്യ സൃഷ്ടികളും കലാസൃഷ്ടികളും പ്രകാശിതമാകുന്നുണ്ട്. അടുത്ത കാലത്ത് റിലീസ് ചെയ്ത മലയാള സിനിമ സൗദി വെള്ളക്ക ഈ വിഷയം വ്യത്യസ്തവും ശ്രദ്ധേയവുമായ രീതിയിൽ അവതരിപ്പിച്ചു.

ട്യൂഷൻ പഠിക്കുന്ന വീടിന്റെ ടെറസിൽ കുറെ കുട്ടികൾ മച്ചിങ്ങ ബോൾ ആക്കിയും ഓലമടൽ ബാറ്റ് ആക്കിയും ക്രിക്കറ്റ് കളിക്കുകയായിരുന്നു. കുഞ്ഞുമോൻ എന്ന കുട്ടി അടിച്ചപ്പോൾ താഴെ റോഡിലൂടെ പോകുകയായിരുന്ന ഒരു ഉമ്മയുടെ ശിരസിൽ വെള്ളക്ക കൊണ്ടു. ക്ഷുഭിതയായ അവർ ടെറസിൽ കയറി വന്ന് വെള്ളക്ക അടിച്ചു പറത്തിയ കുട്ടിയുടെ മുഖത്തടിച്ചു. അവന്റെ പല്ല് ഒരെണ്ണം താഴെ വീണു. കുറച്ചു ദിവസമായി ഇളകിനിൽക്കുന്ന പല്ലായിരുന്നു.




**മാണി പയസ്**

മകനെ തല്ലിയതിന്റെ പേരിൽ കേസിനു പോകാൻ കുഞ്ഞുമോന്റെ അച്ഛന് താത്പര്യം ഇല്ലായിരുന്നെങ്കിലും ഉമ്മയോട് എതിർപ്പുള്ള അയൽവാസി രാധാകൃഷ്ണന്റെ നിർബന്ധം മൂലം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. പോലീസ് എഫ്. ഐ. ആറിൽ പൊടിപ്പും തൊങ്ങലും നിരത്തി വിവിധ വകുപ്പുകൾ ചേർത്തുള്ള കേസാക്കി.

പലകാരണങ്ങളാൽ നീട്ടിവച്ച് 13 വർഷമാണ് ഈ കേസ് നടന്നത്. വാദിഭാഗം സാക്ഷികളെല്ലാം കൂറുമാറി കേസ് താൻ ജയിക്കുമെന്നായപ്പോൾ ഉമ്മ കോടതിയിൽ കുറ്റം ഏറ്റുപറഞ്ഞു. ഒരു ദിവസത്തെ തടവും 5000 രൂപ പിഴയുമായിരുന്നു ശിക്ഷ. പിഴ അടച്ചത് കുഞ്ഞുമോനാണ്. അപ്പോഴേക്കും അയാൾ ജോലിയുള്ള ചെറുപ്പക്കാരനായി കഴിഞ്ഞിരുന്നു.

കേസ് നടക്കുന്നതിനിടയിൽ ഉമ്മയ്ക്ക് വീട്ടിൽ നിന്ന് മാറിത്താമസിക്കേണ്ടി വന്നു. അവർ പലഹാരങ്ങൾ ഉണ്ടാക്കിവിറ്റ് ജീവിക്കാനും കേസ് നടത്താനുമുള്ള പണം കണ്ടെത്തി. ഏക മകൻ എവിടേക്കോ പോയി. അയാൾ തിരിച്ചുവരാതായപ്പോൾ മരുമകൾ അവളുടെ വീട്ടിലേക്കു മടങ്ങി.

പോലീസ്, വക്കീൽ, ജഡ്ജി, പ്രതി, വാദി എന്നിവരടങ്ങിയ കേസ് പ്രപഞ്ചത്തിന്റെ വിശദാംശങ്ങൾ അവതരിപ്പിക്കാൻ സിനിമയ്ക്കു കഴിഞ്ഞിട്ടുണ്ട്. അവ കാണുമ്പോൾ എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ കേസുമായി കോടതിയിൽ പോകരുതെന്ന ചിന്ത കാഴ്ചക്കാരുടെ മനസിൽ ഉയരും. ജീവിത പരാജയത്തിന്റെ കഥയായി സിനിമയെ മാറ്റാതെ മനുഷ്യന്റെ നന്മയിൽ ഊന്നി, പഴയകാല സിനിമകളുടെ ഒടുവിൽ ‘ശുഭം’ എന്നെഴുതി കാണിക്കുന്ന രീതിയിൽ അവസാനിപ്പിക്കുകയാണ് സംവിധായകനായ തരുൺ മൂർത്തി.



ഒരു ചെറിയ പ്രശ്നത്തെ പിരികേറ്റി വലുതാക്കിയ രാധാകൃഷ്ണൻ ശരീരം മുഴുവൻ തളർന്നു കിടക്കുന്നു. പരാതിക്കാരനായ കുഞ്ഞുമോന്റെ പിതാവ് മരണമടഞ്ഞു. ഇതെല്ലാം ഓർത്ത് കുഞ്ഞുമോൻ പറയുന്നു. “മനുഷ്യൻ ഇത്രയേയുള്ളു”, എന്നാൽ അനാഥയായ ഉമ്മയെ സ്വന്തം വീട്ടിൽ കൊണ്ടുപോകാൻ തീരുമാനിക്കുന്ന കുഞ്ഞുമോനെ നോക്കി മാർട്ടിൻ പറയുന്നു, “ മനുഷ്യൻ ഇത്രയുമുണ്ട്”. ഇത്രയുമുണ്ട് എന്നു തെളിയിക്കാൻ കഴിയുന്നിടത്താണ് മനുഷ്യത്വം വെന്നിക്കൊടി പാറിക്കുക.

മനുഷ്യന്റെ നന്മയ്ക്കുള്ള നീതിന്യായ സംവിധാനം അതിന്റെ പ്രധാന ലക്ഷ്യം കൈവരിക്കുന്നതിൽ നിന്ന് അകന്നുപോകുകയാണോ? 2022 മെയ് മാസത്തെ കണക്കനുസരിച്ച് ഇന്ത്യയിലെ കോടതികളിൽ 4.7 കോടി കേസുകളാണ് കെട്ടിക്കിടക്കുന്നത്. 87.4% കേസുകൾ കീഴ്ക്കോടതികളിൽ. 12.4% കേസുകൾ ഹൈക്കോടതികളിൽ. ഈ കേസുകളിൽ 1,82,000 കേസുകൾ 30 വർഷമായി തീർപ്പാകാത്തവയാണ്!

കോടതിയെ സമീപിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും എണ്ണം ഓരോ വർഷവും കൂടുകയാണ്. അതിന് അനുപാതികമായി ജഡ്ജിമാർ വർധിക്കുന്നില്ല. അനുബന്ധ സംവിധാനങ്ങളും ഉണ്ടാകുന്നില്ല. തന്മൂലം കേസുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ സംജാതമാകുന്നു.

കേസുകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം കൊലപാതകക്കേസുകളിലെയും ബലാത്സംഗക്കേസുകളിലെയും പ്രതികൾ രക്ഷപ്പെടാൻ ഇടയാക്കുന്നു. നീതി വൈകുന്നത് നീതി നിഷേധിക്കപ്പെടുന്നതിനു കാരണമാകുകയാണ്. തന്മൂലം വേഗത്തിലുള്ള വിചാരണ പൗരന്റെ അവകാശമാണെന്ന അവബോധം വർധിച്ചുവരുന്നുണ്ട്.

നീതി വൈകുന്നതിനുള്ള ദാരുണമായ ഉദാഹരണങ്ങളിൽ ഒന്നാണ് ഭോപ്പാൽ വാതക ചോർച്ചയിൽ 15000 ലേറെ പേർ മരിച്ച കേസ്. മരിച്ചവർക്കുപുറമെ ആറുലക്ഷം ജീവനക്കാരെയും പ്രതികൂലമായി ബാധിച്ച മഹാദുരന്തമായിരുന്നു ഇത്. 39 വർഷമായിട്ടും അതിലെ നഷ്ടപരിഹാരക്കേസുകൾ പലതും ഇനിയും തീർപ്പാകാനുണ്ട്.

കേസുകൾ തീർപ്പാക്കാൻ വൈകുമ്പോൾ പ്രതികൾ രക്ഷപ്പെടുന്നതിനു പല ബലാത്സംഗക്കേസുകളും ഉദാഹരണങ്ങളാണ്. ആറേഴ് വർഷത്തോളം കേസുകൾ നീളുമ്പോൾ ഇരയായ പെൺകുട്ടി ചിലപ്പോൾ വിവാഹിതയായിക്കാണും. വൈവാഹിക ജീവിതം തകർക്കുന്ന രീതിയിൽ കേസുമായി മുന്നോട്ടുപോകാൻ അവൾക്കു താത്പര്യം ഉണ്ടാകില്ല. എങ്ങനെയെങ്കിലും കേസ് അവസാനിപ്പിച്ചാൽ മതിയെന്നാകും. ഈ അവസരം മുതലാക്കി പ്രതികൾ രക്ഷപ്പെടും.

കേസുകളുടെ വിചാരണയിൽ ഉണ്ടാകുന്ന കാലതാമസത്തിനു പുറമെ വാദം പൂർത്തിയാക്കിയ കേസുകളിൽ വിധി പ്രസ്താവിക്കാൻ എടുക്കുന്ന കാലതാമസവും സമയബന്ധിതമായി നീതി ലഭ്യമാകുന്നതിനു തടസം സൃഷ്ടിക്കുന്നുണ്ട്. ഹൈക്കോടതികളിലും സുപ്രീംകോടതിയിലും വാദം തീർന്ന് വിധി പറയാൻ കാത്തിരിക്കുന്ന കേസുകൾ അനവധിയാണ്.

സുപ്രീംകോടതിയിൽ പോകാതെ ഹൈക്കോടതിവരെ നടക്കുന്ന കേസുകൾ തീർപ്പാക്കാൻ ശരാശരി 10 വർഷത്തോളം എടുക്കുന്നുണ്ടെന്നാണ് ഒരു സംഘടന നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. കേസുകൾ വേഗത്തിൽ തീർക്കുവാൻ മീഡിയേഷൻ, സെറ്റിൽമെന്റ്, അദാലത്ത്, ലോക് അദാലത്ത് തുടങ്ങിയ ബദൽ മാർഗങ്ങൾ പരീക്ഷിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ഫലം ഉണ്ടാകുന്നില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

സൗദി വെള്ളക്ക പോലുള്ള സിനിമകൾ സാധാരണക്കാരായ സിനിമാപ്രേമികൾ മാത്രമല്ല കാണേണ്ടത്. നീതിന്യായ വ്യവസ്ഥയുടെ ഭാഗമായി പ്രവർത്തിക്കുന്നവരും, രാജ്യത്ത് മികച്ച് മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്ന അധികാരികളും, സമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്ന എല്ലാവരും കാണുകയും അതിലെ സന്ദേശം ഉൾക്കൊള്ളുകയും വേണം. മനുഷ്യനെ സംബന്ധിച്ച് നിയമത്തേക്കാൾ വലുത് മനുഷ്യത്വമാണെന്ന സന്ദേശം.

# മതപരിവർത്തന നിരോധന നിയമം ക്രൈസ്തവരെ നിശബ്ദമാക്കാൻ

**സ്വന്തം ലേഖകൻ**

**ക്രൈസ്തവരുടെ ജനസംഖ്യ ഓരോ വർഷം കഴിയുംതോറും കുറയുകയാണ്.**

**നിർബന്ധിച്ച് മതപരിവർത്തനം നടത്തിയിരുന്നെങ്കിൽ ജനസംഖ്യ വർധിച്ചേനെ**

തൃശൂർ: മതപരിവർത്തന നിരോധന നിയമത്തിനെതിരെ സുപ്രീം കോടതിയിൽ ഹർജി. സിറ്റിസൺസ് ഫോർ ജസ്റ്റിസ് ഏൻഡ് പീസ് എന്ന സംഘടനയാണ് ഹർജി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാന ഗവണ്മെന്റുകൾ പാസാക്കിയ മതപരിവർത്തന നിരോധന നിയമത്തിന്റെ ഭരണഘടനാപരമായ സാധുത സുപ്രീം കോടതി പരിശോധിക്കും. കേന്ദ്ര സർക്കാരിനും ഛത്തീസ്ഗഢ്, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കർണാടക എന്നീ സർക്കാരുകൾക്കും നിലപാടു വ്യക്തമാക്കുവാനായി സുപ്രീം കോടതി നോട്ടീസ് അയച്ചു. ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡന്റെ അദ്ധ്യക്ഷതയിലുള്ള ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. ഉത്തർപ്രദേശ്, ഹിമാചൽപ്രദേശ്, മദ്ധ്യപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് സുപ്രീം കോടതി നേരത്തെ നോട്ടീസ് അയച്ചിരുന്നു.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം ഇത്തരത്തിലുള്ള നിയമം നടപ്പാക്കാനുള്ള മത്സരമാണ് നടക്കുന്നതെന്ന് ഹർജിക്കാരിലൊരാളായ മനുഷ്യാവകാശ പ്രവർത്തകൻ ഫാ. ഡെറിക് പ്രകാശ് വ്യക്തമാക്കി. ഓരോരുത്തരുടേയും മനസാക്ഷിയനുസരിച്ച് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാൻ അവകാശമുള്ള ഇന്ത്യ പോലുള്ള ജനാധിപത്യ രാജ്യത്ത് മതപരിവർത്തന നിരോധന നിയമം നിയമപരമായി എങ്ങനെ നിലനിൽക്കുമെന്ന് ഫാ. ഡെറിക് ചോദിച്ചു. ക്രൈസ്തവരെ കള്ളക്കേസിൽ കുടുക്കാനാണ് ഈ നിയമം നടപ്പാക്കുന്നതെന്ന് ഫാ. ഡെറിക് വാദിച്ചു. ഈ നിയമങ്ങൾ മൗലികാവകാശങ്ങളുടെ ലംഘനമാണെന്നും സുപ്രീം കോടതി അതു പരിശോധിച്ച് തീരുമാനമെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നിർബന്ധിച്ച് മതപരിവർത്തനം നടത്തുന്നു എന്നാരോപിച്ചാണ് വിവിധ സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധന നിയമം നടപ്പാക്കുന്നത്. നിർബന്ധിച്ച് മതപരിവർത്തനം നടത്തുന്നതിനെതിരെ ഇപ്പോൾ തന്നെ നിയമം നിലവിലുണ്ട്. സ്വന്തം ഇഷ്ടപ്രകാരം മതം മാറുന്നതിനെ തടയാനാണ് പുതിയ മതപരിവർത്തന നിരോധന നിയമം ആയുധമാക്കുന്നതെന്ന് ആരോപണമുണ്ട്. രാജ്യത്ത് ഏറ്റവും അധികം പീഡനം അനുഭവിക്കുന്ന ന്യൂനപക്ഷ വിഭാഗമായി ക്രൈസ്തവർ മാറിക്കഴിഞ്ഞു. അക്രമത്തിന് ഇരകളാകുന്ന ക്രൈസ്തവരെയാണ് പ്രതികളാക്കി വിവിധ ജയിലുകളിൽ അടയ്ക്കുന്നത്. ക്രൈസ്തവ ദേവാലയങ്ങളും സ്ഥാപനങ്ങളും ആക്രമിക്കപ്പെടുകയാണ്. ഛത്തീസ്ഖണ്ഡിലും, മധ്യപ്രദേശിലും ഈയിടെ പള്ളികൾ തകർത്തു. ഛത്തീസ്ഖണ്ഡിലെ ആയിരക്കണക്കിന് ക്രിസ്ത്യാനികൾ അക്രമം ഭയന്ന് പലായനം ചെയ്തിരിക്കുകയാണ്. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ അസൂയപൂണ്ടവരാണ് അക്രമത്തിന് നേതൃത്വം നൽകുന്നത്. ക്രൈസ്തവർ നിർബന്ധിച്ച് മതപരിവർത്തനം നടത്തുന്നു എന്ന ആരോപണം കെട്ടിച്ചമച്ചതാണ്. ക്രൈസ്തവരുടെ ജനസംഖ്യ ഓരോ വർഷം കഴിയുംതോറും കുറയുകയാണ്. നിർബന്ധിച്ച് മതപരിവർത്തനം നടത്തിയിരുന്നെങ്കിൽ ജനസംഖ്യ വർധിച്ചേനെ. ആരോപണം തെറ്റാണെന്ന് തെളിയിക്കുന്നതാണ് ഈ വസ്തുത. ആരോപണം ശരിയാണെങ്കിൽ ഇന്ത്യയിലെ പകുതിയിലധികം ജനങ്ങളും ഇപ്പോൾ ക്രൈസ്തവരാകുമായിരുന്നു. 1971ൽ ഇന്ത്യയിലെ ക്രൈസ്തവർ ആകെ ജനസംഖ്യയുടെ 2.6% ആയിരുന്നു. 10 വർഷം കഴിഞ്ഞ് നടത്തിയ സെൻസസിൽ ക്രൈസ്തവരുടെ സംഖ്യ 2.44% ആയി കുറഞ്ഞു. 1991 ൽ അത് 2.33% ആയും 2021ൽ 2.30% ആയും കുറഞ്ഞു. ഈ സെൻസസ് തന്നെ ക്രൈസ്തവർക്കെതിരായ ആരോപണം തെറ്റാണെന്ന് തെളിയിക്കുന്നതാണ്. മാത്രമല്ല, ഒട്ടേറെ ബി.ജെ.പി. നേതാക്കളടക്കം ഭരണം നടത്തുന്ന നിരവധി ഉദ്യോഗസ്ഥന്മാരും നേതാക്കന്മാരും ക്രൈസ്തവ സ്ഥാപനങ്ങളിൽ പഠിച്ചിറങ്ങിയവരാണ്. അവരെ ആരും നിർബന്ധിച്ച് ക്രിസ്ത്യാനികളാക്കിയിട്ടില്ല.

പട്ടിണി കിടക്കുന്നവർക്ക് ആഹാരം നൽകുന്നതും. അക്ഷരവെളിച്ചം നിഷേധിക്കപ്പെട്ടവർക്ക് വിദ്യ പകരുന്നതും മതംമാറ്റമാണെന്നാണ് ആരോപണം. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനംക്കൊണ്ടാണ് കേരളം വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ വളർച്ച കൈവരിച്ചത്. ഈ മുന്നേറ്റം വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉണ്ടാകരുതെന്ന് ചിന്തിക്കുന്നവരാണ് ക്രൈസ്തവർക്കെതിരെ കള്ളക്കേസുമായി മുന്നോട്ടുവരുന്നത്. വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിലെ പാവപ്പെട്ട മനുഷ്യരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനാണ് മിഷനറിമാർ പ്രവർത്തിക്കുന്നത്. ഇത് തങ്ങൾക്ക് എതിരാകുമെന്ന്കണ്ട ജന്മിമാരും കോർപ്പറേറ്റുകളും വർഗ്ഗീയകക്ഷികളും മിഷനറിമാരുടെ പ്രവർത്തനത്തെ തടയാൻ മുന്നോട്ടുവരികയാണ്. ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച ഫാ. സ്റ്റാൻസാമിയെ ഇല്ലാതാക്കിയതും ഈ ശത്രുക്കളാണ്. ക്രൈസ്തവരെ നിശബ്ദരാക്കാനാണ് പല ബിജെപി സർക്കാരുകളും ഇപ്പോൾ മതപരിവർത്തന നിരോധന നിയമത്തിന്റെ പേരിൽ നടപടികൾ എടുത്തുക്കൊണ്ടിരിക്കുന്നത്.

## വോട്ട്ബാങ്ക് രാഷ്ട്രീയം

*(ഒന്നാം പേജ് തുടർച്ച)*

ണി പിൻവലിച്ചിരുന്നു. മുസ്ലിം സമുദായത്തിന്റെ വോട്ടുബാങ്കിൽ കണ്ണ് വച്ചാണ് ഈ തീരുമാനം എന്ന് ആരോപണം ഉയർന്നിരുന്നു. ലീഗിന്റെ പ്രവാസി സംഘടനയായ കേരള മുസ്ലിം കൾച്ചറൽ സെന്ററിന്റെ (കെഎംസിസി) ഖത്തർ ശാഖയ്ക്ക് നോർക്ക റൂട്സിൽ അഫിലിയേഷൻ നൽകാനും സർക്കാർ തയ്യാറായി. ന്യൂനപക്ഷ സ്കോളർഷിപ്പ് വിധിക്കെതിരെ സുപ്രീം കോടതിയിൽ പിണറായി സർക്കാർ അപ്പീൽ പോയതും പ്രീണനത്തിന്റെ വ്യക്തമായ ദൃഷ്ടാന്തമാണെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിനിടയിലാണ് ന്യൂനപക്ഷ വകുപ്പ് മുസ്ലിം പ്രതിനിധിക്ക് മുഖ്യമന്ത്രി കൈമാറിയിരിക്കുന്നത്.

2011ൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ആരംഭിച്ച കാലം മുതൽ യുഡിഎഫ്, എൽഡിഎഫ് മന്ത്രിസഭകളിൽ മുസ്ലിം സമുദായ രാഷ്ട്രീയം മുഖമുദ്രയാക്കിയ മന്ത്രിമാരാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അക്കാലത്തൊക്കെ നിരവധി വിവേചനങ്ങൾ ക്രൈസ്തവ സമൂഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്. സ്കോളർഷിപ്പുകളിലും വിവിധ ക്ഷേമ പദ്ധതികളിലും ഏകപക്ഷീയമായി 80:20 അനുപാതത്തിൽ ഫണ്ട് വിതരണം നടത്തി വരികയായിരുന്നു. ഇതിനെതിരെയാണ് ഹൈക്കോടതി വിധി ഉണ്ടായത്. ജനസംഖ്യാടിസ്ഥാനത്തിൽ ഫണ്ട് വിതരണം ചെയ്യണമെന്ന് ഹൈക്കോടതി വിധിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പിലും ഡയറക്ടറേറ്റിലും പിഎസ്സി വഴിയുള്ള നിയമനം നടത്താതെ മുസ്ലിം സമുദായത്തിനു മാത്രമായി ഡെപ്യൂട്ടേഷനിലും കരാർ വ്യവസ്ഥയിലും നിയമനങ്ങൾ നൽകിവരികയായിരുന്നു. കെ.ടി. ജലീൽ ന്യൂനപക്ഷ വകുപ്പ് ഏറ്റെടുത്തു മുതൽ നിരവധിയായ വിവേചനങ്ങൾ ഈ വകുപ്പിൽ നടന്നതിനെതിരെ ഒട്ടേറെ പരാതികൾ ഉണ്ടായിരുന്നു. മദ്രസകൾക്കും അധ്യാപകർക്കും ഉള്ള ആനുകൂല്യങ്ങൾ പലമടങ്ങ് വർദ്ധിപ്പിക്കാൻ ജലീൽ കൂട്ടുനിന്നു. ഇത്തരം സാഹചര്യങ്ങളിൽ ആണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് പരാതിരഹിതമാക്കാൻ മുഖ്യമന്ത്രി ഏറ്റെടുത്തത്. എന്നാൽ മതേതര നിലപാടിൽ വെള്ളം ചേർക്കുന്ന അവസ്ഥയെന്നോണം മുഖ്യമന്ത്രി വകുപ്പ് കൈമാറി വോട്ട് ബാങ്ക് രാഷ്ട്രീയം ഉറപ്പിക്കുകയാണെന്നാണ് ആരോപണം.

# ക്രൈസ്തവർക്കെതിരേ അക്രമം ഡൽഹിയിൽ പ്രതിഷേധമിരമ്പി

ന്യൂഡൽഹി: രാജ്യത്ത് ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കു നേരെ നടക്കുന്ന അക്രമങ്ങൾക്കെതിരേ ഡൽഹി ജന്തർമന്തറിൽ വിവിധ സഭകളുടെയും 79 സംഘടനകളുടെയും നേതൃത്വത്തിൽ പ്രതിഷേധമിരമ്പി. രാവിലെ 11 മുതൽ വൈകീട്ട് നാലു വരെയായിരുന്നു പ്രതിഷേധസമരം. രാഷ്ട്രപതി, പ്രധാനമന്ത്രി, ഉപരാഷ്ട്രപതി, ലോക്സഭാ സ്പീക്കർ എന്നിവർക്ക് നിവേദനം നൽകിയാണ് സംയുക്തസമരം അവസാനിപ്പിച്ചത്.

ക്രിസ്ത്യാനികൾക്കെതിരേ രാജ്യത്ത് ആൾക്കൂട്ട ആക്രമണങ്ങൾ വർധിക്കുകയാണെന്നും കുറ്റവാളികളെ പിടികൂടി ശിക്ഷിക്കുന്നതിനു പകരം സഭാനേതാക്കൾക്കും വിശ്വാസികൾക്കുമെതിരേ വ്യാജ കേസുകളെടുത്ത് വേട്ടയാടുകയാണെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ആക്രമണം നടന്ന എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേക അന്വേഷണസംഘം രൂപവത്കരിക്കുക, ആക്രമണഭീഷണിയുള്ള ക്രിസ്ത്യാനികൾക്ക് പോലീസ് സംരക്ഷണം നൽകുക, ആക്രമണത്തിന് ഉത്തരവാദികളായ രാഷ്ട്രീയ – സാമൂഹിക ഗ്രൂപ്പുകളെ കണ്ടെത്തി ശിക്ഷിക്കുക, ആൾക്കൂട്ട ആക്രമണങ്ങൾക്കെതിരായ തഹ്സീൻ പൂനാവാല കേസിലെ സുപ്രീംകോടതി വിധി നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ സഭാനേതാക്കൾ ഉന്നയിച്ചു.

ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ ജെ. കൂട്ടോ, ഫരീദാബാദ് ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, ഗുരുഗ്രാം – ഡൽഹി സീറോ മലങ്കര രൂപത വികാരി ജനറൾ ഫാ. വർഗീസ് വിജയാനന്ദ്, ഓർത്തഡോക്സ് സഭ ഡൽഹി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഡോ. ഏബ്രഹാം മാത്യു തുടങ്ങിയവർ സമരത്തിന് നേതൃത്വം നൽകി. ആയിരക്കണക്കിന് ക്രൈസ്തവ വിശ്വാസികളും പ്രതിഷേധത്തിൽ അണിനിരന്നു.

ക്രൈസ്തവരും ക്രൈസ്തവ സ്ഥാപനങ്ങളും ആരാധനാലയങ്ങളും ആക്രമിക്കപ്പെടുമ്പോൾ രാജ്യത്ത് ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യവും ജീവിക്കാനുമുള്ള അവകാശവും ഹനിക്കപ്പെടുകയാണെന്ന് ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര പറഞ്ഞു. അക്രമങ്ങൾക്കെതിരേ പരാതി നൽകിയിട്ടും കൃത്യമായ നടപടിയെടുക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആർച്ച്ബിഷപ് വിശദീകരിച്ചു.

യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ കണക്കുകളനുസരിച്ച് കഴിഞ്ഞവർഷം ക്രൈസ്തവർക്കെതിരേ 21 സംസ്ഥാനങ്ങളിലായി 597 അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പള്ളികൾക്കും സ്ഥാപനങ്ങൾക്കും നേരെ 1198 അക്രമങ്ങൾ നടന്നു. യു.പി., ഛത്തീസ്ഗഢ്, ജാർഖണ്ഡ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സാഹചര്യം ഏറെ ആശങ്കാജനകമാണെന്ന് ക്രിസ്ത്യൻ ഫോറം ചെയർമാൻ ഡോ. മൈക്കിൾ വില്യംസ് പറഞ്ഞു.

## മധ്യപ്രദേശിലും പള്ളി ആക്രമിച്ചു

ഭോപ്പാൽ: ഛത്തീസ്ഗഢിനു പിന്നാലെ മധ്യപ്രദേശിലും ക്രൈസ്തവ ദൈവാലയത്തിനുനേരെ ആക്രമണം. നർമദപുരം ജില്ലയിൽ ലൂഥറൻ സഭയുടെ ആരാധനാലയത്തിനാണ് അക്രമികൾ തീയിട്ടത്. ജില്ലാ ആസ്ഥാനത്തിനു 40 കിലോമീറ്റർ അകലെ ആദിവാസി മേഖലയായ ചൗക്കിപുരയിലുള്ള പള്ളിയാണ് ആക്രമിച്ചത്. പള്ളിയിലെ സാധനങ്ങളും വിശുദ്ധഗ്രന്ഥങ്ങളും തീയിട്ടു നശിപ്പിച്ചിട്ടുണ്ട്. പള്ളിയിൽ ഞായറാഴ്ച വിശ്വാസികൾ പ്രാർത്ഥനയ്ക്ക് എത്തിയപ്പോഴാണ് വിവരം അറിഞ്ഞത്. പള്ളിക്കുള്ളിൽ ‘റാം’ എന്നെഴുതിവച്ചിട്ടുണ്ടെന്നും മൂന്നു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും മത അവഹേളനം എന്ന നിലയിൽ കേസെടുത്തിട്ടുണ്ടെന്നും പോലീസ് അറിയിച്ചു.

# മദ്യം വിറ്റ് സർക്കാർ നാടുമുടിക്കുന്നു: പ്രഫ. രവീന്ദ്രൻ

കൊച്ചി: അടിസ്ഥാനവർഗത്തിന്റെ രക്ഷകരാകേണ്ടവർ അവരെ പിഴിഞ്ഞൂറ്റി നാട് ഭരിച്ചു മുടിക്കുകയാണെന്ന് കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ ടി.എം.രവീന്ദ്രൻ. കേരള മദ്യനിരോധന സമിതിയുടെ മദ്യവിമോചന സമരജാഥക്ക് എറണാകുളത്ത് നൽകിയ സ്വീകരണത്തിന് നന്ദി പറഞ്ഞ് പ്രസംഗിക്കുകയായിരുന്നു ജാഥാ ക്യാപ്റ്റൻ കൂടിയായ അദ്ദേഹം.

ഇന്ത്യയിലൊരിടത്തുമില്ലാത്തവിധം കേരളത്തിൽ മദ്യത്തിന് 251 ശതമാനം നികുതിയാണുള്ളത്. പ്രതിശീർഷ മദ്യഉപഭോഗത്തിൽ മലയാളി ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. ഒരുവർഷം ബീവറേജസ് വഴിമാത്രം 15,000 കോടിയുടെ മദ്യം വിറ്റഴിച്ച് ഒരു ജനതയുടെ ആരോഗ്യവും സംസ്കാരവും സമ്പത്തും കുടുംബ സമാധാനവും സർക്കാർ കവർന്നെടുക്കുന്നു.

ഒരു ഭാഗത്ത് മദ്യം സുലഭമാക്കുകയും മറുഭാഗത്ത് ലഹരിക്കെതിരെ ബോധവത്കരണ മഹാമഹം നടത്തുകയും ചെയ്യുന്ന ഇരട്ടത്താപ്പാണ് സർക്കാരിനുള്ളതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. സ്വീകരണ സമ്മേളനം കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന വക്താവ് അഡ്വ.ചാർളി പോൾ ഉദ്ഘാടനം ചെയ്തു. കേരള മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എ.ജോസഫ് അധ്യക്ഷനായിരുന്നു. വനിതാവിഭാഗം സംസ്ഥാനപ്രസിഡന്റ് പ്രഫ.ഒ.ജെ. ചിന്നമ്മ, സംസ്ഥാന സെക്രട്ടറി ജോയി അയിരൂർ, ഏട്ടൻ ശുകപുരം, മേഴ്സി ജോയി, ആർട്ടിസ്റ്റ് ശശികല, പി. മോഹനകുമാരൻ, പി.ടി. മൈക്കിൾ, ജോയ് തോമസ് എന്നിവർ പ്രസംഗിച്ചു.

വേളാങ്കണ്ണി തീർത്ഥയാത്ര
MATHA
TOURS & TRAVELS
KALLUR, MAVINCHUVADU
www.mathatoursandtravels.in

എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും വൈകീട്ട് 6 ന്
വേളാങ്കണ്ണി തീർത്ഥയാത്ര
പുറപ്പെടുന്ന സ്ഥലങ്ങൾ:
കല്ലൂർ തൃക്കൂർ, പൊന്നൂക്കര, പുത്തൂർ, ആമ്പല്ലൂർ, തലോർ ഒല്ലൂർ, തൃശൂർ, കിഴക്കേക്കോട്ട, മണ്ണുത്തി, പട്ടിക്കാട്
എല്ലാ ആഴ്ചകളിലും ആലപ്പുഴയിലെ 'കൃപാസനം' യാത്ര ഉണ്ടായിരിക്കുന്നതാണ്.
താമസ സൗകര്യത്തോടുകൂടി (4 പേർക്ക് റൂം) 4 നേരം ഭക്ഷണം,
സീറ്റൊന്നിന് 1600/1800 രൂപ, A/c Push Back Seat
സീറ്റൊന്നിന് 1400/ 1600 രൂപ Non A/c Push Back Seat
Volvo A/c 2200 രൂപ

Biju Pulikan
9447650728
9846404301
Rinu Kunnan
9995242628
7034382628
7034775522


ഉടൻ നിയമനം
ഇന്ത്യയിലെ വിശ്വസ്തയാർജ്ജിച്ച കോർപ്പറേറ്റ് സ്ഥാപനത്തിന്റെ
തൃശ്ശൂർ ബ്രാഞ്ചിലേക്ക്
Part Time/ Full Time
SALES EXECUTIVES
TEAM LEADERS
Age : 35 to 65 Years
Qualification : 10th & above
Business and career opportunities for
NRI's. HOUSEWIVES, RETIRED PROFESSIONALS
Call: 9633560550

വേളാങ്കണ്ണി തീർത്ഥയാത്ര
SHINS TRAVELS
AINIKKAL WEIGH BRIDGE, OLLUR
(Near Industrial Estate)

(വേളാങ്കണ്ണി ബസിലിക്കയുടെ അംഗീകൃത തീർത്ഥയാത്ര)
എല്ലാ വെള്ളിയാഴ്ചകളിൽ വൈകീട്ട് 7pmന്, ശനിയാഴ്ചകളിൽ വൈകീട്ട് 7.30pmന്
ഒല്ലൂർ, തൃശ്ശൂർ വഴി പുറപ്പെട്ട് ഞായർ രാവിലെ 6amന് തിരിച്ചെത്തുന്നു.
എല്ലാ മാസവും മൂന്നാമത്തെ വെള്ളി ഏകദിന സെഹിയോൻ തീർത്ഥയാത്ര
VOLVO A/c - 2100/-
2+2 A/c - 1900/-
3+2 A/c - 1800/-

3 നേരം ഭക്ഷണം
4 പേർക്ക് 1 റൂം
Break Fast പൂരിമസാല, ഇഡ്ഡലി, വട, ചായ
Lunch ചിക്കൻ ബിരിയാണി/ വൈറ്റ് റയ്സ് 3.30PM ചായ + വട
Dinner ഫിഷ് കറി + ഫിഷ് ഫ്രൈ മീൽസ് + ചപ്പാത്തി
For Booking :
9645990990, 9447201850

# തിരുനാളുകൾ ആഘോഷങ്ങൾ



ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ നടന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ പ്രദക്ഷിണത്തിൽ നിന്ന്.

## ഒല്ലൂർ

സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു. വികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി തിരുനാൾ കൊടിയേറ്റി. തുടർന്ന് നവനാൾ തിരുക്കർമങ്ങളുമുണ്ടായിരുന്നു. ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് ഫാ. ലിൻസ്റ്റൺ ഒലക്കേങ്കിൽ മുഖ്യ കാർമികത്വം വഹിച്ചു. ഫാ. ജോയ് ചെറുവത്തൂർ തിരുനാൾ സന്ദേശം നൽകി.

വികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി, അസി. വികാരിമാരായ ഫാ. ബിനോയ് മഞ്ഞളി, ഫാ. ഡെബിൻ ഒലക്കേങ്കിൽ, ഡീക്കൻ ജാക്സൺ തെക്കുംപീടിക, ഫാ. ബേബി ഷെപ്പേർഡ് സിഎം ഐ ഫാ. പോൾ മാളിയമാവ്, കൈകാരന്മാരായ ജോയ് പാലിയേക്കര, ജോയച്ചൻ എരിഞ്ഞേരി, മാത്യു നെല്ലിശ്ശേരി, മാർട്ടിൻ മേച്ചേരി, കൺവീനർമാരായ ജിമ്മി അപ്പാടൻ, ആന്റണി എരിഞ്ഞേരി, ജോസ് ഉക്രാൻ, ജോൺസൺ കുരുതുകുളങ്ങര, ഷാജു അരിമ്പൂർ, ഷാജു പടിക്കല, സനോജ് കാട്ടുക്കാരൻ, റാണി ആന്റോ എന്നിവർ നേതൃത്വം നൽകി.



## എരുമപ്പെട്ടി

തിരുഹൃദയ ഫൊറോന പള്ളിയിൽ സംയുക്ത തിരുനാൾ ആഘോഷിച്ചു. പ്രസുദേന്തി വാഴ്ച, വിശുദ്ധരുടെ രൂപം എഴുന്നെള്ളിപ്പ്, ആയിരങ്ങൾ പങ്കെടുത്ത അമ്പ്, വള എഴുന്നെള്ളിപ്പ് എന്നിവ നടന്നു. തിരനാൾ ദിനത്തിൽ ആഘോഷമായ പൊന്തിഫിക്കൽ കുർബാനയ്ക്ക് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ മുഖ്യകാർമികനായി. ഭക്തി നിർഭരമായ തിരുന്നാൾ പ്രദക്ഷിണവുമുണ്ടായിരുന്നു. ഫൊറോന വികാരി ഫാ. ജോഷി ആളൂർ, സഹവികാരി ഫാ. ലിവിൻ ചൂണ്ടൽ, കൈക്കാരന്മാരായ ബിജു വർഗിസ് സി, കെ.സി. ഡേവിസ്, വി.പി. ഡേവിസ്, ജോൺ ലൂയിസ് കെ, തിരുനാൾ ജനറൽ കൺവീനർ എം.വി. ബാബു എന്നിവർ നേതൃത്വം നൽകി.



കൊട്ടേക്കാട് ഫൊറോന ദൈവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽനിന്ന്.

## കൊട്ടേക്കാട്

സെന്റ് മേരിസ് അസംപ്ഷൻ ഫൊറോന ദൈവാലയത്തിലെ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ഭക്തിസാന്ദ്രമായി. ആഘോഷമായ തിരുനാൾ പാട്ടു കുർബാനയ്ക്ക് ഫാ. ഡേവിസ് പുലിക്കോട്ടിൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ. ജോൺ പുത്തൂർ തിരുനാൾ സന്ദേശം നൽകി. ഫാ. ആന്റണി ചിറ്റിലപ്പള്ളി സഹകാർമികനായിരുന്നു ഭക്തി നിർഭരമായ പ്രദക്ഷിണവും നടന്നു. തിരുനാൾ തലേന്ന് കൂടുതുറക്കൽ ശുശ്രൂഷയ്ക്ക് ഫൊറോന വികാരി ഫാ. ജോജു ആളൂർ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് 32 കുടുംബ യൂണിറ്റുകളിലേക്ക് അമ്പുകൾ ആശിർവദിച്ചു നൽകി. തിരുനാൾ ആഘോഷങ്ങൾക്ക് വികാരി, സഹവികാരി ഫാ. ആൻറണി ചിറ്റിലപ്പള്ളി, ട്രസ്റ്റിമാരായ കെ. എം. തോംസൺ, സി. പി. ജോസഫ്, പ്രിൻസ് ചാണ്ടി, ടി. എൽ. സേവ്യർ, ജനറൽ കൺവീനർ ലിസൺ കോളങ്ങാടൻ, ബാസ്റ്റിൻ പോൾ, സി. എൽ. ഇഗ്നേഷ്യസ്, പി. പി. ദേവസി, പി. ആർ. പാവു, സി. ഒ. ഡേവിസ്, കെ. ജി. ഫ്രാൻസിസ്, സിസൺ വർഗ്ഗീസ്, ടി. പി. റപ്പായി എന്നിവർ നേതൃത്വം നൽകി



തൃശൂർ ലൂർദ്ദ് കത്തീഡ്രലിലെ നേർച്ചയൂട്ട് ആശീർവാദം ഫാ. അജിത്ത് ചിറ്റിലപ്പിള്ളി നിർവഹിക്കുന്നു.

## ലൂർദ്ദ് കത്തീഡ്രൽ

തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ രോഗീദിനാചരണദിനത്തിൽ മാതാവിന്റെ ഊട്ട് തിരുനാൾ ആഘോഷിച്ചു. 70 വയസിനു മുകളിൽ പ്രായമുള്ളവർക്കും രോഗികൾക്കും പ്രത്യേക സൗഖ്യദായക പ്രാർത്ഥനാ ശുശ്രൂഷകളുണ്ടായിരുന്നു. ആഘോഷകരമായ തിരുനാൾ പാട്ടുകുർബാനക്ക് ഫാ. അജിത്ത് ചിറ്റിലപ്പിള്ളി മുഖ്യകാർമികത്വം വഹിച്ചു. കത്തീഡ്രൽ സഹവികാരിമാരായ ഫാ. സെബി വെളിയൻ, ഫാ. ജിയോ വേലൂക്കാരൻ എന്നിവർ സഹകാർമികരായിരുന്നു. വികാരി ഫാ. ഡേവിസ് പുലിക്കോട്ടിൽ ട്രസ്റ്റി ഫ്രാൻസീസ് മാളിയേക്കൽ, കൈക്കാരന്മാർ, ഭക്തസംഘടന-കുടുംബ കൂട്ടായ്മ ഭാരവാഹികൾ, കത്തീഡ്രൽ യൂത്ത് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി. 'ദി ഹോപ്പ്' എന്ന സിനിമാ പ്രദർശനവുമുണ്ടായിരുന്നു.



വലപ്പാട് ഇടവകയിലെ തിരുനാൾ പ്രദക്ഷിണത്തിൽ നിന്ന്.



എടക്കളത്തൂർ ഇടവകയിലെ തിരുനാളിനോടനുബന്ധിച്ച് നടന്ന കൂടുതുറക്കൽ ശുശ്രൂഷയിൽ നിന്ന്.

## വലപ്പാട്

സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ തിരുനാൾ ആഘോഷിച്ചു തിരുനാൾ തലേന്ന് രാവിലെ ദിവ്യബലിക്കു ശേഷം വെഞ്ചരിച്ച അമ്പുകൾ യൂണിറ്റ് ഭാരവാഹികൾ ഏറ്റുവാങ്ങി ഭവനങ്ങളിൽ എത്തിച്ചു. വൈകീട്ട് വേസ്പരയും രൂപം എഴുന്നെള്ളിപ്പും നടന്നു.

ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രൽ വികാരി ഫാ. ജോഷി പുലിക്കോട്ടിൽ മുഖ്യകാർമികനായി. ഫാ. ജോജു പനക്കൽ തിരുനാൾസന്ദേശം നൽകി. ഫാ. ഡെന്നി താണിക്കൽ, ഫാ. സിജോ കാട്ടുക്കാരൻ എന്നിവർ സഹകാർമികരായി. വികാരി ഫാ. ബാബു അപ്പാടൻ, കൈക്കാരൻമാരായ എ.എ. ആന്റണി, പി.എ. വിൻസെന്റ്, ടി.എം. ഫ്രാൻസിസ്, കുടുംബ കൂട്ടായ്മ കൺവീനർ ജെയിംസ് എലുവത്തിങ്കൽ, എ.എൻ.ജി ജെയ്ക്കോ, ബാബു തോമസ്, സെബി ജോർജ് എന്നിവർ നേതൃത്വം നൽകി.



നടത്തറ ദൈവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽ നിന്ന്

## നടത്തറ

തിരുഹൃദയ ദൈവാലയത്തിൽ ഈശോയുടെ തിരുഹൃദയത്തിന്റെയും വി. സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ ആഘോഷിച്ചു.

ആഘോഷമായ പാട്ടുകുർബാനയ്ക്ക് സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ മുഖ്യ കാർമികത്വം വഹിച്ചു. മുളയം മേരിമാത സെമിനാരി പ്രൊഫ. റവ. ഡോ. ജിബിൻ താഴേക്കാടൻ സന്ദേശം നൽകി. ഫാ. ജോസ് എടത്തൻ സി.എം.ഐ. സഹ കാർമ്മികൻ ആയിരുന്നു. ഭക്തി നിർഭരമായ പ്രദിക്ഷണവും ഫാൻസി വർണ്ണമഴയും ഉണ്ടായിരുന്നു. വികാരി. ഫാ. ജോജു പൊറുത്തൂർ, സഹവികാരി ഫാ. കെനേഡിയൻ ഫ്രാൻസിസ് തണ്ടാശ്ശേരി, ജനറൽ കൺവീനർ ഡിബിൻ കണ്ണനായ്ക്കൽ, ഈനാശു തെക്കേക്കര, ബിനു പാലോക്കാരൻ, ലാസർ കവലക്കാട്ട്, സിൽജൻ എലുവത്തിങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

ആഘോഷത്തിന്റെ ഭാഗമായി ഭവനനിർമാണ ചാരിറ്റി ഫണ്ടിലേക്ക് ജനറൽ കൺവീനർ ഡിബിൻ കണ്ണനായ്ക്കൽ ഒരു ലക്ഷം രൂപ കൈമാറി.



ആറ്റത്ര പള്ളിയിലെ തിരുനാളിന്റെ നവനാൾ തിരുർമ്മങ്ങൾക്ക് മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ ദീപം തെളിയിക്കുന്നു.

## ആറ്റത്ര

സെന്റ് ഫ്രാൻസീസ് സേവ്യർ പള്ളിയിലെ സംയുക്ത തിരുനാൾ ആഘോഷിച്ചു. ആർച്ച്ബിഷപ് എമിററ്റസ് മാർ ജേക്കബ് തൂങ്കുഴി, അദിലാബാദ് ബിഷപ് മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ തിരുനാൾ എന്നിവർ തിരുക്കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. വികാരി ഫാ. ബെന്നി കിടങ്ങൻ, ട്രസ്റ്റിമാർ, തിരുനാൾ ആഘോഷ കമ്മിറ്റി ഭാരവാഹികൾ, കുടുംബ സമ്മേളന - ഭക്തസംഘടനാ ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

## കിരാലൂർ

മൗണ്ട് കാർമൽ ദൈവാലയത്തിൽ പരിശുദ്ധ കർമ്മല മാതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ ആഘോഷിച്ചു. വികാരി അഡ്വ.ഫാ. ഫ്രാങ്കോ പുത്തിരി തിരുനാൾകൊടിയേറ്റി. തുടർന്ന് തിരുനാളിന് ഒരുക്കമായി നവനാൾ തിരുക്കർമങ്ങളും ഫാ. സിന്റോ പൊന്തേക്കൻ നയിച്ച സായാഹ്ന ധ്യാനവുമുണ്ടായിരുന്നു. ജനറൽ കൺവീനർ ഇ.ജെ. ജോർജ്, സുപ്പീരിയർ സിസ്റ്റർ സുബിനി, കൈക്കാരന്മാരായ എ.ടി. ഫ്രാൻസിസ്, ടി.വി ജോയ്, ടി.ജെ. ജോഫി എന്നിവർ നേതൃത്വം നൽകി.



കിരാലൂർ ഇടവകയിലെ തിരുനാൾ പ്രദക്ഷിണത്തിൽ നിന്ന്.



പുതുശേരി ഇടവകയിലെ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽ നിന്ന്.




## വല്ലച്ചിറ ഇടവക നവദൈവാലയം ആശിർവദിച്ചു



വല്ലച്ചിറയിൽ പുതിയതായി പണികഴിപ്പിച്ച സെന്റ് തോമസ് ദേവാലയത്തിന്റെ പ്രധാന ബലിപീഠം തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സൈത്ത് പൂശി ആശീർവദിച്ചു.

വല്ലച്ചിറ: 112 വർഷത്തെ പാരമ്പര്യമുള്ള വല്ലച്ചിറ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ ആശിർവാദം ബിഷപ് മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. ഇടവക അതിർത്തിയിൽ നിന്ന് ഇരുചക്രവാഹനങ്ങളുടെ അകമ്പടിയോടെ ബിഷപ്പിനെ ആനയിച്ച് നവദൈവാലയത്തിന്റെ കവാടത്തിൽ ഇടവകജനത്തോടൊപ്പം കൈക്കാരന്മാരായ കെ.എ. ജോൺ, എം.ടി. ജോബി എന്നിവർ ചേർന്ന് സ്വീകരിച്ചു. ശിലാഫലകം അനാച്ഛാദനം ചെയ്ത ശേഷം ബിഷപ് ദൈവാലയം കൂദാശ ചെയ്ത് ദിവ്യബലിയർപ്പിച്ചു. വികാരി ഫാ. ജെൻസ് തട്ടിൽ, ഫാ. ജോൺസൺ കുണ്ടുകുളം, ഫാ. ജിജോ പിടിയത്ത്, മേരിമാതാ മേജർ സെമിനാരി വൈസ് റെക്ടർ ഫാ. സാജൻ പിണ്ടിയൻ എന്നിവർ സഹകാർമികരായിരുന്നു. അതിരൂപത ചാൻസലർ ഫാ. ഡൊമനിക് തലക്കോടൻ മാസ്റ്റർ ഓഫ് സെറിമണിയായും ഫാ. ജിയോമോൻ കല്ലേരി ആർച്ച് ഡീക്കനായും ശുശ്രൂഷകളിൽ പങ്കെടുത്തു. വികാരി ഫാ. ജെൻസ് തട്ടിൽ, ജനറൽ കൺവീനർ കെ.പി. ഫ്രാൻസിസ്, ജോ. ജനറൽ കൺവീനർ ജോൺസൺ പിടിയത്ത്, കൺവീനർമാരായ തൊമ്മി പിടിയത്ത്, കെ.എ. പൊറിഞ്ചു, പി.പി. ജോഷി, റാഫേൽ മൊയലൻ, ബാബു മേച്ചേരിപ്പടി, പി.ടി. ആന്റണി, ഇ.എസ്. ആന്റണി, പി.എ. ദേവസി, പി.ടി. ലോനപ്പൻ, സിസ്റ്റർ ഷീല തോമസ്, സിജോ പിടിയത്ത്, കെ.ഒ. ഈനാശു, പോൾസൺ കുത്തോക്കാരൻ, കൈക്കാരന്മാരായ കെ.എ. ജോൺ, കെ.പി. ഡേവിസ്, എം.ടി. ജോബി എന്നിവർ നേതൃത്വം നൽകി.



പുതുശേരി ഇടവകയിൽ ഷംഷാബാദ് രൂപത ബിഷപ്പ് മാർ റാഫേൽ തട്ടിൽ ആശിർവദിച്ച നവീകരിച്ച കപ്പേള. വികാരി ഫാ. വർഗീസ് പാലത്തിങ്കൽ, കൈക്കാരൻമാരായ ഇ.എ. തോമസ്, എ.കെ. ബിജു, ടി.എ. പോൾ നേതൃത്വം നൽകി.

## പുതുശ്ശേരിയിൽ നവീകരിച്ച സ്കൂൾ കെട്ടിടം ഉദ്ഘാടനം

പുതുശ്ശേരി സെന്റ് ഫ്രാൻസിസ് എൽ. പി സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം എമിരിറ്റസ് മാർ ജേക്കബ് തൂങ്കുഴി നിർവഹിച്ചു. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ് അധ്യക്ഷത വഹിച്ചു. ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ചിത്ര വിനോബാജി, വിമല സി.പി, പ്രമേഷ് കുമാർ, സിറാജ് എം. എസ്, ബിന്ദു, പി.ടി.എ പ്രസിഡണ്ട് ഇസ്മായിൽ എം. പി, ജനറൽ കൺവീനർ വിൻസെന്റ് കാക്കശ്ശേരി, സ്കൂൾ മാനേജർ ഫാ. വർഗ്ഗീസ് പാലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

## മുക്കാട്ടുകര ആദരവും അവാർഡ് ദാനവും



മുക്കാട്ടുകര ഇടവകയിലെ അവാർഡ് ദാന ചടങ്ങ് മേയർ എം.കെ.വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.

മുക്കാട്ടുകര: ഇടവകയിലെ ക്രിസ്ഗോൾഡ് സംഘടനയുടെ നേതൃത്വത്തിൽ വിവാഹസുവർണ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരെ ആദരിച്ചു. മേയർ എം.കെ. വർഗീസ് ഉദ്ഘാടനം ചെയ്തു. മരിയൻ പ്രത്യക്ഷീകരണ സംഭവങ്ങളുടെ ദൃശ്യാവിഷ്കാരത്തിന് നേതൃത്വം നൽകി ബെസ്റ്റ് ഓഫ് ഇന്ത്യ അവാർഡ് നേടിയ ഫാ. പോൾ തേയ്ക്കാനത്ത്, സംസ്ഥാന പിടിഎ പ്രഥമ സംസ്കൃത ഭാഷാധ്യാപക ജൈത്രി സീനി ജോസഫ്, മുതിർന്ന സംഘടന അംഗമായ മേരി ചെറിയാൻ എന്നിവരെയും ആദരിച്ചു. യൂണിറ്റ് പ്രസിഡന്റ് തങ്കമ്മ, അതിരൂപത പ്രസിഡന്റ് എം.പി. ചാക്കുണ്ണി, വാറുണ്ണി മേനാച്ചേരി, ജോർജ് വേലുക്കാരൻ, സി.കെ. സെബിൻ, ഷിജു വർഗീസ്, എലിസബത്ത് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

Printed and Published by Fr. Davis Thekkekara on behalf of Catholicasabha Magazine Fund, Catholic Information Centre, Pastoral Centre, Thrissur- 680 005, and Printed at Rashtra Deepika Ltd, Vadavathoor, Kottayam for Cochin Printech, Eloor, Udyogamandal.P.O, 683501 and Published at Pastoral Centre, Thrissur - 680 005. Managing Editor- Fr. Raphael Akkamattathil.* Editor - Fr. Paul Peramangalath, Marketing Director: Fr.Antony Ammuthan * Responsible for selection of news under PRB Act.